2020 ഓഗസ്റ്റ്
18
ചൊവ്വ 02 ചിങ്ങം 1196

സ്ഥാപകൻ
എം.സി.വർഗീസ്

# മംഗളം

www.mangalam.com

കോട്ടയം . കൊച്ചി . കോഴിക്കോട് . തിരുവനന്തപുരം . തൃശൂർ . ഇടുക്കി . കണ്ണൂർ ● 10 പേജ് ● വില 6.50 രൂപ കൊച്ചി

## ജസ്രംഗി നിലച്ചു



# പണ്ഡിറ്റ് ജസ്രാജ് ഇനി ഓർമ

**വാഷിങ്ടൺ:** ജസ്രംഗി ജുഗൽബന്ദിയുടെ സൃഷ്ടാവ് പണ്ഡിത് ജസ്രാജ്(90) അന്തരിച്ചു. ഹിന്ദുസ്ഥാനി സംഗീതത്തിലെ മാന്ത്രിക പ്രതിഭയായി അറിയപ്പെട്ടിരുന്ന അദ്ദേഹം യുഎസിലെ ന്യൂജഴ്സിയിൽവച്ചാണ് ഹൃദയാഘാതത്തെ തുടർന്ന് അന്തരിച്ചത്. എട്ടു പതിറ്റാണ്ട് നീണ്ട സംഗീതസപര്യയാണ് അവസാനിച്ചത്.

പദ്മശ്രീ, പദ്മഭൂഷൺ, പദ്മവിഭൂഷൺ എന്നീ ബഹുമതികൾ ലഭിച്ചിട്ടുണ്ട്. മാർച്ചിൽ യു.എസ്. സന്ദർശനത്തിനു പോയ അദ്ദേഹം ലോക്ക്ഡൗണിനെ തുടർന്ന് അവിടെ കഴിയുകയായിരുന്നു.

മേവാതി ഖരാനയിലെ അതുല്യ ഗായകനായിരുന്നു ജസ്രാജ്. ഹരിയാനയിലെ ഹിസാറിൽ സംഗീതജ്ഞനായിരുന്ന മോതിറാം പണ്ഡിറ്റിന്റെ മകനായിട്ടാണു ജനനം. ജസ്രാജിനു നാലു വയസുള്ളപ്പോൾ പിതാവ് മരിച്ചു. മൂത്ത ജ്യേഷ്ഠൻ പണ്ഡിറ്റ് മണിറാമിന്റെ സംരക്ഷണയിലാണ് അദ്ദേഹം സംഗീതരംഗത്ത് ഉയർന്നുവന്നത്. ജ്യേഷ്ഠന്റെ സഹായിയാണു തബലവായന തുടങ്ങിയത്.

പിന്നീട് വായ്പാട്ടുകാർക്കു കിട്ടുന്ന ആദരം കണ്ട് തബലയോട് വിടപറഞ്ഞു. അപൂർവ ശബ്ദ സൗകുമാര്യത്തിനുടമയായ ജസ്രാജ്, ബാബാ ശ്യാം മനോഹർ ഗോസ്വാമി മഹാരാജിന്റെ പക്കൽ ഹവേലി സംഗീതത്തിലും ഗവേഷണം നടത്തി. സംഗീത രംഗത്ത് നിരവധി പുതുമകൾ പരീക്ഷിച്ച അദ്ദേഹം ജുഗൽബന്ദി സംഗീതത്തിൽ ഏറെ മാറ്റം കൊണ്ടുവന്നു. ആൺ - പെൺ ഗായകർ ഒരേ സമയം രണ്ടു രാഗാലാപനം നടത്തുന്ന രീതിയിലുള്ള അദ്ദേഹത്തിന്റെ പരീക്ഷണം ആസ്വാദകരെ ആകർഷിച്ചു. സംഗീതാരാധകർ ഇതിനു "ജസ്രംഗി" എന്നു പേരിടുകയും ചെയ്തു.

അദ്ദേഹത്തിന്റെ പേര് കുള്ളൻ ഗ്രഹത്തിനു കൊടുക്കാൻ ഇന്റർനാഷനൽ അസ്ട്രോണമിക്കൽ യൂണിയൻ കഴിഞ്ഞവർഷം തീരുമാനിച്ചതും ശ്രദ്ധ നേടി. ചൊവ്വയ്ക്കും വ്യാഴത്തിനുമിടയിലുള്ള ഭ്രമണപഥത്തിൽ സ്ഥിതി ചെയ്യുന്ന 2006 വിപി 32 എന്ന കുള്ളൻ ഗ്രഹമാണ് പണ്ഡിറ്റ് ജസ്രാജ് എന്ന് അറിയപ്പെടുന്നത്. കേരള സർക്കാർ അദ്ദേഹത്തെ സ്വാതിപുരസ്കാരം നൽകി ആദരിച്ചിട്ടുണ്ട്. ഭാര്യ: മാധുര. മക്കൾ: ഷാരംഗ് ദേവ് പണ്ഡിറ്റ്, ദുർഗ.

പണ്ഡിറ്റ് ജസ്രാജിന്റെ നിര്യാണത്തിൽ രാഷ്ട്രപതി രാംനാഥ് കോവിഡ്, ഉപരാഷ്ട്രപതി എം. വെങ്കയ്യനായിഡു പ്രധാനമന്ത്രി നരേന്ദ്ര മോഡി, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ അനുശോചിച്ചു.

എട്ടു പതിറ്റാണ്ടോളം ഇന്ത്യൻ സംഗീതത്തിന്റെ ശക്തിയായിരുന്നു പണ്ഡിറ്റ് ജസ്രാജെന്ന് രാഷ്ട്രപതി അനുസ്മരിച്ചു. രാജ്യത്തിന്റെ സാംസ്കാരിക മേഖലയിൽ ജസ്രാജിന്റെ നിര്യാണത്തോടെ കനത്ത നഷ്ടമാണുണ്ടായതെന്നു പ്രധാനമന്ത്രി കുറിച്ചു.



# സ്വപ്നയുമൊത്തു ശിവശങ്കർ ഗൾഫ് സന്ദർശിച്ചത് 3 തവണ



**കൊച്ചി:** മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കറും സ്വപ്നയുമൊന്നിച്ചു മൂന്നു തവണ ഗൾഫ് സന്ദർശിച്ചതായി എൻഫോഴ്സ്മെന്റ്. കോടതിയിൽ എൻഫോഴ്സ്മെന്റ് സമർപ്പിച്ച റിമാൻഡ് റിപ്പോർട്ടിലാണു സ്വപ്ന-ശിവശങ്കർ ബന്ധത്തിന്റെ കൂടുതൽ വിവരങ്ങളുള്ളത്.

2017 ഏപ്രിലിൽ ഇരുവരും ഒരുമിച്ചു യു.എ.ഇയിൽ പോയി. 2018 ഏപ്രിലിൽ ശിവശങ്കർ ഒമാനിലുണ്ടായിരുന്നപ്പോൾ സ്വപ്ന ഒമാനിലെത്തി. ഇരുവരും ഒന്നിച്ചുമടങ്ങി. ഇതിനുശേഷമാണു പ്രളയദുരിതാശ്വാസ ഫണ്ട് രൂപീകരണത്തിനായി മുഖ്യമന്ത്രി യു.എ.ഇയിൽ ഔദ്യോഗിക സന്ദർശനം നടത്തിയ സമയത്തു സ്വപ്നയും ശിവശങ്കറും വിദേശത്തെത്തിയത്. വിദേശയാത്രകളുടെ കാര്യം ശിവശങ്കർ ചോദ്യംചെയ്യലിൽ സമ്മതിച്ചെന്നും എൻഫോഴ്സ്മെന്റിന്റെ റിപ്പോർട്ടിൽ പറയുന്നു.

"2019 ഓഗസ്റ്റിൽ സ്വപ്നയും സന്ദീപും സരിത്തും യു.എ.ഇയിൽ സ്വർണം കടത്താൻ ഗൂഢാലോചന നടത്തി. സ്വപ്നയുടെ സ്വർണം കണ്ടെത്തിയ ബാങ്ക് ലോക്കറെടുത്തതു ശിവശങ്കറിന്റെ നിർദേശപ്രകാരമാണ്. ചാർട്ടേർഡ് അക്കൗണ്ടന്റുമായി ചേർന്നാണ് ലോക്കറെടുത്തത്. ലോക്കറിൽ സ്വർണം സൂക്ഷിച്ച വിവരം ശിവശങ്കറിന് അറിയാമായിരുന്നോ എന്നതിൽ കൂടുതൽ അന്വേഷണം വേണം."–എൻഫോഴ്സ്മെന്റ് റിപ്പോർട്ടിൽ പറയുന്നു.

സ്വപ്നയുടെ തിരുവനന്തപുരത്തെ ബാങ്ക് ലോക്കറിൽനിന്ന് അന്വേഷണസംഘം കണ്ടെടുത്തത് ഒരു കിലോ സ്വർണമാണ്. ചാർട്ടേർഡ് അക്കൗണ്ടന്റുമായി ചേർന്ന് ഈ ലോക്കറെടുത്തതു ശിവശങ്കറിന്റെ നിർദേശപ്രകാരമാണെന്നു സ്വപ്ന മൊഴിനൽകിയിട്ടുണ്ട്. അതിനിടെ, സ്വപ്ന, സരിത്, സന്ദീപ് എന്നിവരെ 26 വരെ റിമാൻഡ് ചെയ്തു. ജാമ്യാപേക്ഷ ഇന്നു പരിഗണിക്കും.

# ബാക്കി കമ്മീഷൻ എവിടെ? പിന്നാലെ എൻഫോഴ്സ്മെന്റ്

## ● ശിവശങ്കറിനെയും ലൈഫ് മിഷൻ സി.ഇ.ഒയെയും ചോദ്യംചെയ്യും

■ ജെബി പോൾ/സജിത്ത് പരമേശ്വരൻ
കൊച്ചി/പത്തനംതിട്ട

ലൈഫ് മിഷൻ പദ്ധതിയിൽ സ്വർണക്കടത്തുകേസ് പ്രതി സ്വപ്ന സുരേഷിനു 3.78 കോടി രൂപ കമ്മീഷനെന്നു സൂചന. വിശദമായ അന്വേഷണത്തിന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്. കമ്മീഷന്റെ പങ്ക് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കറിനുണ്ടോയെന്നറിയാൻ കസ്റ്റംസും എൻ.ഐ.എയും അദ്ദേഹത്തെ ചോദ്യംചെയ്യും. ലൈഫ് മിഷൻ സി.ഇ.ഒയെ ചോദ്യംചെയ്യാനുള്ള ചോദ്യാവലി തയാറാക്കുന്നതായി ഇ.ഡി. വൃത്തങ്ങളും.

യൂണിടാക്കിനു കരാർ നൽകിയതിലും കമ്മീഷൻ ഇടപാടിലും സി.ഇ.ഒയ്ക്ക് അറിവുണ്ടെന്ന സ്വപ്നയുടെ മൊഴിയെത്തുടർന്നാണു ചോദ്യംചെയ്യൽ. ഒരു കോടിയാണ് തനിക്കു കിട്ടിയതെന്നും അതാണ് ബാങ്ക്ലോക്കറിൽനിന്നു കണ്ടെത്തിയതെന്നും നേരത്തെ സ്വപ്ന മൊഴി നൽകിയിരുന്നു. എന്നാൽ, സ്വപ്ന കൂടുതൽ തുക കമ്മീഷൻ ആവശ്യപ്പെട്ടെന്നു നിർമാണകമ്പനിയുടെ ഉടമ വെളിപ്പെടുത്തി. ഇതോടെയാണ് ബാക്കി തുക ഏതൊക്കെ ഉന്നതർക്കാണെന്ന കാര്യത്തിലേക്ക് അന്വേഷണം നീങ്ങുന്നത്.വടക്കാഞ്ചേരിയിൽ സർക്കാരിന്റെ രണ്ടേക്കറിൽ 140 ഫ്ളാറ്റ് നിർമ്മിക്കാനായിരുന്നു ലൈഫ് മിഷൻ പദ്ധതി. ഇതിൽ യു.എ.ഇ. സന്നദ്ധസംഘടനയായ എമിററ്റ്സ് റെഡ്ക്രെസന്റ് 20 കോടിയുടെ സഹായം പ്രഖ്യാപിച്ചതോടെ കരാർ ലഭിക്കാൻ യു.എ.ഇ. കോൺസുലേറ്റിന്റെ സഹായം വേണ്ടിവന്നു. ഇതിനാണ് സ്വപ്ന 3.78 കോടി രൂപ കമ്മീഷൻ ആവശ്യപ്പെട്ടത്. ഫ്ളാറ്റിന്റെ കാരാറുകാരനായ സന്തോഷ് ഈപ്പന് ഇരുപത് കോടിയിൽ ആദ്യഗഡുവായി 14 കോടിയാണ് എത്തിയത്. ഇതിൽ കമ്മീഷനായി ഒരു കോടി രൂപ സ്വപ്നയ്ക്കു കൈമാറിയെന്ന് ഇയാൾ സമ്മതിച്ചിരുന്നു. കോൺസുലേറ്റ് ജനറൽ തനിക്കു വീടുവയ്ക്കാൻ നൽകിയതാണ് ഒരു കോടി രൂപയെന്നാണ് സ്വപ്ന എൻ.ഐ.എ. കോടതിയെ ആദ്യം അറിയിച്ചത്. കമ്മീഷൻ കരാറിന്റെ ഭാഗമാണെന്നും രാജ്യാന്തര ഇടപാടുകളിൽ നിശ്ചിത കമ്മീഷനുണ്ടെന്നും അവർ കോടതിയെ അറിയിച്ചു. ഇതു പരിശോധിക്കാൻ ഫ്ളാറ്റ് നിർമ്മാണത്തിന്റെ ധാരണാപത്രം ആവശ്യപ്പെട്ട് ഇ.ഡി. സർക്കാരിനു കത്തു നൽകിയിരിക്കുകയാണ്.




അതിനിടെ, യു.എ.ഇ. കോൺസുലേറ്റിന്റെ അക്കൗണ്ടുകൾ നോക്കിയിരുന്ന സ്വകാര്യബാങ്കിന്റെ ഉദ്യോഗസ്ഥനെ വിരട്ടി സ്വപ്ന 74 ലക്ഷം രൂപയ്ക്ക് ഡോളർ സമാഹരിച്ചെന്ന വിവരവും പുറത്തുവന്നു. ബാങ്കിലെ ഉദ്യോഗസ്ഥൻ തന്നെയാണ് ഇക്കാര്യം എൻ.ഐ.എയോടു പറഞ്ഞത്. ഭീഷണിപ്പെടുത്തിയാണ് സ്വപ്ന അക്കൗണ്ടിലെ പണം ഡോളറാക്കി മാറ്റിയതെന്നും തുല്യമായ തുക ഇന്ത്യൻ കറൻസിയായി യൂണിടാക് ഉന്നതൻ തലസ്ഥാനത്തെ ഹോട്ടലിൽവച്ചു കൈമാറിയെന്നും ഇയാൾ വെളിപ്പെടുത്തി.

കമ്മീഷനിൽ ഒരു പങ്ക് ദുബായിൽവച്ചു ദിർഹമായി നൽകിയെന്നും വെളിപ്പെടുത്തലുകളുണ്ട്. എം. ശിവശങ്കറും സ്വപ്നയും മൂന്നുവട്ടം ഗൾഫ് സന്ദർശനം നടത്തിയ സാഹചര്യത്തിൽ ഇതും അന്വേഷണസംഘം ഗൗരവത്തോടെയാണു കാണുന്നത്.

## ശിവശങ്കർ വഞ്ചകൻ: മന്ത്രി സുധാകരൻ

**തിരുവനന്തപുരം:** മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം.ശിവശങ്കർ വഞ്ചകനെന്നു മന്ത്രി ജി. സുധാകരൻ.

സ്വപ്നയുമായുള്ള സൗഹൃദം അപമാനകരമാണ്. സ്വാതന്ത്ര്യവും വിശ്വാസവും ദുരുപയോഗം ചെയ്ത ശിവശങ്കറിന്റേത് മാപ്പർഹിക്കാത്ത കുറ്റമാണ്. എന്നാൽ, സ്വർണക്കടത്തിൽ ശിവശങ്കരനു പങ്കുണ്ടെന്ന് തെളിഞ്ഞിട്ടില്ല. ശിവശങ്കരൻ സർക്കാരിനോട് വിശ്വാസ വഞ്ചന കാട്ടി അതാണ് സസ്പെൻഷന് കാരണം. ഐ.എ.എസുകാരിൽ ദുർസ്വഭാവക്കാരുണ്ടെന്നും മന്ത്രി പത്രസമ്മേളനത്തിൽ വ്യക്തമാക്കി. മുഖ്യമന്ത്രി അറിഞ്ഞ് കൊണ്ട് ഒരു തെറ്റും ചെയ്തിട്ടില്ല.

ലൈഫ് മിഷൻ പദ്ധതിയുടെ കരാറുകാരിൽനിന്നു സ്വപ്ന പണം വാങ്ങിയതിന് സർക്കാർ എന്ത് പിഴച്ചു? ശിവശങ്കരൻമാരെ സൃഷ്ടിക്കാൻ സമ്മതിക്കില്ല. ആ ദുർഗന്ധം മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് തുടച്ചുമാറ്റി. ഇപ്പോൾ അവിടെയുള്ളത് സുഗന്ധം മാത്രമാണ്. ഞങ്ങൾ ശിവങ്കറിന്റെയും സ്വപ്നമാരുടെയും ആരാധകരല്ല. ഐ.എ.എസുകാർ പറയുന്നിടത്ത് ഒപ്പിടാനല്ല ഇരിക്കുന്നത്. രാമായണ മാസത്തിന്റെ അർത്ഥം തന്നെ ഇതിനെതിരാണ്. അങ്ങനെയിരിക്കെ രാമായണമാസത്തിൽ പോലും പ്രതിപക്ഷം പിണറായിയെ വേട്ടയാടുകയായിരുന്നു– മന്ത്രി ആരോപിച്ചു.

## നീറ്റ്, ജെ.ഇ.ഇ. പരീക്ഷ മാറ്റില്ല, വിദ്യാർഥികളുടെ ഭാവി പരിഗണിച്ചെന്നു കോടതി

**ന്യൂഡൽഹി:** അടുത്തമാസം നടത്താൻ നിശ്ചയിച്ചിരിക്കുന്ന നീറ്റ്, ജെ.ഇ.ഇ. പരീക്ഷകൾ മാറ്റിവയ്ക്കണമെന്ന ആവശ്യം സുപ്രീം കോടതി തള്ളി. പരീക്ഷ മാറ്റിയാൽ വിദ്യാർഥികളുടെ ഭാവി അപകടത്തിലാകുമെന്നു കാട്ടിയാണു ജസ്റ്റിസ് അരുൺ മിശ്ര അധ്യക്ഷനായ ബെഞ്ച് ഹർജികൾ തള്ളിയത്.

കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ പരീക്ഷ മാറ്റിവയ്ക്കണമെന്നായിരുന്നു ആവശ്യം. ഓഗസ്റ്റ് ആറിനാണ് 11 സംസ്ഥാനങ്ങളിൽനിന്നുള്ള 11 വിദ്യാർഥികൾ കോടതിയെ സമീപിച്ചത്. പരീക്ഷാ കേന്ദ്രങ്ങളുടെ എണ്ണം കൂട്ടണമെന്നും വിദ്യാർഥികൾ ആവശ്യപ്പെട്ടിരുന്നു. അടുത്ത മാസം ഒന്നു മുതൽ ആറ് വരെ ജെ.ഇ.ഇ. മെയിൻ പരീക്ഷകൾ നടത്താനാണു നിലവിലുള്ള തീരുമാനം. മെഡിക്കൽ പ്രവേശനപരീക്ഷയായ നീറ്റ് അടുത്തമാസം 13 നടത്താനാണു തീരുമാനം.






● മുളന്തുരുത്തി മാർത്തോമൻ കത്തീഡ്രൽ ഏറ്റെടുക്കുന്നതിൽ പ്രതിഷേധിച്ച് പള്ളിക്കകത്ത് പ്രാർഥനായജ്ഞം നടത്തുന്നതിനിടയിൽ സഖറിയാസ് മോർ പോളികോർപ്പോസ് മെത്രാപോലീത്തയെ പോലിസ് വലിച്ചിഴച്ച് കൊണ്ടുപോകുന്നു

# മുളന്തുരുത്തി മാർത്തോമൻ കത്തീഡ്രൽ ജില്ലാഭരണകൂടം ഏറ്റെടുത്തു

**മുളന്തുരുത്തി:** സഭാതർക്കം നിലനിൽക്കുന്ന മുളന്തുരുത്തി മാർതോമൻ കത്തീഡ്രൽ ജില്ലാ ഭരണകൂടം ഏറ്റെടുത്തു. ഇന്നലെ പുലർച്ചെ അഞ്ചിന് സബ് കലക്ടർ സ്നേഹിൽകുമാർ സിംഗിന്റെ നേതൃത്വത്തിൽ എത്തിയ പോലീസ് സംഘമാണ് പള്ളി ഏറ്റെടുത്തത്.

ഈ മാസം 17 നകം പള്ളി ജില്ലാ ഭരണകൂടം ഏറ്റെടുക്കണമെന്ന ഹൈക്കോടതി ഉത്തരവ് ഇന്നലെ അവസാനിക്കുന്ന സാഹചര്യത്തിലാണു ജില്ല ഭരണകൂടത്തിന്റെ കടുത്ത നടപടി.

മൂന്ന് ദിവസമായി യാക്കോബായ സഭ വിശ്വാസികളുടെ നേതൃത്വത്തിൽ പള്ളിക്ക് മുന്നിൽ പ്രാർഥനയജ്ഞം നടത്തിവരികയായിരുന്നു. പള്ളി ഏറ്റെടുക്കാൻ പോലീസ് എത്തുമെന്ന് അഭ്യൂഹം പരന്നതോടെ വിശ്വാസികൾ പള്ളിയിലേക്ക് എത്തിച്ചേർന്നു.

രാത്രി മുഴുവൻ പ്രാർഥയിൽ കഴിഞ്ഞിരുന്ന വിശ്വാസികളെ ലാത്തി ചാർജിലൂടെ പോലീസ് ബലം പ്രയോഗിച്ച് നീക്കിയാണു പള്ളിയുടെ നിയന്ത്രണം ഏറ്റെടുത്തത്. അർധരാത്രിയോടെ നടക്കാവ് ഹൈവേയുടെ പള്ളിത്താഴം മുതൽ കരവട്ടെക്കുരിശ് വരെയുള്ള റോഡ് ബാരിക്കേട് വച്ച് അടച്ചു.

പിന്നീട് പുലർച്ചെ അഞ്ചിന് സബ് കലക്ടർ എത്തി പള്ളി ഏറ്റെടുക്കുന്ന കാര്യം മെത്രാപ്പോലീത്തൻ ട്രസ്റ്റി ജോസഫ് മോർ ഗ്രീഗോറിയോസ്, സഭാ വക്താവ് കുര്യാക്കോസ് മോർ തെയോഫിലോസ് എന്നി മെത്രാപ്പോലീത്തമാരെ അറിയിച്ചു. ഇതിനു വഴങ്ങാതെ വന്നതോടെ പള്ളിയുടെ ഗേറ്റ് പൊളിച്ച് പോലീസ് അകത്തേക്ക് കടന്നു. ഉപവാസ പ്രാർഥനായജ്ഞം തുടരുന്ന

● ഓണക്കൂർ സെഹിയോൻ പള്ളിയും യാക്കോബായ സഭയ്ക്ക് നഷ്ടമായി ● പേജ് ... 5

● സഖറിയാസ് മോർ പോളികാർപോസിനെ പോലീസ് വലിച്ചിഴച്ചു ... പേജ് 5




● സമ്പർക്കം 1572
● രോഗമുക്തി 1131

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്നലെ 1725 പേർക്കു കോവിഡ് സ്ഥിരീകരിച്ചു. 13 പേർ കൂടി മരിച്ചു. ഇതോടെ ആകെ മരണം 169 ആയി.

1572 പേർക്കു സമ്പർക്കത്തിലൂടെയാണു രോഗം ബാധിച്ചത്. 94 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 45 പേർ വിദേശത്തുനിന്നും 75 പേർ മറ്റു സംസ്ഥാനങ്ങളിൽനിന്നും വന്നവരാണ്. 31 പേർ ആരോഗ്യപ്രവർത്തകരും.

1131 പേർ രോഗമുക്തരായി. കണ്ണൂർ പൈസക്കരി സ്വദേശി വർഗീസ് (90), ആലപ്പുഴ സ്വദേശി കെ.ജി. ചന്ദ്രൻ (75), കോഴിക്കോട് പോക്കുന്ന് സ്വദേശി ബിച്ചു (69), കാസർഗോഡ് വോർക്കാടി സ്വദേശിനി അസ്മ (38), കാസർഗോഡ് മഞ്ചേശ്വരം സ്വദേശി അബ്ബാസ് (55), തിരുവനന്തപുരം മുട്ടട സ്വദേശി കുര്യൻ ടൈറ്റസ് (42), മലപ്പുറം പുളിപ്പറമ്പ് സ്വദേശി ബിചാവ ഹാജി (65), തിരുവനന്തപുരം പാറശാല സ്വദേശി സെൽവരാജ് (58), കാസർഗോഡ് ബേക്കൽ സ്വദേശി രമേശൻ (47), ആലപ്പുഴ വിയ്യപുരം സ്വദേശിനി രാജം എസ്. പിള്ള (76), കാസർഗോഡ് മഞ്ചേശ്വരം സ്വദേശിനി മറിയാമ്മ (75), കാസർഗോഡ് ഉപ്പള സ്വദേശിനി റിസ ഫാത്തിമ (ഏഴുമാസം), തിരുവനന്തപുരം പൂന്തുറ സ്വദേശിനി സിലുവാമ്മ (75) എന്നിവരുടെ മരണം കോവിഡ് മൂലമാണെന്നു സ്ഥിരീകരിച്ചു. തിരുവനന്തപുരം– 461, മലപ്പുറം– 306, തൃശൂർ– 156, ആലപ്പുഴ– 139, പാലക്കാട്– 137, എറണാകുളം– 129, കാസർഗോഡ്– 97, കോട്ടയം– 89, കണ്ണൂർ– 77, കൊല്ലം– 48, കോഴിക്കോട്– 46, ഇടുക്കി– 23, വയനാട്– 15, പത്തനംതിട്ട– രണ്ട് എന്നിങ്ങനെയാണു രോഗം സ്ഥിരീകരിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ.




**താപനില**

തിരുവനന്തപുരം (30 കൂടിയത്) (26 കുറഞ്ഞത്) ആലപ്പുഴ (29 കൂടിയത്) (26 കുറഞ്ഞത്) ഇടുക്കി (27 കൂടിയത്) (21 കുറഞ്ഞത്) കൊച്ചി (29 കൂടിയത്) (26 കുറഞ്ഞത്) കോഴിക്കോട് (28 കൂടിയത്) (24 കുറഞ്ഞത്)

# മുസിരിസ് ബോട്ട് ജെട്ടി ഉദ്ഘാടനം ചെയ്തു

**വൈപ്പിൻ:** പള്ളിപ്പുറം കോട്ടക്ക് മുന്നിലായി കൊച്ചി -കോട്ടപ്പുറം ദേശീയ ജലപാതയിൽ മുസിരിസ് പ്രോജക്ട് നിർമ്മിച്ച ബോട്ട് ജെട്ടി എസ്. ശർമ്മ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. 43 ലക്ഷം രൂപ ചെലവാക്കിയാണ് ജെട്ടി നിർമ്മിച്ചത്.

കോട്ടയിൽ കോവിലകം, പാലിയം കൊട്ടാരം, പറവൂർ സിനഗോഗ്, ചെറായി സഹോദരൻ സ്മാരകം, കോട്ടപ്പുറം, അഴീക്കോട് മാർത്തോമാപള്ളി, കൃഷ്ണൻ കോട്ട എന്നീ പൈതൃക ചരിത്ര സ്മാരകങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള മുസിരിസ് ജലപാത സഞ്ചാരപഥത്തിലുള്ളതാണ് പള്ളിപ്പുറം കോട്ട.

കോട്ട കൂടാതെ മുനമ്പം അങ്ങാടി, മുനമ്പം ഗവ. ആശുപത്രി, മുനമ്പം പൊലീസ് സ്റ്റേഷൻ എന്നിവയുടെ സാമീപ്യവും ഈ ജെട്ടിക്കുണ്ട്.ജെട്ടിയിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ. കെ.കെ. ജോഷി, മുസരിസ പ്രോജക്ട് മാനേജിംഗ് ഡയറക്ടർ പി.എം. നൗഷാദ്, ഇറിഗേഷൻ ഡിവിഷൻ എക്സി. എഞ്ചിനീയർ ബി. അബ്ബാസ്, മുസിരിസ് കോ-ഓർഡിനേറ്റർ എം.കെ. ജോസഫ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പി.വി. ലൂയിസ്, മേരിഷൈൻ എന്നിവർ പ്രസംഗിച്ചു.



▪ പള്ളിപ്പുറം കോട്ടക്ക് മുന്നിലായി കൊച്ചി -കോട്ടപ്പുറം ദേശീയ ജലപാതയിൽ മുസിരിസ് പ്രോജക്ട് 43 ലക്ഷം രൂപ ചെലവാക്കി നിർമിച്ച ബോട്ട് ജെട്ടി എസ്. ശർമ്മ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.

# കടൽഭിത്തി നിർമാണത്തിന് അയ്യായിരം ചാക്കുകൾ നൽകി

**അങ്കമാലി:** അങ്കമാലി മർച്ചന്റ്സ് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ സഹൃദയ വെൽഫെയർ സൊസൈറ്റിയുമായി സഹകരിച്ച് ചെല്ലാനത്ത് കടൽ ക്ഷോഭം മൂലം ദുരിതമനുഭവിക്കുന്ന പ്രദേശവാസികൾക്ക് മണൽ ചാക്ക് കൊണ്ട് കടൽ ഭിത്തി നിർമ്മിക്കുന്നതിന് ആവശ്യമായ 5000 ചാക്കുകൾ വിതരണം ചെയ്തു. സംഘടനയിലെ അംഗങ്ങളായ വ്യാപാരികളിൽ നിന്നും സൗജന്യമായാണ് ഈ ചാക്കുകൾ ശേഖരിച്ചത്.

മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് എൻ.വി. പോളച്ചൻ അധ്യക്ഷത വഹിച്ചു. എം.എൽ. എ . റോജി .എം. ജോൺ പ്ലാസ്റ്റിക്ക് ചാക്ക്ചലഞ്ച് വാഹനം ഫ്ലാഗ് ഓഫ് ചെയ്ത് പദ്ധതി ഉത്ഘാടനം ചെയ്തു.

മുൻ മന്ത്രി ജോസ് തെറ്റയിൽ, സഹൃദയ ഡയറക്ടർ ഫാ.ജോസ് കൊളത്തു വേലിൽ, അസി.ഡയറക്ടർ ഫാ. ജിനോ ഭരണികുളങ്ങര, അസോസിയേഷൻ ഭാരവാഹികളായ ഡാന്റി ജോസ്, തോമാസ് കുര്യാക്കോസ്, പി.ഒ. ആന്റോ , സി.ഡി. ചെറിയാൻ , ഡെന്നി പോൾ , എം.ഒ. മാർട്ടിൻ, ജില്ലാ സെക്രട്ടറി സനൂജ് സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു.




▪ അങ്കമാലി മർച്ചന്റ്സ് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ സഹൃദയ വെൽഫെയർ സൊസൈറ്റിയുമായി സഹകരിച്ച് ചെല്ലാനത്ത് കടൽഭിത്തി നിർമിക്കുന്നതിന് ആവശ്യമായ 5000 ചാക്കുകൾ വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം റോജി എം.ജോൺ എം.എൽ.എ.നിർവഹിയ്ക്കുന്നു.

## വൈദ്യുതി മുടങ്ങും

**വൈപ്പിൻ:** എച്ച്.ടി ലൈനിലെ മരച്ചില്ലകൾ വെട്ടിമാറ്റുന്നതുമായി ബന്ധപ്പെട്ട് ചൊവ്വാഴ്ച രാവിലെ 8 മുതൽ വൈകീട്ട് 4 വരെ ചെറായി രക് തേശ്വരി ബീച്ച് റോഡിലും രക് തേശ്വരി ബീച്ച് മുതൽ മുനമ്പം ബീച്ച് വരെയും വൈദ്യുതി മുടങ്ങും.

● **പറവൂർ:** മന്നം കെ.എസ്.ഇ.ബി പരിധിയിൽ ചിറ്റമനപ്പള്ളം, പുറപ്പിള്ളിക്കാവ്, നാറാണത്ത് എന്നീ സ്ഥലങ്ങളിൽ ഇന്നു രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെ വൈദ്യുതി മുടങ്ങും.

## ബസ് സർവീസ് പുനരാരംഭിക്കണം

**വരാപ്പുഴ:** കോവിഡിനെ തുടർന്ന് മുടങ്ങിയ ആലുവ-വരാപ്പുഴ റൂട്ടിലെ ബസ് സർവീസ് പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ഉയർന്നു. ബസ് സർവീസ് നിലച്ചതിനാൽ നൂറുകണക്കിന് തൊഴിലാളികൾ ബുദ്ധിമുട്ടനുഭവിക്കുകയാണ്. ആലങ്ങാട്, കടുങ്ങല്ലൂർ പഞ്ചായത്ത് പ്രദേശവും ആലുവയും കോവിഡിന് തുടർന്ന് വഴിയടച്ചപ്പോഴാണ് ബസ് സർവീസ് നിലച്ചത്. ഇപ്പോൾ ഈ പ്രദേശങ്ങൾ സാധാരണ നിലയിലാണ്. എന്നാൽ ബസ് സർവീസുകൾ പുനരാരംഭിച്ചിട്ടില്ല. ബസ് സർവീസുകൾ ഉടൻ പുനരാരംഭിക്കണമെന്ന് യാത്രക്കാർ ആവശ്യപ്പെട്ടു.

## പെൻഷൻ വിതരണം

**വൈപ്പിൻ:** പള്ളിപ്പുറം സർവീസ് സഹകരണ ബാങ്ക് 75 വയസ് കഴിഞ്ഞ അംഗങ്ങൾക്ക് നൽകുന്ന സാന്ത്വനം പെൻഷൻ വിതരണോദ്ഘാടനം 21 ഉച്ചക്ക് 3 ന് ബാങ്ക് ഹെഡ് ഓഫീസിൽ വെച്ച് ബാങ്ക് പ്രസിഡന്റ് അഡ്വ : കെ .വി .എബ്രഹാം നിർവഹിക്കും. .പെൻഷൻ എല്ലാവരുടെയും വീടുകളിൽ ഓണത്തിന് മുമ്പ് എത്തിക്കുന്നതാണ് .ബാങ്കിന്റെ ബ്രാഞ്ചുകളിൽ നിന്ന് പെൻഷൻ വിതരണം ഉണ്ടായിരിക്കുന്നതല്ലായെന്ന് സെക്രട്ടി അജയകുമാർ അറിയിച്ചു.

● **പറവൂർ:** 137-ാം നമ്പർ വടക്കേക്കര സർവീസ് സഹകരണ ബാങ്കിലെ 70 കഴിഞ്ഞ അംഗങ്ങൾക്ക് നൽകി വരുന്ന പെൻഷന്റെ വിതരണം 22 വരെ അതത് വാർഡുകളിൽ നടക്കും.. അർഹരായവർ ബാങ്കിന്റെ പെൻഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുമായി എത്തി വാങ്ങണമെന്ന് പ്രസിഡണ്ട് ആർ കെ സന്തോഷ് അറിയിച്ചു.

## അപേക്ഷ ക്ഷണിച്ചു

**വൈപ്പിൻ:**കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരും 2019- 20 അധ്യയന വർഷം 10, 12 ക്ലാസ്സുകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചവരുമായ വിദ്യാർഥികൾക്ക് വിദ്യാഭ്യാസ പുരസ്കാരത്തിനായി അപേക്ഷ ക്ഷണിച്ചു. നിർദിഷ്ട ഫോറത്തിൽ അപേക്ഷയോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോ, മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ 25 നകം സമർപ്പിക്കേണ്ടതാണെന്ന് സെക്രട്ടറി അറിയിച്ചു.

# മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് ഉപവാസ സമരം സംഘടിപ്പിച്ചു

**അങ്കമാലി:** സ്വർണ്ണക്കള്ളക്കടത്തിന് കൂട്ട് നിന്ന പിണറായി വിജയൻ മുഖ്യമന്ത്രി സ്ഥാനം രാജി വയ്ക്കണമെന്നാവശ്യപ്പെട്ട് മൂക്കന്നൂർ മണ്ഡലം കോൺഗ്രസ്സ് (ഐ) കമ്മിറ്റിയുടെ നേതൃത്വത്തിൽ പാലാ കവലയിൽ ഉപവാസ സമരം സംഘടിപ്പിച്ചു.

മണ്ഡലം കോൺഗ്രസ്സ് (ഐ) കമ്മിറ്റി പ്രസിഡന്റ് ഏല്യാസ് കെ.തരിയനെ ഷാൾ അണിയിച്ച് റോജി എം.ജോൺ എം.എൽ.എ ഉപവാസ സമരം ഉദ്ഘാടനം ചെയ്തു. മുൻ എം.എൽ.എ. പി.ജെ ജോയി മുഖ്യപ്രഭാഷണം നടത്തി.

ഡി.സി.സി ജനറൽ സെക്രട്ടറിമാരായ കെ.പി ബേബി, ഷൈജോ പറമ്പി, എ.ഐ.സി.സി. അംഗം കെ.ടി.ബെന്നി, കോൺഗ്രസ്സ് (ഐ) ബ്ലോക്ക് പ്രസിഡന്റുമാരായ അഡ്വ.കെ.എസ്. ഷാജി, ,സാംസൺ ചാക്കോ, മുൻ മണ്ഡലം പ്രസിഡന്റ് ടി.എം. വർഗ്ഗീസ്, പഞ്ചായത്ത് പ്രസിഡന്റ് ജയ രാധാകൃഷ്ണൻ, പാർട്ടി നേതാക്കളായ ജോസ് മാടശ്ശേരി, എം.പി ഗീവർഗീസ്, കെ.വി.ബിബീഷ്, ജോസഫ് അട്ടാറ, പി.എൽ. ഡേവിസ്, പോൾ പി. ജോസഫ്, പി.എൽ. പോളച്ചൻ, ബിജു പാലാട്ടി, ഗ്രേസ്സി റാഫേൽ, ജിഷ ജോജി, പി.വി. വർഗീസ്, സ്വപ്ന ജോയി, ഡെയ്സി ഉറുമീസ്, ബീന ജോൺസൺ തുടങ്ങിയവർ പ്രസംഗിച്ചു.

● **നെടുമ്പാശ്ശേരി:** സ്വർണക്കള്ളക്കടത്തിനും മറ്റ് സർക്കാർ അഴിമതികൾക്കും കൂട്ടുനിന്ന മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെക്കണമെന്നാവശ്യപ്പെട്ട് ചെങ്ങമനാട് മണ്ഡലം കോൺഗ്രസ് കമ്മിറ്റി നേതൃത്വത്തിൽ ദേശം കുന്നുംപുറത്ത് ഉപവാസ സമരം സംഘടിപ്പിച്ചു.

അൻവർസാദത്ത് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് പി.എം.എ. ഷരീഫ് ഹാജി അധ്യക്ഷത വഹിച്ചു.

ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് പി.വൈ വർഗീസ്, ഡി.സി.സി ജനറൽ സെക്രട്ടറി എം.ജെ ജോമി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ദിലീപ് കപ്രശ്ശേരി, നേതാക്കളായ പി.ബി സുനീർ, നൗഷാദ് പാറപ്പുറം, ശശി തോമസ്, സലിം മടത്തിമൂല, എ.ആർ. അമൽരാജ്, ജെർളി കപ്രശ്ശേരി, രാജേഷ് മടത്തിമൂല, എ.എ അബ്ദുൽ റഷീദ്, ഷംസു പുറയാർ, ഷിജോ തച്ചപ്പിള്ളി, സെബ മുഹമ്മദലി, തങ്കപ്പൻ കുന്നുംപുറം, എന്നിവർ സംസാരിച്ചു.

● **അങ്കമാലി:** കറുകുറ്റി മണ്ഡലം കോൺഗ്രസ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ രാജി വെയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മണ്ഡലം പ്രസിഡന്റ് സി. പി.സെബാസ്റ്റ്യൻ സത്യാഗ്രഹം അനുഷ്ടിച്ചു.

അഴിമതിയിലും സ്വർണ്ണകള്ളക്കടത്തിലും ആരോപണ വിധേയനായ മുഖ്യമന്ത്രി പിണറായി വിജയൻ രാജി വെയ്ക്കണമെന്ന് ആവശ്യപ്പെട്ടു സംസ്ഥാന തലത്തിൽ മണ്ഡലം കമ്മിറ്റികൾ നടത്തുന്ന സമരത്തിന്റെ ഭാഗമായിട്ടാണ് സത്യാഗ്രം നടത്തിയത്.

സത്യാഗ്രഹ സമരം റോജി.എം.ജോൺ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

യോഗത്തിൽ ബ്ലോക്ക് കോൺഗ്രസ്സ് പ്രസിഡന്റ് കെ.എസ്.ഷാജി, ഡി.സി.സി. ജനറൽ സെക്രട്ടറി ഷൈജോ പറമ്പി, മണ്ഡലം ബ്ലോക്ക് കോൺഗ്രസ് വൈസ് പ്രസിഡന്റ് കെ.പി.പോളി, പഞ്ചായത്ത് പ്രസിഡന്റ് ഷാജു വി.തെക്കേക്കര, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ.പി.അയ്യപ്പൻ,കെ.കെ.അരുൺ കുമാർ, ഷൈനി ജോർജ്ജ്, ജോമോൻ ജോർജ്ജ്, വി.എസ്.ശ്രീവത്സൻ, ലതിക ശശികുമാർ, ബാബുസാനി, ബാബു മണിയൻകുഴി, എൻ.വി.പോളി, കുഞ്ഞമ്മ ജേക്കബ്, ഷൈബി പോളി എന്നിവർ പ്രസംഗിച്ചു.




▪ സ്വർണക്കള്ളക്കടത്തിനും മറ്റും കൂട്ടുനിന്ന മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെക്കണമെന്നാവശ്യപ്പെട്ട് ചെങ്ങമനാട് മണ്ഡലം കോൺഗ്രസ് കമ്മിറ്റി നേതൃത്വത്തിൽ ദേശം കുന്നുംപുറത്ത് സംഘടിപ്പിച്ച ഉപരോധം അൻവർസാദത്ത് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.



▪ മണ്ഡലം കോൺഗ്രസ്സ് (ഐ) കമ്മിറ്റിയുടെ നേതൃത്വത്തിൽ മൂക്കന്നൂർ പാലാ കവലയിൽ നടന്ന ഉപവാസ സമരം മണ്ഡലം പ്രസിഡന്റ് ഏല്യാസ് കെ.തരിയനെ ഷാളണിയിച്ച് റോജി എം.ജോൺ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.



▪ കറുകുറ്റി മണ്ഡലം കോൺഗ്രസ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ രാജി വെയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മണ്ഡലം പ്രസിഡന്റ് സി.പി.സെബാസ്റ്റ്യൻ നടത്തുന്ന സത്യാഗ്രഹ സമരം റോജി എം.ജോൺ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.

# കുടിവെള്ളക്ഷാമം രൂക്ഷം

**വൈപ്പിൻ:** പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ചെറായി 7-ാം വാർഡിൽ കുടിവെള്ളക്ഷാമം രൂക്ഷം.

വാർഡിന്റെ വടക്കേഭാഗത്ത് മാരായിത്തോട്-തൃക്കടക്കാപ്പിള്ളി റോഡിൽ നിന്ന് കിഴക്കോട്ടുള്ള പുഴക്കരേടത്ത് റോഡ് ഭാഗങ്ങളിലും ഉദയ അംഗൻവാടി ലൈനിലും സഹോദരഭവനം റോഡ് അവസാനഭാഗങ്ങളിലും മാസങ്ങളായി കുടിവെള്ളം ലഭിക്കുന്നില്ല. ഈ ഭാഗങ്ങളിലുള്ളവർ വളരെ അകലെയുള്ള പൊതുടാപ്പുകളിൽ നിന്നും വെള്ളം പിടിച്ച് വാഹനങ്ങൾ വഴിയാണ് വീടുകളിൽ വെള്ളം എത്തിക്കുന്നത്. ഇക്കാര്യം പരിസരവാസികൾ പലവട്ടം പറവൂർ ജല അതോറിറ്റിയിൽ പരാതിപ്പെട്ടിട്ടും ഫലമുണ്ടായിട്ടില്ലെന്ന് സി.പി.എം. സഹോദരഭവനം ബ്രാഞ്ച് സെക്രട്ടറി കെ.കെ. പുഷ്കരൻ ചൂണ്ടിക്കാട്ടി. പരാതിയുമായി ചെല്ലുമ്പോൾ പൈപ്പ് ലൈനിലെ തകരാർ മൂലമായിരിക്കണം ഈ ഭാഗങ്ങളിൽ വെള്ളമെത്താത്തതെന്നും വൈപ്പിൻ മേഖലയിലെ ലൈനിലെ അറ്റകുറ്റപ്പണികൾ നടത്തേണ്ടത്.

മാലിപ്പുറം സെക്ഷന്റെ ചുമതലയാണെന്നും തങ്ങൾക്ക് ലഭിക്കുന്ന പരാതികൾ മാലിപ്പുറത്തേക്ക് കൈമാറിയിട്ടുണ്ടെന്നും പറവൂർ ജല അതോറിറ്റി അധികൃതർ വ്യക്തമാക്കുന്നു.

## കരട് വോട്ടർ പട്ടിക

**വൈപ്പിൻ:** കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 2020ലെ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. പേര് ചേർക്കുന്നതിനുള്ള അപേക്ഷ ഓൺലൈനായി ആഗസ്റ്റ് 26 നകം സമർപ്പിക്കേണ്ടതാണ്. ആക്ഷേപം ഉണ്ടെങ്കിൽ ആയത് നിർദിഷ്ട ഫോറത്തിൽ സമർപ്പിക്കേണ്ടതാണെന്നും സെക്രട്ടറി അറിയിച്ചു.

## ആവശ്യപെട്ടു

**അങ്കമാലി:** യുവ കർഷകൻ പി.പി. മത്തായിയുടെ വിധവയ്ക്ക് സർക്കാർ ജോലിയും അർഹമായ സാമ്പത്തിക സഹായവും ഉടൻ കൊടുക്കണമെന്ന് ഓൾ ഇന്ത്യ ക്രിസ്ത്യൻ അസോസിയേഷൻ ആവിശ്യപെട്ടു. ഐക്ക ചെയർമാൻ ബിന്നി യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫാ. ജോസ് കരിക്കം, ഗ്രിഗറി വൈഫമം, ചന്ദ്ര ബോസ് എന്നിവർ പ്രസംഗിച്ചു.

പത്രപ്രവർത്തകൻ ബഷീർ ആക്സിഡന്റിൽ മരിച്ചത് ഒരു ഐ.എ. എസ്. ഉദ്യോഗസ്ഥൻ രാത്രിയിൽ മദ്യപിച്ചു ഓടിച്ച വാഹനം ഇടിച്ചായിരുന്നു.

അപകട മരണമായിട്ടു കൂടി സർക്കാർ ബഷീറിന്റെ വിധവയ്ക്ക് ജോലി കൊടുത്തു.ഇവിടെ അധികാരദുർവിനിയോഗം നടത്തി യൂണിഫോമിൽ സർക്കാർ ജീവനക്കാർ നടത്തിയ കൊലപാതകത്തിന് തുല്യമായ സംഭവത്തിൽ സർക്കാരിന് കൂടുതൽ ഉത്തരവാദിത്തം ഉണ്ടെന്നും യോഗം ചൂണ്ടിക്കാട്ടി.



▪ മികച്ച പരിസ്ഥിതി പ്രവർത്തകനുള്ള ഉപ ജില്ലാ പുരസ്കാരം നേടിയ പെരുമ്പടന്ന ഗവ എൽ.പി.എസിലെ അധ്യാപകൻ അബ്രഹാം ജർവിന് വാർഡ് കൗൺസിലർ ഷൈദ റോയ് പുരസ്കാരം നൽകുന്നു

## റെയിൽവെയിലെ ഒഴിവുകൾ നികത്തണം

പറവൂർ : പട്ടികജാതി പട്ടിക വർഗ വിഭാഗക്കാർക്കായി ഒഴിഞ്ഞു കിടക്കുന്ന സംവരണ തസ്തികകളിൽ ഉടൻ നിയമനം നടത്തണമെന്ന് ആവശ്യം. ഈ വിഭാഗങ്ങളെ കേന്ദ്ര സർക്കാർ അവഗണിക്കുകയാണെന്ന് ആദി ദ്രാവിഡ സഭ സെക്രട്ടറി കെ.സോമൻ പരാതിപ്പെട്ടു.

നിലവിൽ ഈ വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള തസ്തികകളിലേക്ക് 2018 ൽ അപേക്ഷ സമർപ്പിച്ച്പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധികരിച്ചിട്ടും ഇതുവരെയും നിയമനം നടന്നട്ടില്ലെന്ന് ആദി ദ്രാവിഡ സാംസ്കാരികസഭ സംസ്ഥാന ജനറൽ സെക്രട്ടറി രാജൻ പടനിലത്തും മദ്ധ്യ മേഖല സെക്രട്ടറി കെ സോമനും ആരോപിച്ചു.

ഏകദേശം 169 ഓളം ഒഴിവുകളിൽ പട്ടികജാതിക്ക് 26 ഉം പട്ടിക വർഗത്തിന് 35 ഉം ഒഴിവുകളാണ് ഉള്ളത്.

ഈ തസ്തികകളിലേക്കുള്ള നിയമനം ലഭിക്കാതെ ഉദ്യോഗാർത്ഥികൾ വലയുകയാണ്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള തൊഴിൽ മേഖകളിൽ എസ് സി എസ് ടി വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള തസ്തികകൾ എത്രയും വേഗം നികത്തുവാൻ കേന്ദ്ര സർക്കാർ തയ്യാറകണമെന്ന് സഭാ നേതാക്കൾ പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട പരാതി പ്രധാനമന്ത്രിയുടേയും കേന്ദ്ര പട്ടികജാതി പട്ടികവർഗ വകുപ്പുമന്ത്രിക്കും അയച്ചു.

# നിറപുത്തരി ആഘോഷിച്ചു

**വൈപ്പിൻ:** ചെറായി വി.വി.സഭ വക ശ്രീ വലിയവീട്ടിൽ കുന്ന് ഭഗവതി ക്ഷേത്രത്തിൽ നടന്ന നിറപുത്തിരി ആഘോഷം ഭക്തി സാന്ദ്രമായി. മേൽശാന്തി പ്രവീണിന്റെ മുഖ്യകാർമികത്വത്തിലായിരുന്നു ചടങ്ങ്. ഭഗവാന് സമർപ്പിക്കാനുള്ള നെൽകതിരുകളും മറ്റും പ്രദക്ഷിണമായി ശ്രീകോവിലിലേക്ക് കൊണ്ടു വന്നു. തുടർന്ന് പൂജാ കർമ്മങ്ങൾക്ക് ശേഷം ഭക്തർക്ക് പ്രസാദമായി നെൽക്കതിരുകൾ നൽകി.

ഇത് വീടുകളിൽ സൂക്ഷിച്ചാൽ ഒരു വർഷക്കാലം ഐശ്വര്യവും അഭിവൃദ്ധിയും നിലനൽക്കുമെന്നാണ് ഐതിഹ്യം.ചടങ്ങുകൾക്ക് വി.വി.സഭ പ്രസിഡന്റ് ഇ.കെ.ഭാഗ്യനാഥൻ, സെക്രട്ടി.എ.എ മുരുകാനന്ദൻ, ദേവസ്വംമാനേജർ ഗോപി പനക്കൽ,മാനേജർ ജോഷി തുടങ്ങിയവർ നേതൃത്വം നൽകി.



▪ ചെറായി വലിയവീട്ടിൽ കുന്ന് ഭഗവതി ക്ഷേത്രത്തിൽ നിറപുത്തരി ആഘോഷത്തോടനുബന്ധിച്ച് നടന്ന പ്രദക്ഷിണം.



▪ കെടാമംഗലം വാണീവിഹാരം സരസ്വതി-ഭദ്രകാളീക്ഷേത്രത്തിൽ നടന്ന നിറപുത്തരി

## ജനകീയ ഭക്ഷണശാല ആരംഭിച്ചു

കടുങ്ങല്ലൂർ; പഞ്ചായത്തിലെ ആദ്യ ജനകീയ ഭക്ഷണശാല പടിഞ്ഞാറെ കടുങ്ങല്ലൂരിൽ പ്രവർത്തനം ആരംഭിച്ചു. വൃത്തിയുള്ളതുമായം കലരാത്തതുമായ ഭക്ഷണങ്ങൾ ന്യായമായ വിലയിൽ ജനങ്ങൾക്ക് ഇവിടെ നിന്നും ലഭിക്കും.പഞ്ചായത്ത് പ്രസിഡൻറ് രത്നമ്മ സുരേഷ് ഉത്ഘാടനം ചെയ്തു.വൈസ് പ്രസിഡൻറ് സി.ജി.വേണു. സ്റ്റാൻറിങ് കമ്മറ്റി ചെയർമാൻമാരായ ടി.ജെ.ടൈറ്റസ്,ടി.എസ്. വിജയലക്ഷ്മി. പഞ്ചായ ത്ത് അംഗം ജ്യോതി ഗോപകുമാർ,വി.കെ.ഷാനവാസ് ഇന്ദിര കുന്നക്കാല എന്നിവർ പങ്കെടുത്തു.



▪ കടുങ്ങല്ലൂർ പഞ്ചായത്തിലെ ആദ്യ ജനകീയ ഹോട്ടൽ പ്രസിഡന്റ് രത്നമ്മ സുരേഷ് ഉദ്ഘാടനം ചെയ്യുന്നു.

## വനിതാതൊഴിലാളികളെ അപമാനിച്ചതിൽ പ്രതിഷേധം

വരാപ്പുഴ: കൂനമ്മവ് കാവിൽ നടയിൽ പ്രവർത്തിക്കുന്ന മറിയാമ്മ പാപ്പച്ചൻ മെമ്മോറിയൽ പ്രസിലെ വനിത തൊഴിലാളികളെ സോഷ്യൽ മീഡിയായിലൂടെ അപമാനിച്ചതിനെതിരേ വരാപ്പുഴ അൽഫോൺസ മെമ്മോറിയൽ പ്രസിന് മുന്നിൽ തൊഴിലാളികൾ ധർണ നടത്തി. ഇനിയും അപകീർത്തിപ്പെടുത്തൽ തുടർന്നാൽ ശക്തമായ സമരം ആരംഭിക്കുമെന്ന് തൊഴിലാളികൾ മുന്നറിയിപ്പ് നൽകി.



▪ അൽഫോൺസ മെമ്മോറിയൽ പ്രസിന് മുന്നിൽ തൊഴിലാളികൾ നടത്തിയ ധർണ



▪ മൂക്കന്നൂർ സർവീസ് സഹകരണ ബാങ്ക് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വൈദ്യസഹായത്തിനു അർഹരായവർക്ക് 25,000 രൂപ വീതം നൽകുന്നതിന്റെ ചെക്ക് ബാങ്ക് പ്രസിഡന്റ് കെ.പി.ബേബി വിതരണം നടത്തുന്നു. ഭരണ സമിതി അംഗങ്ങളായ പി.എൽ.ഡേവിസ്, ടി.ഒ.മത്തായി, ഷാജൻ ജോസഫ്, എം.വി.ചെറിയാച്ചൻ, എം.കെ.ജോഷി, അഡ്വ.ജോൺസൻ, എം.സി. ജോയ്, പി.ടി.സാബു, എന്നിവർ സമീപം

# ജീവനക്കാർക്ക് കോവിഡ്: ആലുവ ഫയർ സ്റ്റേഷൻ ടൗൺ ഹാളിലേക്ക് മാറ്റി

**ആലുവ:** ജീവനക്കാരിൽ കോവിഡ് രോഗികളുടെ എണ്ണം കൂടിയതോടെ ആലുവ ഫയർ സ്റ്റേഷന്റെ പ്രവർത്തനം താത്കാലികമായി ആലുവ ടൗൺ ഹാളിലേക്ക് മാറ്റി. ഫയർ സ്റ്റേഷനിൽ ക്വാറന്റൈനിലായിരുന്ന രണ്ട് പേർക്ക് കൂടി ഇന്നലെ കോവിഡ് സ്ഥിരീകരച്ചതിനെ തുടർന്നാണ് ഓഫീസ് താത്കാലികമായി മാറ്റിയത്.

ഫയർ സ്റ്റേഷനിൽ രണ്ട് പേർ ഫോൺ അറ്റൻഡ് ചെയ്യുന്നതിനായി ഉണ്ടാകും. ബാക്കി ക്വാറന്റൈനിൽ പോകാത്ത 16 പേർ ടൗൺ ഹാളിലായിരിക്കും. ഫയർ സ്റ്റേഷൻ പൂർണമായി അണുവിമുക്തമാക്കി ഒരാഴ്ച്ചക്കകം തിരികെ ഓഫീസ് തുറക്കാനാകുമെന്നാണ് കരുതുന്നത്.

ഇന്നലെ ആലപ്പുഴ സ്വദേശിക്കും മൂക്കന്നൂർ സ്വദേശിക്കുമാണ് രോഗം സ്ഥിരീകരിച്ചത്. ആലുവ ഫയർ സ്റ്റേഷനിലെ 43 ജീവനക്കാരിൽ ഇതിനകം ആറ് പേർക്കാണ് കൊവിഡ് ബാധിച്ചത്. ഇതിൽ ഒരാൾ രോഗമുക്തനായതിനെ തുടർന്ന് ഇന്നലെ തിരികെ ജോലിയിൽ പ്രവേശിച്ചു.

15 പേർ ഹോം ക്വാറന്റൈനിലും നാല് പേർ തൃപ്പൂണിത്തുറ ആയുർവേദ ആശുപത്രിയിലെ ക്വാറന്റൈൻ കേന്ദ്രത്തിലുമാണ്.

ജീവനക്കാരുടെ കുറവ് ആലുവ ഫയർ സ്റ്റേഷനെ ബാധിക്കുമെങ്കിലും അത്യാവശ്യ ഘട്ടങ്ങളിൽ ഏലൂർ, അങ്കമാലി, പട്ടിമറ്റം, പെരുമ്പാവൂർ ഫയർ സ്റ്റേഷനുകളുടെ സേവനം ലഭിക്കും.

# കണ്ടെയ്നർ റോഡിൽ മാലിന്യം തള്ളി

**വരാപ്പുഴ:** വല്ലാർപാടം കണ്ടെയ്നർ റോഡിൽ മൂലമ്പിള്ളി ഭാഗത്ത് ശുചിമുറിമാലിന്യം തള്ളുന്നു. മൂലമ്പിള്ളി-മുളവുകാട് പാലത്തിന് സമീപം വൻതോതിൽ മാലിന്യം തള്ളിയിട്ടുണ്ട്. മാലിനം കെട്ടികിടന്നു ദുർഗന്ധം അസഹ്യമായതോടെ കാൽനടയാത്രക്കാർക്കു റോഡിലൂടെ സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയാണ്. കണ്ണീരത്തിൽ പാടശേഖരത്തിലാണ് രാത്രിയിൽ ശുചിമുറിമാലിന്യം തള്ളിയത്. ഒരു മാസത്തിനുള്ളിൽ രണ്ടാം തവണയാണ് ഇവിടെ മാലിന്യം തള്ളിയത്. ഇവിടെ ഒട്ടേറെ വീടുകളും കച്ചവടസ്ഥാപനങ്ങളും സ്ഥിതിചെയ്യുന്നുണ്ട്. നാട്ടുകാർ ആരോഗ്യവകുപ്പ് അധികൃതരേയും പോലിസിനേയും വിവരം അറിയിച്ചിട്ടുണ്ട്.

# മാർത്തോമൻ കത്തീഡ്രൽ പൂട്ടി

## അർധരാത്രിയിലെ ഓപ്പറേഷൻ പുലർച്ചെ അവസാനിച്ചു



● മുളന്തുരുത്തി മാർത്തോമൻ കത്തീഡ്രൽ ഏറ്റെടുക്കുന്നതിൽ പ്രതിഷേധിച്ച് പള്ളിക്കകത്ത് പ്രാർഥനായജ്ഞം നടത്തുന്നതിനിടയിൽ യാക്കോബായ സഭാ മെത്രാപോലിത്തൻ ട്രസ്റ്റി ഡോ. ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപോയിത്തയെയും സഭാവക്താവ് കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപോലീത്തയെയും പോലിസ് അറസ്റ്റ് ചെയ്ത് നീക്കുന്നു.



● മൃളന്തുരുത്തി മാർത്തോമൻ കത്തിഡ്രൽ ഏറ്റെടുക്കാനെത്തിയ പോലിസ് ഉള്ളിൽ കയറാതെ ഗേറ്റടച്ച് പ്രതിരോധിക്കുന്ന യാക്കോബായ വിശ്വാസികൾ

**മുളന്തുരുത്തി:** അർധരാത്രി ബാരിക്കേഡ് വച്ച് റോഡ് അടച്ച ശേഷം പുലർച്ചെയെത്തി ജില്ലാ ഭരണകൂടം പള്ളി പൂട്ടി. ഇതിനിടെ പോലീസ് നടത്തിയ നീക്കം അതീവ രഹസ്യമായിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ പോലീസ് പള്ളിക്കുള്ളിൽ അതിക്രമിച്ചു കയറില്ലന്ന സഭാ നേതൃത്വത്തിന്റെയും ഇടവക വിശ്വാസികളുടെയും കണക്ക് കൂട്ടൽ തെറ്റിച്ചാണ് പ്രാർത്ഥനയജ്ഞം നടത്തി വന്ന വിശ്വാസികൾക്കിടയിലേക്ക് പോലീസ് സംഘം ഇരച്ചെത്തി ഓപ്പറേഷൻ വിജയിപ്പിച്ചത്. റൂറൽ എസ്പി. കെ. കാർത്തികിന്റെ നേതൃത്വത്തിലായിരുന്നു പള്ളി ഏറ്റെടുക്കാനുള്ള പൊലീസ് നീക്കം നടന്നത്. അഡീഷണൽ എസ്പി. വി.എൻ.സുരേഷ് കുമാർ, ഡിവൈഎസ്പിമാരായ കെ.ബിജുമോൻ, ആർ.റാഫി,റെജി എബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ അർധരാത്രി മുതൽ മാർത്തോമൻ കത്തീഡ്രൽ പോലീസ് വലയത്തിലാക്കി.

ഈ സമയത്തെല്ലാം വിശ്വാസികൾ പള്ളിക്കുള്ളിൽ പ്രാർത്ഥനയജ്ഞം നടത്തുകയായിരുന്നു. കോവിഡ് വ്യാപന സാഹചര്യം നിലനിൽക്കുന്നതിനാൽ പള്ളിക്കുള്ളിൽ അതിക്രമിച്ചു കയറില്ലന്ന വിശ്വാസ സമൂഹത്തിന്റെ കണക്ക് കൂട്ടലുകൾ തെറ്റിച്ച് സബ് കലക്ടർ സ്നേഹിൽകുമാർ സിംഗയുടെ നേതൃത്വത്തിൽ പൊലീസ് സംഘം പുലർച്ചെ അഞ്ചിന് എത്തി. ഹൈക്കോടതി ഉത്തരവ് നടപ്പാക്കാൻ തടസം നിൽക്കരുതെന്ന് പറയുകയും വിശ്വാസികൾ അതിന് തയാറാകില്ലന്ന് മനസിലായതോടെ കൂടുതൽ സമയം കളയാതെ കടുത്ത നടപടിയിലേക്ക് പൊലീസ് നീങ്ങുകയുമായിരുന്നു.

പള്ളിയുടെ മുൻവശത്തെ ഇരുമ്പ് ഗേറ്റ് കട്ടർ ഉപയോഗിച്ച് നീക്കിയ ഉടൻ പ്രാർത്ഥന നടത്തിയവരെ ബലം പ്രയോഗിച്ച് നീക്കിയ ശേഷം വൈദീകരും,

സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവരോട് പുറത്തേക്കിറങ്ങാൻ ആവശ്യപ്പെടുകയും വിസമ്മതിച്ച ഉടനെ പൊലീസ് ലാത്തിച്ചാർജ് നടത്തുകയുമായിരുന്നു.

ഒന്നര മണിക്കൂറിനകം ആയിരത്തിലധികം വരുന്ന വിശ്വാസികളെ പുറത്താക്കി.

തുടർന്ന് തഹസീൽദാർ റാണി പി. എൽദോയുടെ സാന്നിധ്യത്തിൽ പൊലീസ് പള്ളി പൂട്ടി താക്കോൽ സബ് കലക്ടർ സ്നേഹിൽകുമാർ സിംഗ ഏറ്റെടുത്തു





● മുളന്തുരുത്തി മാർത്തോമൻ കത്തിഡ്രൽ യാക്കോബായ സഭയിൽ നിന്ന് ഏറ്റെടുത്തശേഷം പോലിസ് അങ്ങോട്ടുള്ള റോഡ് ബാരിക്കേഡ് വച്ച് തടഞ്ഞിരിക്കുന്നു

# പടിയിറങ്ങിയത് കണ്ണീരോടെ

## നഷ്ടമായത് വിശ്വാസ സംരക്ഷണത്തിനായി നിർമ്മിച്ച പള്ളി





● ഓണക്കൂർ സെഹിയോൻ യാക്കോബായ സുറിയാനി പള്ളിയിൽനിന്നും വിശ്വാസികളെ പോലീസ് ബലം പ്രയോഗിച്ച് പുറത്തിറക്കുന്നു



● ഓണക്കൂർ സെഹിയോൻ യാക്കോബായ സുറിയാനി പള്ളി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നടന്ന പോലീസ് നടപടി.

**പാമ്പാക്കുട:** അന്ത്യോഖ്യ വിശ്വാസം സംരക്ഷിക്കുന്നതിനായി ഒരു നൂറ്റാണ്ടുമുമ്പ് തങ്ങളുടെ പൂർവികർ സ്ഥാപിച്ച ഓണക്കൂർ സെഹിയോൻ പള്ളിയിൽ നിന്നും ഇന്നലെ പടിയിറങ്ങിയപ്പോൾ ഹൃദയം നുറുങ്ങുന്ന വേദനയിൽ ആയിരുന്നു ഓരോ വിശ്വാസിയും.

മലങ്കര സഭയിൽ തർക്കം ഉടലെടുത്ത 1920 കാലഘട്ടത്തിൽ ഓണക്കൂർ സെന്റ് മേരീസ് പള്ളിയിൽ നിന്നും പിരിഞ്ഞു പോന്ന അഞ്ഞൂറോളം യാക്കോബായ വിശ്വാസികൾ ചേർന്നാണ് പെരിയപ്പുറത്ത് മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ നാമത്തിൽ സെഹിയോൻ പള്ളി സ്ഥാപിച്ചത്. 1999 ൽ പത്തോളം കുടുംബങ്ങൾ ഓർത്തഡോക്സ് വിഭാഗത്തിലേക്ക് കൂറുമാറിയതോടെയാണ് ഇടവകയിൽ തർക്കങ്ങൾ ഉടലെടുക്കുന്നത്. രണ്ടു പതിറ്റാണ്ട് നീണ്ട വ്യവഹാരങ്ങൾക്കിടെ നിരവധി സംഘർഷങ്ങൾക്കാണ് ഇടവക സാക്ഷ്യം വഹിച്ചത്.

വൈദികർ ഉൾപ്പെടെ ഇരുവിഭാഗത്തിലെയും നിരവധി വിശ്വാസികൾക്ക് സംഘർഷത്തിൽ പരുക്കേറ്റു. രണ്ടു കിലോമീറ്റർ ചുറ്റളവിൽ പാമ്പാക്കുടയിലും ഓണക്കൂറിലും ഓർത്തഡോക്സ് സഭയ്ക്ക് ആരാധനാലയം ഉള്ളപ്പോൾ ഒരു നൂറ്റാണ്ടുമുമ്പ് യാക്കോബായ വിശ്വാസികൾ സ്ഥാപിച്ച പള്ളിക്ക് അവകാശവാദം ഉന്നയിക്കുന്നത് നീതിയല്ലെന്ന് പള്ളി ഭാരവാഹികളായ ജേക്കബ് ജോർജ് കുന്നത്തുരുത്തേൽ, ജോയി ജോൺ പ്ലാത്തോട്ടം എന്നിവർ പറഞ്ഞു.

സഭാ കേസിൽ സുപ്രീം കോടതിയുടെ അന്തിമ വിധിക്ക് ശേഷം കണ്ടനാട് ഭദ്രാസനത്തിലെ പിറവം മേഖലയിൽ ഏഴോളം പള്ളികളാണ് യാക്കോബായ സഭയ്ക്ക് നഷ്ടപ്പെട്ടത്. പിറവം സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രൽ, നെച്ചൂർ സെന്റ് തോമസ്, വെട്ടിത്തറ സെന്റ് മേരീസ്, വെട്ടിത്തറ മാർ മിഖായേൽ, മാമലശ്ശേരി മാർ മിഖായേൽ, മുളക്കുളം വലിയ പള്ളി എന്നിവയാണ് യാക്കോബായ സഭയ്ക്ക് രണ്ടു വർഷത്തിനിടെ നഷ്ടപ്പെട്ട പ്രദേശത്തെ ദേവാലയങ്ങൾ. ഭൂരിഭാഗം വരുന്ന യാക്കോബായ വിശ്വാസികൾ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൂർവ്വികരായ ആരാധിച്ചുവന്നിരുന്ന ഈ പള്ളികളിൽ നിന്നെല്ലാം കണ്ണീരോടെ പടിയിറക്കപ്പെട്ടു. എന്നാൽ കടുത്ത പ്രതിസന്ധിക്കിടയിലും പള്ളി നഷ്ടപ്പെട്ട എല്ലാ സ്ഥലങ്ങളിലും യാക്കോബായ സഭ പകരം താൽക്കാലിക ആരാധനാലയങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. സ്വത്തുക്കൾക്ക് പുറമെ വിശ്വാസികളെ കൂടി ലക്ഷ്യമിട്ടാണ് ഓർത്തഡോക്സ് വിഭാഗം പുരാതന ദേവാലയങ്ങളിൽ ഉൾപ്പെടെ അവകാശവാദം ഉന്നയിക്കുന്നത് എന്നാണ് യാക്കോബായ സഭയുടെ ആരോപണം. മൃതദേഹങ്ങൾ സംസ്കരിക്കാൻ ഉൾപ്പെടെ നിരവധി പ്രതിസന്ധികൾ നേരിട്ടെങ്കിലും വിശ്വാസികൾ സഭ വിട്ടു പോകാത്തത് യാക്കോബായ സഭയ്ക്ക് പ്രതിസന്ധിക്കിടയിലും നേട്ടമായി. ഇതിനിടെ സെമിത്തേരിയിൽ ഇരുവിഭാഗത്തിനും അവകാശം നൽകിക്കൊണ്ടുള്ള സർക്കാരിന്റെ ഓർഡിനൻസ് യാക്കോബായ വിശ്വാസികൾക്ക് ആശ്വാസം നൽകുന്നതായിരുന്നു.

## മാർത്തോമ ചെറിയ പള്ളിയിൽ കരിങ്കൊടി ഉയർത്തി



● കോതമംഗലം മാർ തോമ ചെറിയ പള്ളിയിൽ വികാരി ഫാ.ജോസ് പരത്തുവയലിൽ കരിങ്കൊടി ഉയർത്തുന്നു.

**കോതമംഗലം:** യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പള്ളികൾ ഓർത്തഡോക്സ് വിഭാഗം കയ്യേറുന്നതിന്റെ പ്രതിഷേധ സൂചകമായി സർവ മത തീർഥാടന കേന്ദ്രമായ കോതമംഗലം മാർ തോമാ ചെറിയ പള്ളിയിൽ വികാരി ഫാ. ജോസ് പരത്തുവയലിൽ പള്ളി കൊടിമരത്തിൽ കരിങ്കൊടി ഉയർത്തി. ഫാ. എൽദോസ് കാക്കനാട്ട്, ഫാ. ബിജു അരീയിക്കൽ, ഫാ. എൽദോസ് കുമ്മംകോട്ട്, ഫാ. ബേസിൽ കൊറ്റിക്കൽ, ഫാ. ബേസി കൗങ്ങമ്പിള്ളി, ട്രസ്റ്റിമാരായ സി.ഐ. ബേബി, ബിനോയ് മണ്ണഞ്ചേരി, മതമൈത്രി ചെയർമാൻ എ.ജി. ജോർജ്, അഡ്വ. രാജേഷ് രാജൻ, കെ.എ. നൗഷാദ് എന്നിവർ പങ്കെടുത്തു.

## കൊച്ചി ഭദ്രാസനം പ്രതിഷേധിച്ചു

**തിരുവാങ്കുളം :** യാക്കോബായ സുറിയാനി സഭയുടെ കൊച്ചി ഭദ്രാസനത്തിൻ കീഴിലുള്ള മുളന്തുരുത്തി മാർത്തോമൻ കത്തീഡ്രലിൽ ഇന്നലെ പുലർച്ചെ സഭയിലെ മെത്രാപ്പോലീത്തമാർക്കും വൈദികർക്കും വിശ്വാസികൾക്കും നേരെയുണ്ടായ പോലീസ് അതിക്രമത്തിൽ കൊച്ചി ഭദ്രാസന വൈദിക സംഘം, ഭദ്രാസന കൗൺസിൽ, കുടുംബ യൂണിറ്റ് സെൻട്രൽ കമ്മിറ്റി, യൂത്ത് അസോസിയേഷൻ, വനിതാസമാജം, സൺഡേ സ്കൂൾ, അന്ത്യോഖ്യ വിശ്വാസ സംരക്ഷണ സമിതി എന്നിവർ പ്രതിഷേധിച്ചു.

സമാധാനപരമായി പ്രാർത്ഥന യന്ജത്തിൽ പങ്കെടുത്തിരുന്ന മെത്രാപ്പോലീത്താമാരെ പോലീസ് ബലം പ്രയോഗിച്ച് നിലത്ത് വലിച്ചിഴക്കുകയും വൈദീകരെയും വിശ്വാസികളെയും കാരണമില്ലാതെ മർദ്ദിക്കുകയായിരുന്നുവെന്ന് പ്രതിഷേധക്കുറിപ്പിൽ ആരോപിച്ചു. ഇന്നലെ ഭദ്രാസനത്തിലെ എല്ലാ പള്ളികളിലും കറുത്ത കൊടി ഉയർത്തി പ്രതിഷേധ ദിനം ആചരിച്ചു.

# യാക്കോബായ സഭ കരിദിനമാചരിച്ചു

**തൃപ്പൂണിത്തുറ :** അലമുറയിട്ട് കരയുന്ന വിശ്വാസികളുടെ പ്രതിഷേധം വകവയ്ക്കാതെ മുളന്തുരുത്തി മാർത്തോമ്മൻ കത്തീഡ്രലിൽ മെത്രാപ്പോലീത്താമാരെയും വൈദീകരെയും വിശ്വാസികളെയും പോലീസ് തല്ലിച്ചതച്ച സംഭവത്തിൽ പ്രതിഷേധിച്ച് യാക്കോബായ സഭ ഇന്നലെ കരിദിനമാചാരിച്ചു. പള്ളികളിൽ കരിങ്കൊടി ഉയർത്തിയും പ്രതിഷേധ യോഗം ചേർന്നും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരുന്നു പ്രതിഷേധം .

## കലക്ടറുടെ ഫേസ്ബുക്ക് പേജിൽ വിശ്വാസികളുടെ പൊങ്കാല

**തൃപ്പൂണിത്തുറ:** ചിങ്ങപ്പുലരിയിൽ മലയാളികൾക്ക് ആശംസകൾ അറിയിച്ചുകൊണ്ട് ജില്ല കളകടർ സുഹാസ് ഫേസ്ബുക്കിലിട്ട പോസ്റ്റിന് യാക്കോബായ പതിനായിരകണക്കിന് യാക്കോബായ വിശ്വാസികളുടെ ശാപവാക്കുകൾ നിറഞ്ഞ പൊങ്കാല. ചിങ്ങം ഒന്നിന് പുലർച്ചെ മുളന്തുരുത്തി മാർത്തോമ്മൻ കത്തീഡ്രലിൽ പോലീസ് മേത്രാപ്പോലീത്താമാർക്കും വൈദീകർക്കും വിശ്വാസികൾക്കും നേരെ നടത്തിയ അതിക്രമത്തിൽ പ്രതിഷേധിച്ചാണ് മറുപടി അയച്ചിട്ടുള്ളത്. താങ്കളും കുടുംബവും ഇതിന് അനുഭവിക്കും ,നിയമം നടപ്പാക്കാൻ നിരപരാധികളായ വിശാസികളെ തല്ലിചതച്ചതാണോ ഐശ്വര്യം എന്നിങ്ങനെ ശാപവാക്കുകളുടെ പെരുമഴയാണ് കലക്ടറുടെ ആശംസാ പേജിൽ മറുപടിയായി നിറഞ്ഞത്.

# 129 പേർക്ക് കോവിഡ്

**കൊച്ചി:** എറണാകുളം ജില്ലയിൽ ഇന്നലെ 129 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. ഇതിൽ 124 പേർക്കും രോഗം പിടിപെട്ടത് സമ്പർക്കത്തിലൂടെ. ബാക്കിയുള്ള അഞ്ചു പേരിൽ ഒരാൾ മാലിദ്വീപിൽ നിന്നെത്തിയ തമിഴ്നാട് ഈറോഡ് സ്വദേശിയും നാലു പേർ ഡൽഹിയിൽ നിന്നും എത്തിയ അങ്കമാലി സ്വദേശി, ആന്ധ്രാപ്രദേശിൽ നിന്ന് എത്തിയ പിറവം സ്വദേശി, ആന്ധ്രാ പ്രദേശിൽ നിന്നെത്തിയ നെട്ടൂർ സ്വദേശി, ജമ്മു കാശ്മീരിൽ നിന്നെത്തിയ ആമ്പല്ലൂർ സ്വദേശി എന്നിവരാണ്. സമ്പർക്കത്തിലൂടെ ഏറ്റവും അധികം രോഗം സ്ഥിരീകരിച്ചത് ഫോർട്ട് കൊച്ചി, ആയവന, എടത്തല, കളമശ്ശേരി, കോതമംഗലം, പള്ളുരുത്തി മേഖലയിലാണ്. ഫോർട്ട് കൊച്ചിയിൽ 15 പേർക്കും ആയവയിൽ ഒമ്പതു പേർക്കും, പള്ളുരുത്തിയിൽ എട്ടു പേർക്കും, വെങ്ങോലയിൽ ഏഴുപേർക്കും, കോതമംഗലം, കളമശേരി,എടത്തല എന്നിവടങ്ങളിൽ ആറു പേർക്ക് വീതവും, കോട്ടപ്പടി, കുമ്പളങ്ങി, നെട്ടൂർ, ആലുവ എന്നിവടങ്ങളിൽ നാലു പേർക്കും, കാലടി, വൈറ്റില, തൃപ്പുണിത്തുറ, നെല്ലിക്കുഴി, മട്ടാഞ്ചേരി എന്നിവടങ്ങളിൽ മൂന്നു പേർക്ക് വീതവും കോട്ടുവള്ളി, ആവോലി, ഏരൂർ, വേങ്ങൂർ, വാളകം മേഖലകളിൽ രണ്ടു പേർക്ക് വീതവും ഇന്നലെ സമ്പർക്കത്തിലൂടെ രോഗം സ്ഥിരീകരിച്ചു.


ആധാർ ഹൗസിങ്ങ് ഫിനാൻസ് ലിമിറ്റഡ്

Aadhar Housing Finance Ltd

കോർപ്പറേറ്റ് ഓഫീസ്: 201, റാഹേജ പോയിന്റ് - 1,ഷമറോ വിതാൽ ബാങ്കിന് സമീപം, നെഹ്റു റോഡ്, വകോല, സാന്താക്രൂസ് (ഇ),മുംബൈ - 400055

കൊച്ചി : നമ്പർ .62/4783, രണ്ടാമത്തെ നില, രാംലീല, മഹാകവി ജി റോഡ്, ഇയാട്ടിൽ ജംഗ്ക്ഷൻ, കൊച്ചിൻ 682 011, (കേരള)

APPENDIX IV പൊസഷൻ നോട്ടീസ് (സ്ഥാവരവസ്തു)

അണ്ടർ സെക്ഷൻ 13(2) ഓഫ് ദി സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്,2002 റീഡ് വിത്ത് റൂൾ 3ഓഫ് ദി സെക്യൂരിറ്റി ഇന്ററസ്റ്റ്(എൻഫോഴ്സ്മെന്റ്)റൂൾസ്,2002 പ്രകാരം ആധാർ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്,(എഎച്ച്എഫ്എൽ) ന്റെ താഴെ ഒപ്പിട്ടിരിക്കുന്ന അംഗീകൃത ഓഫീസർ അണ്ടർ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ് ആൻഡ് എൻഫോഴ്സ്മെന്റ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്,2002(ദി സെഡ് ആക്ട്) അണ്ടർ സെക്ഷൻ 13(12)ഓഫ് ദി സെഡ് ആക്ട് റീഡ് വിത്ത് റൂൾ 3 ഓഫ് ദി സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്,2002 പ്രകാരമുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് അംഗീകൃത ഓഫീസർ അണ്ടർ സെക്ഷൻ13(2)ഓഫ് ദി സെഡ് ആക്ട് പ്രകാരം ഇനി പറയുന്ന വായ്പക്കാർ/ജാമ്യക്കാർ എന്നിവർക്ക് താഴെ കാണിച്ചിരിക്കുന്ന തുക 60 ദിവസത്തിനകം തിരിച്ചടക്കണമെന്ന് കാണിച്ച് ഒരു ഡിമാന്റ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.എന്നാൽ വായ്പക്കാർ പണം തിരച്ചടക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു.ആയതിനാൽ വായ്പക്കാർ /ജാമ്യക്കാർ/പൊതുജനങ്ങൾ എന്നിവരെ താഴെ വിവരിച്ചിരിക്കുന്ന വസ്തു അണ്ടർ സബ് സെക്ഷൻ(4) ഓഫ് ദി സെക്ഷൻ13 ഓഫ് ദി സെഡ് ആകട് റൂൾ 8 സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ്, പ്രകാരം താഴെ ഒപ്പിട്ടിരിക്കുന്ന ആൾ പ്രത്യേക അധികാരം ഉപയോഗിച്ച് വസ്തുകൈവശപ്പെടുത്തിയതായി ഈ നോട്ടീസ് മുഖേന അറിയിക്കുന്നു. വായ്പക്കാരുടെ ശ്രദ്ധക്ക് സബ് സെക്ഷൻ(8)ഓഫ് സെക്ഷൻ 13 ഓഫ് ദി ആക്ടിലെ വ്യവസ്ഥ പ്രകാരം പണയ വസ്തുക്കൾ വീണ്ടെടുക്കുന്നതിന് സമയം ലഭിക്കുന്നതാണ്.വായ്പക്കാർ പൊതുജനങ്ങൾ മുതലായവർ താഴെ കാണിച്ചിരിക്കുന്ന തുകയും ആയതിൻമേലുള്ള പലിശയും അടയ്ക്കാതെ എഎച്ച്ഫിലിന്റെ അധികാരത്തിലിരിക്കുന്ന വസ്തുവിൻമേൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്ന് ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു.

| സീരിയൽ നം. | വായ്പക്കാർ/സഹ- വായ്പക്കാർ എന്നിവരുടെ പേര് | പണയവസ്തുവിന്റെ വിവരണം (സ്ഥാവര വസ്തു) | ഡിമാന്റ് നോട്ടീസ് തീയതിയും തുകയും | പൊസഷൻ തീയതി |
|---|---|---|---|---|
| 1 | (Appl No.00216164) Cochin Branch<br>ഷിബു കെ.എസ് (വായ്പക്കാരൻ)<br>നീതുഷിബു (സഹ - വായ്പക്കാരൻ)<br>അൻവർ പി.എ (ജാമ്യക്കാരൻ) | SY No.179/5 പറവൂർ വില്ലേജ്,പറവൂർ താലൂക്ക്,എറണാകുളം,കേരള - 683513 അതിരുകൾ കിഴക്ക് സൈഡ് : പഞ്ചായത്ത് റോഡ്,പടിഞ്ഞാറ് സൈഡ് :ഷൈനി വക വസ്തു,വടക്ക് സൈഡ് : ഷൈനി വക വസ്തു,തെക്ക് സൈഡ് : കൃഷ്ണൻകുട്ടി വക വസ്തു | 9-10-2019<br>₹ 8,51,319.00<br>(രൂപ എട്ട്ലക്ഷത്തി അൻപത്തിഒന്നായിരത്തി മുന്നൂറ്റി പത്തൊൻപത് മാത്രം) | 12-8-2020 |
| 2 | (Appl No.V0136893) Cochin Branch<br>രാജി രാജീവ് (വായ്പക്കാരൻ)<br>രാജീവ് കുമാർ ടികെ (സഹ - വായ്പക്കാരൻ) | 1.54 Ares in Sy No-208/1 മുളന്തുരുത്തി വില്ലേജ്,കണയന്നൂർ താലൂക്ക്,എറണാകുളം ജില്ല,മുളന്തുരുത്തി,എറണാകുളം,കേരള -682314 അതിരുകൾ കിഴക്ക് സൈഡ് : റോഡ്, പടിഞ്ഞാറ് സൈഡ് :സാജു ചെറിയാൻ വക വസ്തു,വടക്ക് സൈഡ് : സജി വക വസ്തു,തെക്ക് സൈഡ് : രാജീവ് വക വസ്തു | 9-10-2019<br>₹ 25,85,567.00<br>(രൂപ ഇരുപത്തിഅഞ്ച ലക്ഷത്തി എൺപത്തി അയ്യായിരത്തി അഞ്ഞൂറ്റി അറുപത്തിഏഴ് മാത്രം) | 12-8-2020 |

സ്ഥലം : കൊച്ചി
തിയതി : 18 - 8 - 2020

അധികാരപ്പെട്ട ഓഫീസർ
ആധാർ ഹൗസിങ്ങ് ഫിനാൻസ് ലിമിറ്റഡ്

കഠിനമായ ദാരിദ്ര്യത്താൽ വിശക്കുന്നവന്റെ മുന്നിലേക്ക്
ദൈവത്തിന് റൊട്ടിയായിട്ടേ പ്രത്യക്ഷപ്പെടാനാവൂ.
-മഹാത്മാഗാന്ധി

# ധോണിയൊരുക്കിയ പൂരവും പ്രകാശവും

ആർത്തിരമ്പുന്ന ആരാധകക്കൂട്ടത്തിന്റെ സാന്നിധ്യമുണ്ടായിരുന്നില്ല, ഉപചാരങ്ങൾ ഒന്നുമില്ലാതെ ഇൻസ്റ്റാഗ്രാമിൽ കുറിച്ചിട്ട രണ്ടു വരിയിലൂടെ മഹേന്ദ്രസിംഗ് ധോണി അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നു വിരമിക്കൽ പ്രഖ്യാപിച്ചു. പുകഴ്പെറ്റതും ചന്തം നിറഞ്ഞതുമായ തൃശൂർ പൂരത്തെ കേവലം ഔപചാരികതയിലേക്ക് ഒതുക്കിയ കോവിഡ് കാലത്തിന് ലോകക്രിക്കറ്റിന് സമാനതകളില്ലാത്ത ഉത്സവക്കാഴ്ച്ചകളൊരുക്കിയ ഒരു ഇതിഹാസതാരത്തിന്റെ വിടവാങ്ങലിനേയും പരിമിതപ്പെടുത്താനായി. കഴിയുന്നത് ഇന്ത്യൻ ക്രിക്കറ്റ് ദർശിച്ച ഏറ്റവും മികച്ച വിക്കറ്റ്കീപ്പർ ബാറ്റ്സ്മാൻ ഒരുക്കിയ പൂരക്കാലമാണ്. കണ്ടാലും പറഞ്ഞാലും മഹിമയൊഴിയാത്തൊരു പ്രതിഭ അരങ്ങുവിടുമ്പോൾ കാണികൾ സ്തബ്ധരാകുന്നതും ഉള്ളിലൊരു നഷ്ടനൊമ്പരം പൊടിയുന്നതും സ്വാഭാവികം.



ധോണി അർഹിച്ചൊരു യാത്രയയപ്പിനുപോലും കാലം അനുവദിച്ചില്ല. സുനിൽ ഗാവസ്ക്കറും കപിൽദേവും സൗരവ് ഗാംഗുലിയും, സച്ചിൻ തെണ്ടുൽക്കറും വിരമിച്ചപ്പോൾ അനുഭവിച്ച അതേ ശൂന്യതയിൽ ക്രിക്കറ്റ് പ്രേമികളുടെ വിഹ്വലതകൾ നിറയുന്നു.

ഏതൊരു താരത്തെയും സംബന്ധിച്ച് പുതുമുഖമായുള്ള കടന്നുവരവും കരിയറിനൊടുവിലെ വിരമിക്കലും കളിക്കാലംപോലെ അനിവാര്യമാണ്. മുപ്പത്തിയൊമ്പതാം വയസിൽ ജീവതത്തിന്റെ മറ്റൊരു ഇന്നിങ്സിലേക്ക് ധോണി ചുവടുവയ്ക്കുപോൾ പിന്നിൽ ഒന്നരപതിറ്റാണ്ടോളം നീണ്ടുകിടക്കുന്ന ഇന്ത്യൻ ക്രിക്കറ്റിന്റെ പുസ്തകത്തിൽ ധോണി പരത്തിയ പ്രകാശം നിറഞ്ഞുതുളുമ്പി നിൽക്കുന്നതുകാണാം.

ജീവിതത്തിന്റെ സമസ്ത രംഗങ്ങളേയും പ്രകാശം സ്വാധീനിക്കുന്നതായി വിലയിരുത്തപ്പെടാറുണ്ട്. ഇന്ത്യൻ ക്രിക്കറ്റിലും അതേ ഇഫക്ടായിരുന്നു റാഞ്ചിയിൽനിന്നുള്ള മുടി നീട്ടി വളർത്തി അലസനെന്ന് തെറ്റിദ്ധരിപ്പിച്ച യുവാവ് സമ്മാനിച്ചത്. 2006 ൽ, ശ്രീലങ്കയ്ക്കയ്ക്കെതിരായ ജയ്പൂർ ഏകദിനത്തിൽ തകർപ്പൻ സെഞ്ചുറി(183 നോട്ടൗട്ട് ) യിലൂടെ ലോകം ധോണിയിലെ ആക്രമണകാരിയെ പൂർണമായും ദർശിച്ചു. ഓസ്ട്രേലിയയുടെ ആദം ഗിൽക്രിസ്റ്റിനെപ്പോലെ വിക്കറ്റിനു പിന്നിൽ ചോരാത്ത കൈകളും മുന്നിൽ വെടിക്കെട്ടും തീർക്കാൻ കെൽപ്പുള്ള കരുത്തനെ പ്രതീക്ഷിച്ചിരുന്ന ഇന്ത്യയുടെ പ്രതീക്ഷകളെ ധോണി പ്രകാശിപ്പിച്ചു. പിന്നീട് ധോണിയെന്ന നായകന്റെ പ്രകാശത്തിലാണ് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ മൂന്ന് പ്രധാന ടൂർണമെന്റുകളും ഇന്ത്യ ജയിക്കുന്നത്.

ട്വന്റി 20, ഏകദിന ലോകകപ്പ്, ചാമ്പ്യൻസ് ട്രോഫി എന്നിവ ഉയർത്തി ലോകക്രിക്കറ്റിൽ മറ്റൊരു നായകനും കഴിയാത്ത നേട്ടത്തിന്റെ ശൃംഗത്തിലെത്തി. നീണ്ടമുടി പോകുന്നതിനു മുമ്പേ അലസനല്ലെന്നു തെളിയിച്ച ആക്രമണകാരിയെ ക്യാപ്റ്റൻ കൂളെന്നു ക്രിക്കറ്റ് ലോകം വിളിച്ചുവെങ്കിൽ ധോണിയിൽ നിറഞ്ഞാടിയ ക്രിക്കറ്റ് ഭാവങ്ങളുടെ വിപുലത വ്യക്തം. ബാറ്റ്സ്മാനെന്ന നിലയിയും നായകനെന്ന നിലയിലും കളിയിൽ തനിക്കുള്ള നിയന്ത്രണം (ഗ്രിപ്പ്) എത്രയെന്ന അപാര ആത്മവിശ്വാസവും അതനുസരിച്ചുള്ള ചടുലനീക്കവുമാണ് ധോണിയുടെ ഏറ്റവും വലിയ പ്രത്യേകത. ഒരിക്കൽ ധോണിയെടുത്ത ക്യാച്ചുകളും അടിച്ച റൺസും നേടിയ വിജയങ്ങളും വെറും അക്കങ്ങൾ മാത്രമായി മാറിയാലും നിർണായക സന്ദർഭങ്ങളിൽ പലപ്പോഴും ധോണി പുലർത്തിയ അതിമാനുഷികതയാവും കരിയറിലെ പ്രകാശരേഖ.

ഒരിക്കലും മായാത്ത മഴവിൽശോഭയോടെ ധോണിയുടെ ഫിനിഷിംഗുകൾ ആരാധകമനസുകളെ ത്രസിപ്പിക്കുക തന്നെ ചെയ്യും. ടെസ്റ്റ് ക്രിക്കറ്റിൽ സുനിൽ ഗാവസ്ക്കർ മാസ്റ്ററായിരുന്നെങ്കിൽ പരിമിത ഓവർ ക്രിക്കറ്റിൽ സമാനതകളില്ലാതെ സച്ചിൻ തെണ്ടുൽക്കർ നിറഞ്ഞാടുന്ന കാലത്താണ് ഹെലികോപ്ടർ ഷോട്ടുകളിലൂടെ ധോണി തന്റെ വ്യത്യസ്തതയും കരുത്തും പുറത്തെടുത്തത്. ക്രിക്കറ്റിന്റെ ആധുനിക രൂപമായി ട്വന്റി 20 അവതരിപ്പിച്ചപ്പോൾ ധോണിയെന്ന ഇന്ത്യയുടെ അമരക്കാരനിലൂടെ കുട്ടിക്രിക്കറ്റിലും ലോകത്തിന് ഒരു മാസ്റ്റർ പ്ലെയറെ ലഭിച്ചു. ആകാംക്ഷയുടെ മുൾമുനയിലെ അവിശ്വസനീയ റൺവേട്ടയ്ക്കു പുറമേ ജോഗിന്ദർ ശർമ്മയെപോലുള്ള ശരാശരിക്കാരെ നിർണായക ഓവറിനു ചുമതലപ്പെടുത്തിയും ലോകകപ്പ് ചരിത്രത്തിലെ ആദ്യ ബൗൾഔട്ടിന് വീരേന്ദർ സേവാഗിനേയും റോബിൻ ഉത്തപ്പയേയും പന്തേൽപ്പിച്ചും വിജയം പിടിച്ചെടുത്ത ധോണിയുടെ മാന്ത്രികതയെ മഹേന്ദ്രജാലം എന്ന് പറഞ്ഞല്ലാതെ മാധ്യമങ്ങൾ എങ്ങനെ വിശേഷിപ്പിക്കാൻ?

ടെസ്റ്റ് ക്രിക്കറ്റിലെ ധോണിയുടെ മികവിനെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉള്ളവർക്കും പരിമിത ഓവർ ക്രിക്കറ്റിൽ ധോണി പുലർത്തിയ അപാരമികവിനെക്കുറിച്ച് തർക്കമുണ്ടാകില്ല. കളിയിലാകട്ടെ, കലയിലാകട്ടെ പ്രതിഭകളുടെ പ്രകടനങ്ങൾക്കായി മാത്രമേ ആൾക്കൂട്ടങ്ങൾ കാത്തിരിക്കൂ. ധോണിക്കുവേണ്ടി ജനം ഒഴുകിയെത്തി, കാത്തിരുന്നു. അങ്ങനെ ധോണിയുടെ പ്രാമാണികത്വത്തിൽ അരങ്ങേറിയ കളിപ്പൂരങ്ങളെല്ലാം ഇനി പുതുതലമുറയ്ക്ക് പ്രചോദനത്തിനുള്ള ചരിത്രമാണ്.

കളിയിൽ മാത്രമല്ല മാധ്യമങ്ങളോടുള്ള സമീപനത്തിലും മൂർച്ചയുള്ളൊരു ധോണിയെയാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ഭാര്യ സാക്ഷി സിംഗിനും മകൾ സിവയ്ക്കുമൊപ്പം കുടുംബവേദികളിൽ പ്രത്യക്ഷപ്പെടുന്ന ധോണിയെ സാധാരണക്കാരനായ ഏതൊരു ഗൃഹനാഥനേയും പോലെ ആഹ്ളാദചിത്തനും കളിചിരികളിൽ മുഴുകിയുമാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. നിങ്ങളുടെ വാക്കും പ്രവർത്തിയും ആളുകൾ മറക്കാം.

എന്നാൽ നിങ്ങളുടെ സ്വാധീനം അവർ മറക്കില്ല – അമേരിക്കൻ കവയത്രി മായ ആഞ്ചലോയുടെ വാക്കുകൾ സമൂഹമാധ്യമത്തിൽ പകർത്തിയാണ് സാക്ഷി ഭർത്താവിന്റെ വിരമിക്കലിന് ആശംസ നേർന്നത്. റിക്കാർഡുകൾക്കപ്പുറം വ്യത്യസ്തവും സമാനകളില്ലാത്തതുമായ ക്രിക്കറ്റ് പ്രകാശിപ്പിക്കാൻ കഴിഞ്ഞതിന്റെ പേരിലാകും ആരാധകർ ധോണിയെ എന്നും നെഞ്ചേറ്റുക. പിൻഗാമികൾക്ക് വെല്ലുവിളിയായി ഉന്നതമായൊരു നിലവാരം സൃഷ്ടിച്ചശേഷമാണ് ധോണിയുടെ മടക്കം. പിന്നാലെ വരുന്നവരുടെ ഓരോ കളിയും ധോണിയുമായി താരതമ്യപ്പെടുത്തിയേക്കാം. ധോണിക്ക് ഒപ്പമെത്താനുള്ള അവരുടെ ശ്രമങ്ങൾ ഇന്ത്യൻ ക്രിക്കറ്റിന് പുതിയ പ്രതിഭകളെ നൽകുന്നതാകട്ടെ.

# "ഞാൻ പാടുന്നത് ദൈവത്തിനുവേണ്ടി"

● പ്രത്യേക ലേഖകൻ

ഹണിമൂൺ കാലത്തായിരുന്നു ആ സംഭവം. പുലർച്ചെ മൂന്നിനു ജസ്രാജ് ധ്യാനത്തിൽ മുഴുകുന്നതു കണ്ട് ഭാര്യ മാധുര അമ്പരന്നു. ഒരു കടലാസ് എടുത്ത് എന്തോ കുറിച്ചു. പിന്നീട് വീണ്ടും ഉറക്കത്തിലേക്ക്... പലദിവസവും ഇത് ആവർത്തിക്കപ്പെട്ടു.

അൽപം കൗതുകത്തോടെയും സംശയത്തോടെയുമാണ് ആ രാത്രി കാഴ്ചയുടെ പൊരുൾ അവർ തേടിയത്. ഉറക്കത്തിലെപ്പോഴോ മനസിൽ സംഗീതം നിറയും. അതു കടലാസിൽ പകർത്തും. അതോടെ സുഖനിദ്ര. അതായിരുന്നു പണ്ഡിറ്റ് ജസ്രാജ്. അദ്ദേഹത്തിന്റെ ഭാഷയിൽ ആ സംഗീതം ദൈവത്തിനുവേണ്ടിയായിരുന്നു.

സംഗീതത്തെ ഭക്തിയുമായി ചേർത്തുനിർത്തിയാണ് അദ്ദേഹം വളർന്നത്. കൂടുതലായെത്തിയ നിർഭാഗ്യമായിരുന്നു കാരണം. സംഗീതപഠനം തുടങ്ങിയ കാലത്തായിരുന്നു ആദ്യ തിരിച്ചടി. പിതാവ് പണ്ഡിറ്റ് മോത്തിറാമായിരുന്നു ആദ്യഗുരു. ജസ്രാജിനു നാലുവയസുള്ളപ്പോഴാണ് പിതാവിന് ഹൈദരാബാദിലെ നൈസാമിന്റെ ആസ്ഥാന ഗായകനാകാനുള്ള ക്ഷണം കിട്ടിയത്. ചുമതലയേൽക്കേണ്ട ദിവസം തന്നെ അദ്ദേഹം അന്തരിച്ചു.

പക്ഷേ, പിതാവ് പകർന്ന സംഗീതമായിരുന്നു മനസുമുഴുവൻ. സ്കൂൾ വിദ്യാഭ്യാസം തന്നെ അവസാനിച്ചപോലെയായി. മൂത്ത സഹോദരൻ പണ്ഡിറ്റ് മണിറാമാണു ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവന്നത്. തബല വായനക്കാരനായിട്ടായിരുന്നു തുടക്കം.

ഇതിനിടെയാണു പണ്ഡിറ്റ് മണിറാമിനു ശബ്ദം നഷ്ടമായത്. ഇതറിഞ്ഞാണു ബാപ്പുസാഹിബ് എന്നറിയപ്പെടുന്ന ഗുരു മഹാരാജ് ജയവന്ത് സിങ് വീട്ടിലെത്തിയത്. ബാപ്പുസാഹിബിന്റെ പാട്ട് കേട്ട് മണിറാമിനു ശബ്ദം തിരിച്ചുകിട്ടി. ശബ്ദത്തിന്റെ കരുത്ത് അടുത്തറിയുകയായിരുന്നു ആ 14 വയസുകാരൻ. ആ കണ്ണിലെ അത്ഭുതം ശ്രദ്ധിച്ച ജസ്രാജിനെ ബാപ്പുസാഹിബ് ഒപ്പം കൂടി. ഒട്ടേറെ കവികളുടെയും സംഗീതജ്ഞരുടെയും അടുത്തേക്കായിരുന്നു യാത്ര. ബാപ്പു സാഹിബിന്റെ മുന്നിൽ അവർ പാടും. ആ സ്വരങ്ങളെ ജസ്രാജ് ഹൃദയത്തിൽ സ്വീകരിക്കും. സ്വരത്തിന്റെ ശക്തി തിരിച്ചറിഞ്ഞ അദ്ദേഹം തബലവിട്ട് വായ്പ്പാട്ടിലേക്കു തിരിയുകയായിരുന്നു. ഉച്ചാരണത്തിലും അദ്ദേഹം ഏറെ ശ്രദ്ധ പുലർത്തി. ഹിന്ദുസ്ഥാനിയിലെ ഗായകനാകണമെന്ന ലക്ഷ്യം മാത്രമായിരുന്നു മനസിൽ. ലക്ഷ്യത്തിലെത്താതെ മുടി മുറിക്കുകയില്ല എന്നൊരു ശപഥവും എപ്പോഴോ ജസ്രാജ് എടുത്തു. എന്തിനും ബാപ്പുസാഹിബ് കൂടെയുണ്ടായിരുന്നു. ഉസ്താദ് ഗുലാം ഖാദർഖാൻ, സ്വാമി വല്ലഭദാസ് എന്നീ ഗുരുക്കന്മാരെ പരിചയപ്പെടുത്തിയതും അദ്ദേഹം തന്നെ. ഗുലാംഖാദർഖാൻ ജസ്രാജിന്റെ മേവതി ഘരാനയിൽപ്പെട്ടയാളായിരുന്നു. എന്നാൽ, സ്വാമി വല്ലഭദാസ് ആഗ്ര ഘരാനയുടെ ഭാഗമായിരുന്നു.





■ പണ്ഡിറ്റ് ജസ്രാജ് പ്രധാനമന്ത്രി നരേന്ദ്ര മോഡിക്കൊപ്പം.(ഫയൽ ചിത്രം)

എന്നാൽ, ബാപ്പുസാഹിബിന്റെ സ്വാധീനമാണ് അദ്ദേഹത്തിൽ കൂടുതലായുണ്ടായിരുന്നത്. ശ്രീകൃഷ്ണനെക്കുറിച്ചുള്ള മന്ത്രോച്ചാരണത്തോടെ കച്ചേരികൾ തുടങ്ങിയതിനു കാരണവും അതായിരുന്നത്രേ. ജസ്രാജിന്റെ വളരെ പ്രശസ്തമായ "ഓം നമോ ഭഗവതേ വാസുദേവായ... " എന്ന കൃഷ്ണ സഹസ്രനാമം ആരാധകരുടെ ഹൃദയത്തിൽ തൊട്ടു. ആകാശവാണിയിൽ കച്ചേരി അവതരിപ്പിച്ചശേഷമാണ് അദ്ദേഹം മുടിമുറിച്ചത്. "സംഗീതത്തിന്റെ ചിറകിലേറി പ്രാർഥനകൾ അതിവേഗം ഈശ്വര സന്നിധിയിലെത്തും."- ഭക്തിയെയും സംഗീതത്തെയും യോജിപ്പിച്ചതിനെക്കുറിച്ച് ഒരിക്കൽ അദ്ദേഹം പറഞ്ഞതിങ്ങനെ.ജസ്രംഗി എന്ന പേരിൽ ഒരു ജുഗൽബന്ദി ശൈലിതന്നെ ജസ്രാജ് ആവിഷ്കരിച്ചു. ഒരു ഗായകനും ഒരു ഗായികയും ഒരേ സമയം രണ്ട് രാഗങ്ങൾ ആലപിക്കുന്ന രീതിയാണിത്.

കേരളത്തിലെ പ്രശസ്ത ഹിന്ദുസ്ഥാനി സംഗീതജ്ഞനായ പണ്ഡിറ്റ് രമേശ് നാരായണൻ, ജസ്രാജിന്റെ ശിഷ്യനാണ്. ചില സിനിമകൾക്കുവേണ്ടിയും അദ്ദേഹം ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. ഹിന്ദി സിനിമാരംഗത്തെ പ്രശസ്തസംവിധായകൻ വി. ശാന്താറാമിന്റെ മകൾ മാധുരയാണ് ജസ്രാജിന്റെ ഭാര്യ. മക്കൾ: ശാരംഗദേവ് പണ്ഡിറ്റ്, ദുർഗ.

ബഹിരാകാശത്ത് സ്മാരകം ലഭിക്കുന്ന അപൂർവം കലാകാരന്മാരിലൊരാളാണു ജസ്രാജ്. 2006 നവംബർ 11 നു കണ്ടെത്തിയ കുള്ളൻ ഗ്രഹത്തിനാണു പണ്ഡിറ്റ്ജസ്രാജ് എന്ന പേരു നലകിയത്. ചൊവ്വയ്ക്കും വ്യാഴത്തിനും മധ്യേയാണ് ഈ കുള്ളൻഗ്രഹത്തിന്റെ സ്ഥാനം. മൊസാർട്ട്, ബീഥോവൻ തുടങ്ങിയ അപൂർവ പ്രതിഭകൾക്കുമാത്രമാണു മുമ്പ് ഈ ഭാഗ്യം ലഭിച്ചിട്ടുള്ളത്. പേരിടീൽ നടക്കും മുമ്പ് 300128 എന്നായിരുന്നു കുള്ളൻ ഗ്രഹത്തിന്റെ പേര്. അദ്ദേഹത്തിന്റെ ജന്മദിനം ആ അക്കങ്ങളിലുണ്ടായിരുന്നു. 28-01-30.

# അധ്യാപകരുടെ പങ്ക് സുപ്രധാനം

● റവ. ഡോ. തോമസ് മൂലയിൽ

പാഠ്യപദ്ധതിയിലോ പഠനസംവിധാനങ്ങളിലോ മാത്രം മാറ്റം വരുത്തിയതുകൊണ്ടു പ്രയോജനമില്ല. പരിശീലനം നൽകുന്ന അധ്യാപകരുടെ പങ്കാണ് ഏറ്റവും പ്രധാന ഘടകം. അവർക്ക്, അറിവും പരിശീലനവും നൽകണം. അല്ലെങ്കിൽ കേരളത്തിൽ ഡി.പി.ഇ.പിക്കു പറ്റിയ പരാജയം ഇവിടെയും ഉണ്ടാകും. അധ്യാപന രീതിയുടെ അലകും പിടിയും മാറണം. ഓർമശക്തിരീക്ഷയിൽ ലഭിച്ച വിജയത്തിന്റെ അടിസ്ഥാനത്തിൽ അധ്യാപകരായവർ അവരുടെ കുട്ടികളെയും പഠിപ്പിച്ച് ഓർമ്മശക്തി പരീക്ഷ നടത്തി വിജയിപ്പിക്കുന്ന നടപടിക്രമം തുടർന്നാൽ പദ്ധതികൾ പരാജയപ്പെടും.



അതുപോലെതന്നെ, അധ്യാപനം മാതൃഭാഷയിലാകുമ്പോൾ അധ്യാപകർക്ക് ആ ഭാഷയിൽ പ്രാവീണ്യമില്ലെങ്കിലും പദ്ധതി പരാജയപ്പെടും. പ്രൈമറി സ്കൂൾ അധ്യപകർ മാതൃഭാഷാ പ്രാവീണ്യം ഉറപ്പാക്കിയേ തീരു. ആശയവിനിമയ പ്രക്രിയയിൽ കമ്പ്യൂട്ടർ ഉപയോഗിച്ചതുകൊണ്ടോ നെറ്റ് ഉപയോഗിച്ചതുകൊണ്ടോ മാത്രം പ്രൈമറിതലത്തിൽ അധ്യാപനം വിജയിക്കില്ല. ആശയവിനിമയശേഷി ഇല്ലാത്ത അധ്യാപകരെ ഒഴിവാക്കുകതന്നെ വേണം. ഡോക്ടറേറ്റുണ്ടെന്നു കരുതി അധ്യാപകനാകാനുള്ള യോഗ്യത ഉണ്ടാവണമെന്നില്ല. കൃത്യമായി പറഞ്ഞാൽ, ഗുരുത്വമുള്ളവരെ മാത്രമേ ഗുരുക്കാരാക്കാവൂ. ഗുരുത്വംകെട്ട അധ്യാപക തൊഴിലാളികളെ സമൂഹത്തിനു വേണ്ടാ എന്നു ചുരുക്കം.

നിലവിലുള്ള അധ്യയനത്തിൽ അധ്യാപകനാണു കൂടുതൽ സജീവമാകുന്നത്. കുട്ടികൾ കേൾവിക്കാരായി മാറുന്നു. പ്രവർത്തനാടിസ്ഥിത പഠനം (Learning by doing), ഭാഗഭാഗിത്വത്തിലൂടെയുള്ള പഠനം (Participatory learning) മുതലായ കാര്യങ്ങളൊക്കെ ട്രെയിനിംഗ് സ്കൂളിലും കോളേജിലും പഠിക്കുന്ന പാഠങ്ങൾക്കപ്പുറം പ്രയോഗത്തിൽ കാര്യമായൊന്നും നടക്കുന്നില്ല. വിദ്യാഭ്യാസം പരസ്പരബന്ധപ്പെടൽ (Education is interaction ) ആണെന്നതും തത്വമായി അവശേഷിക്കുന്നു. ഭാരതീയാചാര്യർ നൂറ്റാണ്ടുകൾക്കു മുമ്പ് പറഞ്ഞിട്ടുള്ള ഒരു കാര്യമുണ്ട്. വിദ്യാഭ്യാസത്തിൽ ഗുരുമുഖത്തുനിന്നുള്ള പഠനം നാലിലൊന്നുമാത്രമാണ്. നാലിലൊന്നു സ്വന്തം സിദ്ധികൊണ്ടും നാലിലൊന്നു സതീർത്ഥ്യരിൽനിന്നും ശേഷിക്കുന്ന നാലിലൊന്നു പഠനം അനുഭവത്തിൽ നിന്നുമാണ്. ആധുനികപഠനങ്ങൾ പറയുന്നതും ഇതൊക്കെത്തന്നെയാണ്.

എദൂച്ചരെ പ്രക്രിയയിലെ ഒരു ന്യൂനത കേവലം മാർക്കിൻെറ അടിസ്ഥാനത്തിൽ കുട്ടികളുടെകഴിവു നിർണയിക്കുന്നതാണെന്നു സൂചിപ്പിച്ചല്ലോ. ഈ ന്യൂനതയിൽ തന്നെയുള്ള മറ്റൊരു ന്യൂനത സയൻസ് വിഷയത്തിൽ കൂടുതൽ മാർക്കു ലഭിക്കുന്നവരെ ഏറ്റവും സമർത്ഥരായി വിലയിരുത്തുന്നതാണ്.

ഷെയ്ക്സ്പിയറും ബർണാഡ്ഷായും മൈക്കിൾ ആഞ്ചലോയും ലയണാർഡ് ദവിഞ്ചിയുമൊക്കെ പുറന്തള്ളപ്പെട്ടുപോകും ഈ വിലയിരുത്തലിൽ. ജീനിയസ് ഐക്യൂ വിലെ മികവായിട്ടാണു പൊതുവെ കണക്കാക്കടൈുന്നത്. പക്ഷേ, അതു തെറ്റിദ്ധാരണയാണ്. മറ്റുള്ളവർ ചെയ്യുന്നതിൽനിന്നു വ്യത്യസ്തവും പുതുമയുള്ളതുമായവ ചെയ്യാൻകഴിയുന്ന വ്യക്തിയാണു ജീനിയസ്. ഒരു മെക്കാനിക്കിനും ഒരു കർഷകനുമൊക്കെ ജീനിയസാകാം. ഒറിജിനാലിറ്റി (Originality) ക്രിയേറ്റിവിറ്റി (Creativity) ഇവയൊക്കെയാണു ജീനിയസിന്റെ ലക്ഷണങ്ങൾ. കഥയും കവിതയും ശില്പവും സംഗീതവുമൊക്കെ ജീനിയസ് ഇനത്തിൽ വരുന്നവയാണ്. ഇങ്ങനെ വ്യത്യസ്തങ്ങളായ സിദ്ധികളുടെ കലവറയാണ് ഓരോ മനുഷ്യനും. ഈ സിദ്ധികൾ പുറത്തുകൊണ്ടുവരണം, വിദ്യാഭ്യാസത്തിന്റെ പ്രഥമഘട്ടത്തിൽ.

വിദ്യാഭ്യാസത്തിൽ അധ്യാപകർക്കൊപ്പമോ അതിൽ കൂടുതലായോ പങ്കുവഹിക്കാനുള്ളതു മാതാപിതാക്കൾക്കാണ്. വീട്ടിലെ അന്തരീക്ഷം, ജീവിതസൗകര്യങ്ങൾ, മാതാപിതാക്കളും കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം, അവരുടെ ജീവിതരീതി, മനോഭാവങ്ങൾ, ആഭിമുഖ്യങ്ങൾ എന്നിവയെല്ലാം കുട്ടികളുടെ വിദ്യാഭ്യാസത്തെ സ്വാധീനിക്കുന്നു.

അറിവുസമ്പാദനത്തിനപ്പുറം സ്വഭാവരൂപീകരണവും പ്രധാനമാണെന്നു വിസ്മരിക്കപ്പെടുന്നു. ധാർമിക, ആധ്യാത്മിക തലങ്ങളിൽ കുട്ടികളെ കൂടുതൽ സ്വാധീനിക്കുന്നതു കുടുംബമാണ്. അറിവു സമ്പാദനത്തിനു കൊടുക്കുന്ന അമിത പ്രാധാന്യം കുട്ടികളെ വല്ലാതെ സമ്മർദത്തിലാക്കുന്നു. അതുകൊണ്ടാണ്, കുട്ടികളെ ട്യൂഷൻ സെന്ററുകളുടെ അടിമകളാക്കുന്നത്. ഇന്നത്തെ വിദ്യാഭ്യാസനിലവാരത്തകർച്ചയ്ക്കുള്ള മുഖ്യ കാരണങ്ങളിലൊന്ന് ഈ ട്യൂഷൻ സമ്പ്രദായമാണ്. പ്രൈമറി തലത്തിലുള്ള കുട്ടികളെ ട്യൂഷൻസെന്ററുകളിൽ തളച്ചിടുന്നത് അവരോടു കാണിക്കുന്ന ക്രൂരതയാണ്. കുട്ടിയെ ബാല്യത്തിൽ രാജകുമാരനെപ്പോലെയും കൗമാരത്തിൽ അടിമയെപ്പോലെയും യുവത്വത്തിൽ സുഹൃത്തിനെപ്പോലെയും കാണണമെന്ന ഭാരതാചാര്യൻമാരുടെ സാരോപദേശം ഈ ആധുനിക യുഗത്തിലും പ്രസക്തമാണെന്നകാര്യം ബന്ധട്ടെവരെല്ലാം തിരിച്ചറിഞ്ഞിരുന്നെങ്കിൽ .....!

### അടിത്തറയിടേണ്ടത് മാതൃഭാഷയിൽ

പ്രൈമറിതല എദൂച്ചരെ പ്രക്രിയയിൽ നിന്നുതന്നെ കുട്ടികളുടെ കഴിവുകളെ ഇനംതിരിച്ചു കണ്ടുപിടിക്കാനോ പുറത്തുകൊണ്ടുവരാനോ പൂർണമായും സാധിച്ചെന്നുവരില്ല. എങ്കിലും കുട്ടിയുടെ പൊതുവായ ആഭിമുഖ്യങ്ങളും അഭിരുചികളും സാധ്യതകളും തിരിച്ചറിയാൻ സാധിക്കും. തുടർപഠനങ്ങളിലുള്ള പാഠ്യപദ്ധതിയിൽ എഴുത്ത്, വായന, സംസാരം, ഭാഷ, കല, സാഹിത്യം, ചിത്രരചന, ശില്പവിദ്യ, കരകൗശലം, അഭിനയം, ശാസ്ത്രം എന്നിങ്ങനെയുള്ള എല്ലാ മേഖലകളെറ്റിയുമുള്ള അറിവു നൽകുന്നതോടൊപ്പം തുടക്കംകുറിക്കലും (Orientaion ) ഉണ്ടാവണം. അപ്പോൾ ഓരോ കുട്ടിക്കും തന്റെ ആഭിമുഖ്യവും അഭിരുചിയുമനുസരിച്ച് ഒരു പാത കണ്ടുപിടിക്കാനും അതിലൂടെ സഞ്ചരിക്കാനും സാധിക്കും. ഇവിടെയാണ്, അഞ്ചാംക്ലാസുവരെ നിർബന്ധമായും മാതൃഭാഷ പഠിപ്പിക്കണമെന്നും എട്ടാംക്ലാസുവരെ മാതൃഭാഷയിൽ തന്നെ പഠനം തുടരുന്നതുമാണ് അഭികാമ്യമെന്നും പറയുന്നതിൻെറ പ്രസക്തി. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്.

അഞ്ചാംക്ലാസുവരെ മാതൃഭാഷയിൽ പഠനം നടത്തിയ കുട്ടിയെ പൊടുന്നനേ ആറാംക്ലാസു മുതൽ ഇംഗ്ലീഷ് മീഡിയത്തിലൂടെ എല്ലാ വിഷയങ്ങളും പഠിപ്പിക്കാൻ തുടങ്ങിയാൽ പദ്ധതി പരാജയപ്പെടും. പകരം, ആറാംക്ലാസു മുതലുള്ള സിലബസിൽ ഇംഗ്ലീഷ് ഭാഷയ്ക്കു മുന്തിയ പ്രാധാന്യം നൽകിക്കൊണ്ട് ഇംഗ്ലീഷ് ഭാഷയിലൂടെ സഞ്ചരിക്കാൻ കെല്പുണ്ടാക്കിയിട്ട്, എട്ടാംക്ലാസു മുതൽ ഇംഗ്ലീഷ്മീഡിയത്തിലൂടെ പഠിപ്പിച്ചാൽ പ്രശ്നമുണ്ടാകില്ല.

ഉന്നതപഠനത്തിനു യോഗ്യതയുള്ള കുട്ടികളെ മാത്രമേ ഈ ട്രാക്കിലൂടെ വിടാവൂ. അല്ലാത്തവരെ അവരുടെ പരിധിയിൽട്ടെ ട്രാക്കിലൂടെയേ വിടാവൂ. ഓരോ കുട്ടിക്കും സഞ്ചരിക്കാനുള്ള ട്രാക്ക് എദൂച്ചരെ ഘട്ടം പിന്നിടുമ്പോൾ (5ാം ക്ലാസ് കഴിയുമ്പോൾ) നിശ്ചയിച്ചുകൊടുക്കണം. ഇന്റഗ്രേറ്റഡ് കോഴ്സ് ഉണ്ടാവണമെന്നു പറയുന്നതിന്റെ കാരണവും ഇതുതന്നെ. ശാസ്ത്രജ്ഞരാകാൻ കഴിവുള്ള കുട്ടികളുടെ ട്രാക്കിലൂടെ ശില്പവിദ്യ അഭ്യസിക്കുന്ന കുട്ടികളെ കടത്തിവിടരുത്. ഇരു കൂട്ടർക്കും ആവശ്യമായ ഇംഗ്ലീഷ് പരിജ്ഞാനം ഒരുപോലെയല്ലല്ലോ. ഇംഗ്ലീഷ്പഠനത്തിന്റെ പ്രസക്തിയോ പ്രാധാന്യമോ ആരും നിഷേധിക്കുന്നില്ല. എപ്പോൾ തുടങ്ങണമെന്നുംഎങ്ങനെ തുടരണമെന്നും മനസിലാക്കിക്കൊണ്ടു വേണം അതു ചെയ്യാൻ.

ചെറുപ്പം മുതലേ ഇംഗ്ലീഷ് പഠനം ആരംഭിച്ചെങ്കിൽ മാത്രമേ ഭാഷയിൽ അവഗാഹം നേടാനാകൂ എന്ന ധാരണയാണു പൊതുവിലുള്ളത്. യുനെസ്കോ (United Nations Educational, Scientific andCultural Organization) നടത്തിയിട്ടുള്ള പഠനം ഈ ധാരണ ശരിയല്ലെന്നു സമർത്ഥിക്കുന്നുണ്ട്. മാതൃഭാഷയിൽ സാമാന്യജ്ഞാനം നേടിയശേഷം മാതൃഭാഷയോടു ചേർന്ന് രണ്ടാംഭാഷ പഠിച്ചാൽ പഠനം കൂടുതൽ എളുപ്പമാകുമെന്നാണു യുനെസ്കോ യുടെ നിഗമനം.

അതിനുമുപരി, ആശയവിനിമയശേഷി വർധിക്കുമെന്നും പഠനം പറയുന്നുണ്ട്. ചെറിയ ക്ലാസുകളിൽ സ്വായത്തമാക്കിയ മാതൃഭാഷാ നൈപുണി രണ്ടാം ഭാഷാ പഠനത്തെയും അതിന്റെ ഉപയോഗത്തെയും ഗുണപരമായി സ്വാധീനിക്കുമെന്നും യുനെസ്കോ പറയുന്നു. അമേരിക്കയിലെ വിവിധ പ്രദേശങ്ങളിലെ വിദ്യാർഥികൾക്കിടയിൽ വെയിൽ തോമസ്, വെർജിനിയോ കോളിയർ എന്നിവർ ചേർന്നു നടത്തിയ പഠനത്തിൽ, ആദ്യത്തെ ആറുവർഷക്കാലം മാതൃഭാഷയിൽ വിദ്യ അഭ്യസിക്കുന്ന കുട്ടികൾ മാതൃഭാഷയിലല്ലാതെ മറ്റു ഭാഷകളിൽ പഠിക്കുന്ന കുട്ടികളേക്കാൾ ബൗദ്ധികമായി ഉയർന്ന നിലവാരം പുലർത്തുന്നതായി കണ്ടെത്തുകയും യുനെസ്കോ ഈ പഠനത്തെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഈ ലേഖകൻ തന്നെ പരീക്ഷിച്ചു ബോധ്യപ്പെട്ടിട്ടുള്ള കാര്യവുമാണിത്. മലയാളത്തിന് അടിത്തറയിടുന്നതിനു മുമ്പും അടിത്തറയിട്ടതിനു ശേഷവും ഇംഗ്ലീഷ് പഠിപ്പിച്ചു നോക്കിയപ്പോൾ അടിത്തറയിട്ടതിനു ശേഷമുള്ള പഠിപ്പിക്കൽ വളരെ എളുവും ഫലപ്രദവുമായിരുന്നു. അതുകൊണ്ട്, ചെറുപ്പം മുതലേ ഇംഗ്ലീഷ് പഠനം ആരംഭിക്കണമെന്ന വാദഗതി അപ്രസക്തമാകുന്നു.

പ്രൈമറിതല വിദ്യാഭ്യാസം മാതൃഭാഷയിലൂടെ തന്നെയാവണം എന്ന വിദ്യാഭ്യാസനയം എല്ലാ അർഥത്തിലും സ്വാഗതാർഹമാണ്. ദേശീയ ഭാഷയ്ക്കും അന്തർദേശീയഭാഷയ്ക്കും അർഹിക്കുന്ന സ്ഥാനം നൽകിക്കൊണ്ടുതന്നെ മാതൃഭാഷയ്ക്കുള്ള പ്രഥമസ്ഥാനം നിലനിർത്താൻ പാഠ്യപദ്ധതിക്കു കഴിയണം. മാതൃഭാഷയ്ക്കു പകരം നിൽക്കാൻ മറ്റൊരു ഭാഷയ്ക്കും കഴിയുകയില്ലെന്ന തിരിച്ചറിവ്, വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും ഉണ്ടാകുന്നതോടെ, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടു നിൽക്കുന്ന എല്ലാവർക്കും ആ ബോധ്യം നൽകാനും കഴിയണം.

*അവസാനിച്ചു*

# സംസ്കൃത സർവകലാശാലയുടെ പഠന നിർദ്ദേശത്തിന് യുനെസ്കോ പങ്കാളിത്തം

കാലടി: യുനെസ്കോയുടെ എൻജിയോസ് ഇൻടാൻജിബിൾ കൾച്ചറൽ ഹെറിറ്റേജ് സെയ്ഫ് ഗാർഡിങ് ആക്ടിവിറ്റീസ് പദ്ധതിയുടെ രാജ്യാന്തര പങ്കാളിയായി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ സെന്റർ ഫോർ ഇൻടാൻജിബിൾ ഹെറിറ്റേജ് സ്റ്റഡീസിനെ തെരഞ്ഞെടുത്തു. കളരിപ്പയറ്റുമായി ബന്ധപ്പെട്ടു സമർപ്പിച്ച പഠന നിർദ്ദേശത്തിനാണ് അംഗീകാരം.

SREE SANKARACHARYA UNIVERSITY OF SANSKRIT

# ഓണം: കടകൾ ഏഴുമുതൽ ഏഴുവരെ; ഹോട്ടലുകൾ രാത്രി ഒമ്പതുവരെ

തുരുവനന്തപുരം: കോവിഡ് വർധിച്ചുവരുന്ന സാഹചര്യവും ഓണത്തിരക്കും കണക്കിലെടുത്ത് മുൻകരുതൽ നടപടികൾ ശക്തമാക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽചേർന്ന ഉന്നതതലയോഗത്തിൽ തീരുമാനം.

ഇത് കണക്കിലെടുത്ത് വ്യാപാരി വ്യവസായികളുടെ യോഗം വിളിച്ചുചേർക്കാൻ ജില്ലാ കലക്ടർമാർക്ക് മുഖ്യമന്ത്രി നിർദേശം നൽകി. ചീഫ് സെക്രട്ടറി ഡോ. വിശ്വാസ് മേത്ത, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. എ. ജയതിലക്, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു.

● കടകൾ രാവിലെ ഏഴു മണി മുതൽ വൈകുന്നേരം ഏഴു മണിവരെ തുറക്കാം. ഹോം ഡെലിവറി പ്രോത്സാഹിപ്പിക്കണം. സാമൂഹിക അകലം പാലിച്ച് ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ഇരുന്ന് ഭക്ഷണം കഴിക്കാം.

ഹോട്ടലുകൾ രാത്രി ഒൻപതു മണിവരെ തുറന്നു പ്രവർത്തിക്കാം.

മിക്കവാറും ഹോട്ടലുകളും റിസോർട്ടുകളും അടഞ്ഞുകിടക്കുകയാണ്. അണുമുക്തമാക്കി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഇവ തുറക്കാനുള്ള അനുമതി നൽകും.

● കോവിഡ്-19 പരിശോധനകൾ വർധിപ്പിക്കാൻ ജില്ലാ കലക്ടർമാർക്കും ആരോഗ്യവകുപ്പിനും നിർദേശം നൽകി. ഓണമായതിനാൽ ധാരാളം പേർ പുറത്തുനിന്ന് സംസ്ഥാനത്തേക്ക് വരും. ഇവർക്ക് സംരക്ഷണം ഒരുക്കാനും പരിശോധന നടത്താനും ആരോഗ്യവകുപ്പ് തയാറാകണം.

● മാസ്ക് ധരിക്കുന്നതടക്കമുള്ള മുൻ കരുതൽ നടപടികൾ പ്രോത്സാഹിപ്പിക്കാനായി ബന്ധപ്പെട്ട വകുപ്പുകൾ പ്രചാരണം നടത്തണം.

● പൂജപ്പുര സെൻട്രൽ ജയിലിൽ കോവിഡ് വർധിക്കുന്ന സാഹചര്യത്തിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെന്റർ ആരംഭിക്കും. കോവിഡ്-19 ബ്രിഗേഡ് സ്പെഷൽ ടീമിനെ ജയിലിൽ നിയോഗിക്കും.

● 65 വയസ് കഴിഞ്ഞ തടവുകാർക്ക് പരോൾ അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻ ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയെയും ജയിൽ ഡി.ജി.പിയെയും ചുമതലപ്പെടുത്തി. ജയിലുകളിൽ കോവിഡ് പടർന്നുപിടിക്കുന്ന സാഹചര്യത്തിലാണിത്.

● മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നതിനു മുമ്പ് കോവിഡ് ടെസ്റ്റ് നടത്തണമെന്ന ചില ജില്ലകളിലെ നിബന്ധന ഒഴിവാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# ഓണക്കൂർ സെഹിയോൻ പള്ളിയും യാക്കോബായ സഭയ്ക്ക് നഷ്ടമായി



● മുളന്തുരുത്തി മാർത്തോമൻ കത്തീഡ്രൽ ഏറ്റെടുക്കുന്നതിൽ പ്രതിഷേധിച്ച് പള്ളിക്കകത്ത് പ്രാർഥനായജ്ഞം നടത്തുന്നതിനിടയിൽ സഖറിയാസ് മോർ പോളികോർപ്പോസ് മെത്രാപ്പോലീത്തയെ പോലീസ് പുറത്തേക്കു കൊണ്ടുപോകുന്നത് വിശ്വാസികൾ തടയാൻ ശ്രമിക്കുന്നു

പാമ്പാക്കുട: വിശ്വാസികളുടെ കടുത്ത പ്രതിഷേധത്തിനിടെ ഓണക്കൂർ മാർ ഇഗ്നാത്തിയോസ് സെഹിയോൻ യാക്കോബായ സുറിയാനി പള്ളി ജില്ലാ ഭരണകൂടം ഏറ്റെടുത്തു.

രണ്ടു പതിറ്റാണ്ടു നീണ്ട അവകാശ തർക്കത്തിനൊടുവിൽ കോടതി വിധിയുടെ അടിസ്ഥാനത്തിലായിരുന്നു നടപടി. പ്രാർഥനയിലായിരുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള വിശ്വാസികളെ കോടതി നിരീക്ഷകന്റെ സാന്നിധ്യത്തിൽ പോലീസ് ബലം പ്രയോഗിച്ച് പുറത്താക്കി. ഇരു വിഭാഗവും ഒന്നിടവിട്ട ആഴ്ചകളിൽ ആരാധന നടത്തിയിരുന്ന പള്ളിയിൽ നേരത്തെ നിരവധി സംഘർഷങ്ങളാണ് ഉണ്ടായിട്ടുള്ളത്. 1999 ആരംഭിച്ച കേസിൽ അനുകൂല കോടതി വിധിയെത്തുടർന്ന് ഓർത്തഡോക്സ് വിഭാഗം ഈ മാസം ഒൻപതിന് ഫാ. വിജു ഏലിയാസിന്റെ നേതൃത്വത്തിൽ ആരാധനയ്ക്കായി എത്തിയിരുന്നു. എന്നാൽ യാക്കോബായ വിശ്വാസികളുടെ എതിർപ്പുമൂലം പള്ളിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല.

തുടർന്ന് ഓർത്തഡോക്സ് വിഭാഗം വീണ്ടും കോടതിയെ സമീപിച്ചതിനെത്തുടർന്നുണ്ടായ ഉത്തരവിലാണ് ഇന്നലെ ജില്ലാ ഭരണകൂടം പള്ളി ഏറ്റെടുത്തത്. തഹസിൽദാർ കെ.എസ്. സതീശൻ, അഭിഭാഷക കമ്മിഷൻ അഡ്വ. പി.എസ്. ഗിരീഷ് എന്നിവരുടെ നേതൃത്വത്തിൽ റവന്യൂ സംഘം ഇന്നലെ രാവിലെ 10 നു പള്ളിയിലെത്തി.

സംഘർഷ സാധ്യത കണക്കിലെടുത്ത് പിറവം സർക്കിൾ ഇൻസ്പെക്ടർ വി.എസ്. സാംസന്റെ നേതൃത്വത്തിൽ വൻ പോലീസ് സംഘവും സ്ഥലത്ത് എത്തിയിരുന്നു. പള്ളിയ്ക്കകത്തു പ്രാർഥന നടത്തിയിരുന്നവരുമായി തഹസിൽദാർ ചർച്ച നടത്തിയെങ്കിലും വിശ്വാസികൾ പുറത്തിറങ്ങാൻ തയാറായില്ല. എന്നാൽ പോലീസിന്റെ സഹായത്തോടെ വിശ്വാസികളെ ബലപ്രയോഗത്തിലൂടെ പുറത്തിറക്കി പള്ളിയുടെ നിയന്ത്രണം തഹസിൽദാർ ഏറ്റെടുക്കുകയായിരുന്നു. തുടർന്നു റവന്യൂ സംഘം പള്ളിയിലെയും ഓഫീസിലെയും കണക്കെടുപ്പും പൂർത്തിയാക്കി.

ഇരുവിഭാഗങ്ങൾ തമ്മിൽ തർക്കം ആരംഭിച്ച 1999 ൽ ട്രസ്റ്റിമാരായിരുന്ന കെ.എം. ജേക്കബ്, കെ.ജെ. ജോയി എന്നിവരിൽനിന്ന് പള്ളിയുടെ താക്കോൽ തഹസിൽദാർ ഏറ്റുവാങ്ങി. അതേസമയം കോടതിയുടെ ഉത്തരവ് പാലിക്കാൻ തങ്ങൾ തയാറായിരുന്നു എന്നും കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സാവകാശം നൽകണമെന്നുമായിരുന്നു ആവശ്യപ്പെട്ടതെന്ന് വികാരി ഫാ. എൽദോ ജോൺ കുറ്റിവേലിൽ, പള്ളി സെക്രട്ടറി സാബു നാരേക്കാട്ട് എന്നിവർ പറഞ്ഞു.

## സഖറിയാസ് മോർ പോളികാർപോസിനെ പോലീസ് വലിച്ചിഴച്ചു

● ഒന്നാം പേജ് തുടർച്ച

യാക്കോബായ സഭാംഗങ്ങളെ അറസ്റ്റ് ചെയ്തു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പി.പി.ഇ. കിറ്റ് ധരിച്ചും നടപടിക്ക് പോലീസ് എത്തിയിരുന്നു. പ്രാർഥന തുടർന്ന വിശ്വാസികളെ ബലം പ്രയോഗിച്ച് നീക്കം ചെയ്തു. മെത്രാപ്പോലീത്തമാർ ഉൾപ്പെടെ വൈദികർക്കും വിശ്വാസികൾക്കും ലാത്തിചാർജിൽ പരുക്കേറ്റു. അറസ്റ്റ് ചെയ്തവരെ ആമ്പല്ലൂരിലെ സ്വകാര്യ കേന്ദ്രങ്ങളിലേക്കു നീക്കി. ആറരയോടെ പോലീസ് പള്ളി പൂട്ടി.

സഖറിയാസ് മോർ പോളികാർപോസിനെ പോലീസ് വലിച്ചിഴച്ചാണു പള്ളിക്കുള്ളിൽനിന്നു നീക്കിയത്. ശാരീരിക അസ്വസ്ഥത മൂലം അവശനിലയിലായ മെത്രാപ്പോലീത്തയെ കോതമംഗലത്തെ ആശുപത്രിയിലേക്കു മാറ്റി. മുളന്തുരുത്തി മാർത്തോമൻ കത്തീഡ്രൽ പള്ളി പൂട്ടി താക്കോൽ എറണാകുളം ജില്ലാ കലക്ടറുടെ കൈവശം സൂക്ഷിക്കാൻ ഹൈക്കോടതി ഉത്തരവിട്ടിരുന്നു. പള്ളി കലക്ടർ ഏറ്റെടുത്ത് ഓർത്തഡോക്സ് വിഭാഗത്തിന് കൈമാറണമെന്ന സിംഗിൾ ബെഞ്ച് നിർദേശം നടപ്പാക്കാത്തതിനെതിരായ കോടതിയലക്ഷ്യ ഹർജിയുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ അപ്പീൽ ഹർജിയിലാണു ജസ്റ്റിസ് എ.എം. ഷഫീഖ്, ജസ്റ്റിസ് പി. ഗോപിനാഥ് എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടത്.

കോവിഡ് പശ്ചാത്തലത്തിൽ പള്ളി ഏറ്റെടുക്കാൻ പോലീസ് സഹായം ലഭ്യമാക്കാനാകില്ലെന്നും മൂന്നു മാസം കൂടി സമയം അനുവദിക്കണമെന്നും സർക്കാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ഉത്തരവ് നടപ്പാക്കാൻ കേന്ദ്രസഹായം തേടാമെന്ന നിർദേശം കഴിഞ്ഞ ദിവസം സിംഗിൾ ബെഞ്ചിന്റെ ഭാഗത്തുനിന്നുണ്ടായി. ഇതിനെതിരെയാണ് സർക്കാർ അപ്പീൽ ഹർജിയുമായി ഡിവിഷൻ ബെഞ്ചിനെ സമീപിച്ചത്. പള്ളി 1934 ഭരണഘടനപ്രകാരം ഭരിക്കണമെന്ന് കോടതി ഉത്തരവിട്ടിരുന്നു. പള്ളിയുടെ 67ലെ ഭരണഘടന കോടതി അസാധുവാക്കി. 1967 മുതൽ സ്വന്തം ഭരണഘടനപ്രകാരമാണു മുളന്തുരുത്തി പള്ളി ഭരിച്ചിരുന്നത്. നിലവിൽ യാക്കോബായ വിഭാഗത്തിന്റെ നിയന്ത്രണത്തിലായിരുന്നു പള്ളി. ആഗോള സുറിയാനി സഭ പരിശുദ്ധനായ പ്രഖ്യാപിച്ച പരുമല തിരുമേനിയുടെ ഇടവക കൂടിയാണ് മുളന്തുരുത്തി മാർത്തോമൻ കത്തീഡ്രൽ.

## പോലീസ് നടപടി നീതീകരിക്കാനാവില്ല: ബെന്നി ബഹനാൻ എം.പി

കൊച്ചി: കോടതിവിധി നടപ്പാക്കിയതിന്റെ മറവിൽ പിതാക്കന്മാർക്കും വൈദികർക്കുമെതിരേ നടന്ന പോലീസ് നരനായാട്ട് നീതീകരിക്കാനാവില്ലെന്ന് ബെന്നി ബഹനാൻ എം.പി. അഭിവന്ദ്യരായ വൈദികരെയും പിതാക്കന്മാരെയും പുലർച്ചെ പള്ളിയിൽനിന്നു വലിച്ചിറക്കി മർദിച്ച് അറസ്റ്റ് ചെയ്ത നടപടി അപലപനീയമാണ്. കോവിഡ് മാനദണ്ഡങ്ങൾ പോലും പാലിക്കാതെയായിരുന്നു പോലീസ് നടപടി. കോടതി വിധി മാനിക്കേണ്ടതാണ്.

എന്നാൽ മുളന്തുരുത്തി പള്ളിയുമായി ബന്ധപ്പെട്ട് ഡിവിഷൻ ബഞ്ചിനു മുന്നിൽ മറ്റൊരു ഹർജി നിലനിൽക്കുമ്പോഴാണു തിരക്കു പിടിച്ച് പോലീസ് നടപടിയിലേക്കു കടന്നത്. നിയമവാഴ്ച നടപ്പാക്കാൻ ഉത്തരവാദിത്വപ്പെട്ട കലക്ടർ എന്തുകൊണ്ടാണു സംഭവസമയത്ത് മാറി നിന്നതെന്നും ബെന്നി ബഹനാൻ ചോദിച്ചു. കോടതിവിധി നടപ്പാക്കാൻ എന്ന പേരിൽ അതിക്രമം കാട്ടിയ ഉദ്യോഗസ്ഥർക്കെതിരേ നടപടി വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## നിരണം ഭദ്രാസനം പ്രതിഷേധിച്ചു

തിരുവല്ല: കോടതിവിധിയുടെ മറവിൽ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ അതിക്രമിച്ച് കയറിയ പോലീസ് മെത്രാപ്പോലീത്താമാരുടേയും വൈദികരുടേയും വിശ്വാസികളുടെയും നേരേ നടത്തിയ ക്രൂരമായ നരനായാട്ടിനെ യാക്കോബായ സഭ നിരണം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ കൂറിലോസ് അപലപിച്ചു. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് പ്രാർഥിക്കാനെത്തിയ വിശ്വാസികളെയും വൈദികരുടേയും നേരേയാണ് അക്രമണമുണ്ടായത്. ഇവരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. സഭയ്ക്കുനേരേ നടക്കുന്ന നീതിനിഷേധത്തിനും അതിക്രമത്തിനുമെതിരേ ഇന്ന് കരിദിനമായി ആചരിക്കാൻ മെത്രാപ്പോലീത്ത ആഹ്വാനം നൽകി.

## നടന്നത് നരനായാട്ട്: യാക്കോബായ സഭ

കൊച്ചി: മുളന്തുരുത്തി മാർത്തോമൻ യാക്കോബായ സുറിയാനി പള്ളിയിൽ നടന്നത് ഓരോ യാക്കോബായക്കാരന്റെയും നെഞ്ചിലേറ്റ മുറിവാണെന്നു യാക്കോബായ സഭ മീഡിയാസെൽ ചെയർമാൻ ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്ത. കോവിഡ് നിയന്ത്രണം മുതലെടുത്താണു പോലീസും അധികാരികളും പള്ളി നരനായാട്ടിലൂടെ പിടിച്ചെടുത്തത്. ഇതു കാട്ടുനീതിയാണ്. ചിങ്ങപ്പുലരിയിൽ ഓണക്കൂർ പള്ളിയും പിടിച്ചെടുത്തു.

പത്തുമണിക്ക് ഒന്നാം നമ്പറായി കേസ് പരിഗണിക്കാനിരിക്കെ, ആറുമണിക്കൂർ സമയം വേണമെന്നു യാചിച്ചിട്ടും ആർ.ഡി.ഒയും പോലീസും സമ്മതിച്ചില്ല. ഭീകരവാദികളെ പുറത്താക്കുന്നതുപോലെ നിസഹായരായ വിശ്വാസികളെ തല്ലിയോടിക്കുകയായിരുന്നു. ജില്ലാകലക്ടർ പോലും എത്തിനോക്കിയില്ല. സാധാരണക്കാരന്റെ അവസാനത്തെ ആശ്രയമാണു കോടതികൾ. നീതിപീഠത്തിന്റെ മറവിൽ നടന്ന പോലീസിന്റെ രാത്രിക്കൊള്ള ആരെ സഹായിക്കാനെന്നു സമൂഹം തിരിച്ചറിയണം.

പള്ളിയിൽ പ്രർഥിച്ചിരുന്ന സ്ത്രീകൾ അടക്കമുള്ള വിശ്വാസിസമൂഹത്തെ അഞ്ഞൂറിൽപരം പോലീസുകാർ വളഞ്ഞുവച്ചു ആക്രമിക്കുകയായിരുന്നു. രണ്ടു മെത്രാപ്പോലീത്തമാർക്കും നിരവധി വൈദികർക്കും 13 വയസുള്ള കുട്ടിയുൾപ്പെടെ അനേകം വിശ്വാസികൾക്കും പരുക്കേറ്റു. അഞ്ചു മെത്രാപ്പോലീത്തമാരെ അറസ്റ്റുചെയ്തു കൊണ്ടുപോയി.

നൂറ്റാണ്ടുകളായി യാക്കോബായ സഭയുടെ തലപ്പള്ളിയാണു 1934 ലെ നവീന വിഭാഗത്തിനു പോലീസ് പിടിച്ചെടുത്തു കൊടുത്തത്. ഇതിനു ന്യായീകരണമില്ല. ആഭ്യന്തര, റവന്യൂ മന്ത്രിമാരുടെ അനുമതിയോടെയാണോ പോലീസ് വേട്ടയെന്നറിയാൻ താൽപര്യമുണ്ട്. സഭാതർക്കം മധ്യസ്ഥതയിലൂടെ തീർക്കാർ സർക്കാരിനു ഇടപെടാമെന്നു 2017 ലെ സുപ്രീംകോടതി വിധിയിലുണ്ട്.

അതുപാലിക്കാതെ വിധിയിലെ അനുകൂല വരികൾ മാത്രമെടുത്തു തിരക്കിട്ടു പള്ളിപിടിക്കാൻ ചലർ കാണിക്കുന്ന വ്യഗ്രത ദുരൂഹമാണ്. 43 പള്ളികൾ നഷ്ടപ്പെട്ടിട്ടും സംയമനം പാലിച്ച യാക്കോബായക്കാരനു അവസാന പ്രതീക്ഷയെന്ന നിലയിൽ ആറു മണിക്കൂർ ചോദിച്ചിട്ടും കാത്തിരിക്കാൻ ഭരണകൂടം തയാറായില്ല.-മെത്രാപ്പോലീത്ത പറഞ്ഞു. പോലീസ് നടപടിയിൽ പ്രതിഷേധിച്ചും ദുഃഖസൂചകമായും ഇന്നലെ ലോകത്തെമ്പാടുമുള്ള യാക്കോബായ പള്ളികളിൽ കരിദിനമാചരിച്ചു.

ഇന്ന് എല്ലാ പള്ളികളിലും കോവിഡ് മാനദണ്ഡം പാലിച്ചു കറുത്ത ബാഡ്ജ് ധരിച്ചു പ്രതിഷേധം സംഘടിപ്പിക്കാൻ അടിയന്തര വർക്കിംഗ് കമ്മറ്റിയോഗം ആഹ്വാനം ചെയ്തതായും മെത്രാപ്പോലീത്ത അറിയിച്ചു.

## കണ്ണടച്ചിരുട്ടാക്കുന്നത് പൊതുസമൂഹം തിരിച്ചറിയും: ഓർത്തഡോക്സ് സഭ

കോട്ടയം: അധികാരികളുടെ പിന്തുണയോടെ യാക്കോബായ സഭ നിയമനിഷേധം നടത്തുന്നതു പൊതുസമൂഹം തിരിച്ചറിയുമെന്നു ഓർത്തഡോക്സ് സഭ. കോവിഡ് വ്യാപന സാഹചര്യത്തിൽ നിയമ നിഷേധത്തിന് അവസരമുണ്ടാകുംവിധം സംഘംചേരാൻ അവസരം നൽകിയവരെപ്പറ്റി അന്വേഷണം നടത്തണമെന്നു സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ എന്നിവർ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

മുളന്തുരുത്തി മാർത്തോമ്മൻ പള്ളി വിധി നടപ്പാക്കുന്നതിനു ബലപ്രയോഗം അനിവാര്യമായി വന്നതു യാക്കോബായ വിഭാഗം കോടതി വിധി അംഗീകരിക്കാൻ കൂട്ടാക്കാത്ത സാഹചര്യത്തിലാണ്. പത്തു മാസം മുമ്പ് അന്തിമ വിധി വന്നതാണ്. അതിനു ശേഷം കഴിഞ്ഞ മേയിൽ ഓർത്തഡോക്സ് സഭ പോലീസ് സംരക്ഷണം ആവശ്യപ്പെട്ടു. കോടതി അത് അനുവദിച്ചു. തുടർന്ന് ഈ രണ്ടു കേസുകൾക്കും എതിർകക്ഷികൾ റിവ്യൂ പെറ്റീഷൻ നൽകുകയും അവയെല്ലാം തള്ളുകയുമാണുണ്ടായത്. വിധി നടപ്പാക്കാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ ഓർത്തഡോക്സ് സഭ നൽകിയ കോടതിയലക്ഷ്യ കേസിലാണ് ഇപ്പോൾ തീർപ്പ് വന്നിരിക്കുന്നത്. ഇതു കേവലം കോലഞ്ചേരി പള്ളിയുടെയോ, മുളന്തുരുത്തി പള്ളിയുടെയോ പിറവം പള്ളിയുടെയോ മാത്രം പ്രശ്നം അല്ല. എഴുപതുകളിൽ നടന്നുകൊണ്ടിരുന്നത് നിയമ വിരുദ്ധമാണെന്നും കൈയേറ്റങ്ങൾ പൂർണമായും ഒഴിവാക്കപ്പെടണമെന്നുമെന്നുമുള്ള കണ്ടെത്തലിന്റെ തുടർ നടപടിയാണ് ഇപ്പോൾ നടന്നുവരുന്നതെന്നും ഇരുവരും പറഞ്ഞു.

## സഭാതർക്കം ക്രിസ്തീയമായി പരിഹരിക്കണം: അത്മായ ഫോറം

കൊച്ചി: യാക്കോബായ-ഓർത്തഡോക്സ് സഭകൾ തമ്മിൽ നിലനിൽക്കുന്ന തർക്കങ്ങൾ ക്രിസ്തീയമായി പരിഹരിക്കാൻ ഇരുസഭകളുടെയും നേതൃത്വം തയാറാകണമെന്നു സീറോ മലബാർ സഭയുടെ അത്മായ കമ്മിഷന്റെ കീഴിലുള്ള അല്മായ ഫോറം ആവശ്യപ്പെട്ടു. ഇതര ക്രൈസ്തവ വിഭാഗങ്ങളുടെ നേതൃത്വമോ സർക്കാർ രൂപീകരിക്കുന്ന ഉന്നതസമിതികളുടെയോ മധ്യസ്ഥതയ്ക്ക് ഇരുസഭകളും വഴിപ്പെടണം. നിയമവിധേയമായിട്ടാണെങ്കിൽപോലും പള്ളികൾ പിടിച്ചെടുക്കുന്നത് ക്രൈസ്തവീയമല്ല.

ഇരുസഭാവിഭാഗങ്ങൾക്കും വേരുറപ്പുള്ള മധ്യകേരളത്തിൽ ശാശ്വതമായ പരിഹാരമുണ്ടായില്ലെങ്കിൽ സമാധാനലംഘനങ്ങൾക്കു സാധ്യതയുണ്ട്. ഇരുവിഭാഗങ്ങളുമുന്നയിക്കുന്ന ന്യായങ്ങൾ എന്തായാലും വിശ്വാസികളുടെ ചിന്താഗതിയും കാലങ്ങളായി കാത്തുസൂക്ഷിക്കുന്ന വിശ്വാസപ്രമാണങ്ങളും കൈവിട്ടുകളയാൻ ആരും തയാറാകില്ല. അതുകൊണ്ട് പരസ്പരമുള്ള പിടിച്ചെടുക്കലുകൾ അവസാനിപ്പിച്ച് മധ്യസ്ഥ ചർച്ചകൾക്കും പ്രാർഥനകൾക്കും ഇരുവിഭാഗങ്ങളും തയാറാകണമെന്ന് സിറോ മലബാർ സഭയുടെ അത്മായ ഫോറം സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ അഭ്യർഥിച്ചു.

## ● അഴിമതിപ്പണം വെളുപ്പിക്കൽ

## ഇബ്രാഹിംകുഞ്ഞിനെതിരേ അന്വേഷണം തുടരാം: ഹൈക്കോടതി

കൊച്ചി: പാലാരിവട്ടം പാലംനിർമാണത്തിലെ അഴിമതിപ്പണം മുൻ മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് ദിനപത്രത്തിന്റെ അക്കൗണ്ട് വഴി വെളുപ്പിച്ചെന്ന കേസിൽ അന്വേഷണം തുടരാമെന്ന് ഹൈക്കോടതി. നോട്ട് നിരോധനസമയത്ത് പത്തുകോടി രൂപ എറണാകുളം ബ്രോഡ്വെയിലുള്ള പഞ്ചാബ് നാഷണൽ ബാങ്ക് ശാഖാ അക്കൗണ്ടിലൂടെ വെളിപ്പിച്ചെന്ന കേസിലാണിത്. പാലാരിവട്ടം പാലം അഴിമതിക്കേസിൽ അഞ്ചാംപ്രതിയാണ് ഇബ്രാഹിംകുഞ്ഞ്. കേസിൽ വിജിലൻസും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റുമാണ് അന്വേഷണം നടത്തുന്നത്. കേസ് ഫയൽ ഇ.ഡിക്കു കൈമാറണമെന്നും കളമശേരി സ്വദേശി ഗിരീഷ് ബാബു നൽകിയ ഹർജിയിൽ കോടതി നിർദേശിച്ചു.ഇ.ഡിയുടെ പ്രാഥമികാന്വേഷണത്തിനിടെ ഇബ്രാഹിംകുഞ്ഞിന്റെ തിരുവനന്തപുരത്തും എറണാകുളത്തുമുള്ള പഴ്സണൽ സ്റ്റാഫ് അംഗങ്ങള ചോദ്യംചെയ്തിരുന്നു.

## നിയന്ത്രണങ്ങൾ പാലിച്ച് ഓണാഘോഷം

തിരുവനന്തപുരം: കോവിഡ് നിയന്ത്രണങ്ങൾ പാലിച്ച് ഓണം ആഘോഷിക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം തീരുമാനിച്ചു. മുൻ ആഘോഷങ്ങൾക്ക് നിഷ്കർഷിച്ചതുപോലെ പൊതുസ്ഥലങ്ങളിൽ ആഘോഷപരിപാടികളും ഓണസദ്യയും പാടില്ല. പൊതുസ്ഥലങ്ങളിൽ ജനങ്ങൾ സാമൂഹിക അകലം പാലിക്കുന്നുണ്ടെന്നു പോലീസ് ഉറപ്പ് വരുത്തണം.

## ആൻമേരി കൊലക്കേസ്: പ്രതി ആൽബിനെ ഇന്ന് കസ്റ്റഡിയിൽ വാങ്ങും

കാസർഗോഡ്: ബളാൽ ആൻമേരി കൊലക്കേസിൽ പ്രതി ആൽബിനെ ഇന്ന് കസ്റ്റഡിയിൽ വിട്ടേക്കും. രണ്ടാഴ്ചത്തേക്കാണു റിമാൻഡ് ചെയ്തത്. കാസർഗോഡ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് രണ്ട് കോടതിയിൽ കഴിഞ്ഞ ദിവസമാണ് പ്രതിയെ ഹാജരാക്കിയത്. ഇതിനിടെ പോലീസ് പ്രതിയെ വിഷം വാങ്ങിയ കടയിലും സംഭവം നടന്ന വീട്ടിലുമെത്തിച്ചു തെളിവെടുപ്പ് നടത്തിയിരുന്നു.

കഴിഞ്ഞ മാസം 31നാണ് ആൽബിൻ കുടുംബാംഗങ്ങൾക്ക് വിഷം കലർത്തിയ ഐസ്ക്രീം നൽകിയത്. ഐസ്ക്രീം കഴിച്ച് അവശനിലയിലായ സഹോദരി ആൻമേരി ഈമാസം അഞ്ചിന് മരിക്കുകയായിരുന്നു. അച്ഛൻ ബെന്നി അതിവ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ ചികിത്സയിലാണ്. കുറച്ച് മാത്രം ഐസ്ക്രീം കഴിച്ച അമ്മ ബെസിയുടെ നില ഗുരുതരമല്ല. വീട്ടുകാരെ കൊന്ന് കുടുംബസ്വത്ത് സ്വന്തമാക്കി കാമുകിക്കൊപ്പം ആഢംബര ജീവിതം നയിക്കുകയായിരുന്നു ആൽബിന്റെ ലക്ഷ്യമെന്ന് പോലീസ് ചോദ്യം ചെയ്യലിൽ ആൽബിൻ പറഞ്ഞിരുന്നു.

പോലീസ് കസ്റ്റഡിയിൽ വാങ്ങി വീണ്ടും ചോദ്യം ചെയ്യുന്നതോടെ കൂടുതൽ വിവരങ്ങൾ പുറത്തു വരും. ആൽബിന്റെ കാമുകിയെയും സുഹൃത്തുക്കളെയും അന്വേഷണസംഘം ചോദ്യം ചെയ്യും. കുടുംബാംഗങ്ങളെയെല്ലാം കൊലപ്പെടുത്തിയ ശേഷം സ്വത്തുക്കളെല്ലാം വിറ്റ് എവിടെയെങ്കിലും പോയി കാമുകിയോടൊപ്പം ആർഭാടമായി ജീവിക്കാനാണ് ഉദ്ദേശിച്ചതെന്നാണ് ആൽബിൻ പോലീസിന് മൊഴി നൽകിയത്. ആൽബിന്റെ സ്വാഭാവദൂഷ്യങ്ങളും സുഹൃത്തുക്കൾ വീട്ടിൽ വരുന്നതും വീട്ടുകാർ എതിർത്തിരുന്നു. ഇതേത്തുടർന്നാണ് കൊലപാതകത്തിന് ഇവരുടെ സഹായം ലഭിച്ചിട്ടുണ്ടോ എന്നറിയാൻ സുഹൃത്തുക്കളെയും കാമുകിയെയും ചോദ്യം ചെയ്യുന്നത്.

## ജലീലിനെ എൻ.ഐ.എ. ചോദ്യംചെയ്യും

പത്തനംതിട്ട: പ്രോട്ടോക്കോൾ മറികടന്നു കോൺസുലേറ്റ് വഴി മതഗ്രന്ഥങ്ങൾ അടങ്ങിയ 32 പാഴ്സലുകളെത്തിച്ച സംഭവത്തിൽ മന്ത്രി കെ.ടി. ജലീലിനെതിരേ കുരുക്കുമുറുകുന്നു. എൻ.ഐ.എ: കെ.ടി. ജലീലിനെ ചോദ്യംചെയ്യുമെന്നു സൂചന. ലൈഫ് മിഷൻ പദ്ധതിക്കായി പണം എത്തിയതും കോൺസുലേറ്റ് വഴി മതഗ്രന്ഥം എത്തിയതും വിദേശ നാണയ വിനിമയ നിയമത്തിന്റെ ലംഘനമാണെന്നു വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ഇത്തരത്തിൽ പണം അടക്കമുള്ള കാര്യങ്ങൾ രാജ്യത്തെ ഏതെങ്കിലും സംഘടനയുടെയൊ വ്യക്തിയുടെയോ സർക്കാരിന്റെയോ പേരിൽ എത്തിക്കുന്നതിനു കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്.

പ്രോട്ടോക്കോൾ ഓഫീസറുടെ അനുമതി കൂടാതെ ഇത്തരം കാര്യങ്ങൾ നടക്കുകയുമില്ല. ഈ ഓഫീസറെ സ്വപ്നതന്നെ സ്വാധീനിച്ചതാകാമെന്നാണു കരുതുന്നത്. മതഗ്രന്ഥങ്ങൾ ഉൾപ്പെടെ അനധികൃതമായി എത്തിയ പാഴ്സലുകൾ സർക്കാർ ഏജൻസിയായ സീആപ്റ്റിന്റെ വാഹനത്തിലാണ് ഇടപ്പാൾ, മലപ്പുറം, ബംഗുളുരു തുടങ്ങിയ സ്ഥലങ്ങളിൽ എത്തിച്ചതെന്ന കാര്യവും ഗുരുതരമാണ്. സർക്കാർ ഡ്രൈവറെ ഒഴിവാക്കി പുറത്തുനിന്നും മറ്റൊരാളെയാണ് വാഹനം ഓടിക്കാനായി നിയോഗിച്ചത്. മതഗ്രന്ഥങ്ങൾ എന്ന പേരിൽ എത്തിയ പാഴ്സലുകളുടെ മറവിൽ അവ മാത്രമാണൊ ഉണ്ടായിരുന്നതെന്നും സംശയിക്കുന്നു. കൂടാതെ യു.എ.ഇ. കോൺസുലേറ്റിന്റെ ബാഗേജ് എന്ന പേരിൽ വ്യാജമായാണ് പാഴ്സലുകൾ എത്തിയിട്ടുള്ളത്. ഇതിനു പിന്നിലും സ്വപ്ന സുരേഷ് അടക്കമുള്ള പ്രതികൾക്ക് പങ്കുണ്ടെന്ന നിലപാടിലാണ് എൻ.ഐ.എ. ഉദ്യോഗസ്ഥർ. ഇക്കാര്യങ്ങളിൽ കൂടുതൽ വ്യക്തതയ്ക്കായാണു മന്ത്രി ജലീലിനെ ചോദ്യം ചെയ്യുന്നത്.

## തദ്ദേശതെരഞ്ഞെടുപ്പ് നീട്ടില്ല; പ്രചാരണത്തിനും പോളിങ്ങിനും പ്രോട്ടോക്കോൾ

● സ്വന്തം ലേഖകൻ
തിരുവനന്തപുരം

കോവിഡ് പ്രോട്ടോകോൾ പാലിച്ച് തദ്ദേശതെരഞ്ഞെടുപ്പു നടത്തുമെന്നു സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷണർ വി. ഭാസ്കരൻ. തെരഞ്ഞെടുപ്പു മാറ്റിവയ്ക്കാൻ രാഷ്ട്രീയപാർട്ടികൾ ആവശ്യപ്പെട്ടിട്ടില്ല. ആരോഗ്യവകുപ്പുമായി ചർച്ചചെയ്തശേഷം തീയതി പ്രഖ്യാപിക്കും. അതേസമയം, വോട്ടെടുപ്പിനും പ്രചാരണത്തിനും ചില മാർഗരേഖകൾ നിശ്ചയിക്കുമെന്നും അദ്ദേഹം അറിയിച്ചു.

തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ സംബന്ധിച്ച ചർച്ചകൾക്കുശേഷം മാധ്യമപ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. തദ്ദേശസ്ഥാപനങ്ങളുടെ കാലാവധി നവംബർ 11ന് അവസാനിക്കുന്ന സാഹചര്യത്തിൽ അതിനു മുമ്പ് തെരഞ്ഞെടുപ്പു നടത്തേണ്ടത് ഭരണഘടനാബാധ്യതയാണ്. അതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. തെരഞ്ഞെടുപ്പു തീയതി തീരുമാനിക്കുന്നതിന് മുമ്പ് വിശദമായ ചർച്ചകൾ ആവശ്യമുണ്ട്. രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായി വീണ്ടും ചർച്ച നടത്തും. തെരഞ്ഞെടുപ്പു നടത്തുന്നതിനോട് ആരോഗ്യവകുപ്പിനും എതിർപ്പില്ല. എല്ലാവരുടെയും നിർദ്ദേശങ്ങളും സ്വീകരിക്കും. എല്ലാ വശങ്ങളും പരിശോധിച്ചു മാത്രമേ തീയതി തീരുമാനിക്കൂ. തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ പുരോഗമിക്കുകയാണ്. വോട്ടർ പട്ടിക പുതുക്കുന്ന നടപടികൾ നടക്കുന്നു. വരണാധികാരികളുടെ പരിശീലനം ഈ മാസം ആരംഭിക്കും. ഒക്ടോബർ അവസാനം തെരഞ്ഞെടുപ്പു നടത്താൻ കഴിയും വിധമാണ് പ്രവർത്തനങ്ങൾ സജ്ജീകരിച്ചിരിക്കുന്നത്. പോളിങ് ബൂത്തുകളിൽ സാമൂഹിക അകലം പാലിച്ച് ക്യൂ നിൽക്കാൻ കഴിയും. പ്രചാരണ പരിപാടികൾക്കും പ്രോട്ടോക്കോളുണ്ടാകും. മൂന്നു പേരിൽ കൂടുതൽ വീടുകളിൽ പ്രചാരണത്തിനായി പോകരുതെന്നു നിർദ്ദേശിക്കും. പോളിങ് സമയം ഒരു മണിക്കൂർ നീട്ടും. തെരഞ്ഞെടുപ്പ് സമയക്രമത്തിൽ കൂടുതൽ ചർച്ച നടത്തുമെന്നും അദ്ദേഹം പറഞ്ഞു.



## കോവിഡ്: അറുപതോളം തടവുകാർക്ക് പരോൾ

തിരുവനന്തപുരം: അറുപത്തിയഞ്ചു വയസിനു മുകളിലുള്ള അറുപതോളം തടവുകാർക്കു പരോൾ. കോവിഡിന്റെ പശ്ചാത്തലത്തിലാണ് ഇതുവരെ അവധി ലഭിക്കാത്ത 65 വയസിനു മുകളിലുള്ള തടവുകാർക്കു സർക്കാർ പ്രത്യേക അടിയന്തരാവധി അനുവദിച്ചത്.

യു.എ.പി.എ, കുട്ടികൾക്കെതിരായ ലൈംഗികാതിക്രമം, ടാഡ, മനുഷ്യക്കടത്ത് തുടങ്ങിയ കേസുകളിൽ ശിക്ഷിക്കപ്പെട്ടവർ ഒഴികെയുള്ളവർക്കാണ് ഇളവ്. താത്പര്യമുള്ള അന്തേവാസികളെ സത്യവാങ്മൂലം എഴുതിവാങ്ങി ബന്ധുക്കളോടൊപ്പം പരോളിൽ വിടും. ഇവരുടെ എല്ലാ വിവരങ്ങളും ആരോഗ്യവകുപ്പ് അധികൃതർക്കു കൈമാറും. ജയിലുകളിൽ കോവിഡ് ചികിത്സാകേന്ദ്രവും ആരംഭിക്കും.

## കോവിഡ്-19: പരിഷ്കരിച്ച ചികിത്സാ മാർഗനിർദേശങ്ങൾ പുറത്തിറക്കി

● മിതമായ അധ്വാനത്തിലുണ്ടാകുന്ന ശ്വാസതടസം വളരെ പ്രധാനം

തിരുവനന്തപുരം: സംസ്ഥാനത്ത് പരിഷ്കരിച്ച കോവിഡ് ചികിത്സാ മാർഗനിർദേശങ്ങൾ പുറത്തിറക്കിയതായി മന്ത്രി കെ.കെ. ശൈലജ അറിയിച്ചു. രോഗബാധിതർക്കും ആരോഗ്യ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും സഹായകരമായ രീതിയിലാണ് മാർഗനിർദേശങ്ങൾ പുതുക്കിയത്. അധ്വാനിക്കുമ്പോഴും സാധാരണ നടക്കുമ്പോഴും പ്രത്യേകിച്ചും കോവിഡ് ബാധിതർക്ക് സംഭവിക്കാവുന്ന ശ്വാസതടസം അഥവാ എക്സെർഷണൽ ഡിസ്പനിയ എന്ന രോഗലക്ഷണം അടിസ്ഥാനമാക്കിയാണ് ചികിത്സാ മാർഗനിർദേശങ്ങൾ പരിഷ്കരിച്ചത്.

ഇത്തരത്തിൽ എക്സെർഷണൽ ഡിസ്പനിയ അടിസ്ഥാനമാക്കി ചികിത്സാ മാർഗനിർദേശങ്ങൾ ആദ്യമായി നിശ്ചയിച്ച സംസ്ഥാനം കൂടിയാണ് കേരളം. പുതിയ മാർഗനിർദേശപ്രകാരം കോവിഡ് ബാധിതരെ ലഘു, മിതം, തീവ്രം എന്നിങ്ങനെ തരംതിരിച്ച് എ, ബി കാറ്റഗറിയിലുൾപ്പെടുന്നവരെ കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്കും സി കാറ്റഗറിയിൽ ഉൾപ്പെടുന്നവരെ വിദഗ്ധ ചികിത്സയ്ക്കായി കോവിഡ് ആശുപത്രികളിലും പ്രവേശിപ്പിക്കും. സി കാറ്റഗറിയിൽ ഉൾപ്പെടുന്നവർക്കുണ്ടാകുന്ന ഗുരുതരാവസ്ഥ മുൻകൂട്ടി തിരിച്ചറിഞ്ഞ് ഉടനടി തീവ്രപരിചരണ ചികിത്സ ആരംഭിക്കാനും കഴിയും. രോഗിയുടെ കൂടെ കൂട്ടിരിപ്പുകാർ ആരും ആശുപത്രിയിൽ ഇല്ലാത്ത പ്രത്യേക സാഹചര്യത്തിൽ പോലും അടിയന്തരചികിത്സ മുടക്കം വരാൻ പാടില്ലെന്നും നിർദേശമുണ്ട്. ജീവിതശൈലീ രോഗങ്ങളോ മറ്റ് പ്രശ്നങ്ങളോ കോവിഡ് ലക്ഷണങ്ങളോ ഇല്ലാത്ത കോവിഡ് ബാധിതരെ സ്വഭവനങ്ങളിൽ ഐസൊലേഷനിൽ ചികിത്സിക്കാവുന്നതാണെന്നും നിർദേശത്തിൽ പറയുന്നു. നിരീക്ഷണത്തിലുള്ളവർക്ക് തൊട്ടടുത്ത ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറുടെ സേവനവും ഉണ്ടായിരിക്കും.

## ● കാരക്കോണം മെഡിക്കൽ കോളജ് കോഴ വിവാദം

## അന്വേഷണ സംഘത്തിന് ഹൈക്കോടതിയുടെ രൂക്ഷവിമർശനം; എന്തുകൊണ്ട് പ്രതികളെ അറസ്റ്റ് ചെയ്തില്ല

കൊച്ചി: കാരക്കോണം മെഡിക്കൽ കോളജ് കോഴ വിവാദത്തിൽ അന്വേഷണ സംഘത്തിനെതിരേ ആഞ്ഞടിച്ച് ഹൈക്കോടതി. എന്തുകൊണ്ട് പ്രതികളെ അറസ്റ്റ് ചെയ്തില്ലെന്നു കോടതി ആരാഞ്ഞു. സി.എസ്.ഐ. സഭാ അധ്യക്ഷൻ ബിഷപ് ധർമരാജ് റസാലം അടക്കമുള്ളവരുടെ അറസ്റ്റ് വൈകുന്നതിനെതിരേയാണ് കോടതിയുടെ വിമർശനം.

അന്വേഷണ പുരോഗതി റിപ്പോർട്ട് കൂടി പരിശോധിച്ചാണ് അന്വേഷണസംഘത്തെ കോടതി രൂക്ഷമായി വിമർശിച്ചത്. തലവരിപണം വിദ്യാർഥികൾക്ക് തിരിച്ചു നൽകിയതു കൊണ്ട് അഴിമതി ഇല്ലാതാകുന്നില്ലെന്ന് കോടതി വിമർശിച്ചു. സി.എസ്.ഐ. സഭയ്ക്ക് കീഴിലുള്ള മെഡിക്കൽ കോളജാണ് കാരക്കോണം. എം.ബി.ബി.എസ്. സീറ്റ് വാഗ്ദാനം ചെയ്ത് മെഡിക്കൽ കോളജ് അധികൃതർ നാല് പേരിൽ നിന്നായി 92.5 ലക്ഷം രൂപ വാങ്ങിയെന്നാണ് കേസ്. 2019 ഏപ്രിലിലാണ് കേസ് രജിസ്റ്റർ ചെയ്യുന്നത്. സീറ്റ് പെയ്മെന്റ് വിവാദത്തിൽ പുലിവാൽ പിടിച്ച മുൻ സി.പി.ഐ. സ്ഥാനാർഥി ഡോ. ബെനറ്റ് ഏബ്രഹാമാണ് കേസിലെ മുഖ്യപ്രതി. വിവാദമുണ്ടായ കാലത്ത് കോളജിന്റെ ഡയറക്ടറായിരുന്നു ബെനറ്റ് എബ്രഹാം. അന്നത്തെ മെഡിക്കൽ കോളജ് കൺട്രോളർ ഡോ.പി തങ്കരാജൻ, മുൻ പ്രിൻസിപ്പൽ ഡോ.പി മധുസൂദനൻ എന്നിവരാണ് കേസിലെ മറ്റ് പ്രതികൾ. കേസിൽ സി.എസ്.ഐ. ബിഷപ്പ് ധർമ്മരാജ് റസാലമടക്കമുള്ളവർക്കെതിരേ ക്രിമിനൽ കേസ് എടുത്ത് അന്വേഷി

● തലവരിപ്പണം തിരിച്ചു നൽകിയാൽ അഴിമതി ഇല്ലാതാകില്ല

ക്കാൻ ജസ്റ്റിസ് രാജേന്ദ്രബാബു കമ്മിഷൻ ശിപാർശ നൽകിയിരുന്നതാണ്. സി.എസ്.ഐ. സഭയിൽ വലിയ പൊട്ടിത്തെറികളുണ്ടാക്കിയ സീറ്റ് ഇടപാടാണിത്. 24 പേരാണ് കാരക്കോണം മെഡിക്കൽ കോളേജിനെതിരേ ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മിഷനെ നേരത്തെ സമീപിച്ചത്. 10 ലക്ഷം മുതൽ 50 ലക്ഷം വരെ കൈപ്പറ്റിയെന്നാണ് പരാതി. ബിഷപ്പ് അടക്കമുള്ളവരുടെ ഉറപ്പിന്മേലാണ് പണം നൽകിയതെന്നായിരുന്നു പരാതി. ഈ തുക തിരിച്ചുവാങ്ങി തരണമെന്നായിരുന്നു ആവശ്യം.

2016 മുതൽ മുൻകൂറായി സീറ്റിന് പണം വാങ്ങുന്നുണ്ടെന്നും ഇത് പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തിയതായും തെളിവെടുപ്പിൽ നേരത്തെ ബിഷപ്പ് അടക്കമുള്ളവർ സമ്മതിച്ചിരുന്നു. പരാതിക്കാർക്ക് 12 തവണകളായി തുക മടക്കി നൽകാമെന്ന് ഉറപ്പ് നൽകിയെങ്കിലും അതുണ്ടായില്ല. ഈ സാഹചര്യത്തിലാണ് കമ്മിഷൻ കർശനമായി ഇടപെട്ടതും, നടപടി ശിപാർശ ചെയ്തതും. അഴിമതിയിൽ പങ്കാളിയായ ഡോ.ബെനറ്റ് എബ്രഹാമിനെ വീണ്ടും ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തിയതിനെതിരേയും സി.എസ്.ഐ. സഭയിൽ വൻ കലഹമുണ്ടായിരുന്നതാണ്. കോഴപ്പണം സൂക്ഷിച്ച അക്കൗണ്ട് ബിഷപ്പിന്റെ പക്ഷം മോഷ്ടിച്ചുവെന്നടക്കം ആരോപണങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്.

# പുത്തൻ ഥാർ വിപണിയിലേക്ക്

**കൊച്ചി:** മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഏറ്റവും പുതിയ ഥാർ അവതരിപ്പിച്ചു. മുംബൈയിൽ നടന്ന ചടങ്ങിൽ ജനപ്രിയ എസ്.യു.വിയായ ഥാർ മഹീന്ദ്ര മഹീന്ദ്ര ലിമിറ്റഡ് എം.ഡി. സി.ഇ.ഒ. ഡോ. പവൻ ഗോവെങ്ക, ഓട്ടോ ഫാം സെക്ടർ എക്സിക്യൂട്ടീവ് ഡയറക്ടർ രാജേഷ് ജെജുറിക്കർ എന്നിവർ ചേർന്ന് പുറത്തിറക്കി. രൂപത്തിലും ഭാവത്തിലും അടിമുടി മാറ്റങ്ങമളാടെയാണു പുതിയ ഥാർ വിപണിയിലെത്തുന്നത്. കാഴ്ച്ചയിൽ ജീപ്പ് വ്രാങ്ലറുമായി സാമ്യമുണ്ട്. 2.0 ലിറ്റർ ടി– ജി.ഡി.ഐ. എംസ്റ്റാലിയൻ പെട്രോൾ എൻജിനും 2.2 ലിറ്റർ എം.–ഹോക്ക് ഡീസൽ എൻജിനുമാണ് ഥാറിനുള്ളത്. പെട്രോൾ എൻജിൻ 150 ബി.എച്ച്.പി. കരുത്തും 320 എൻ.എം. ടോർക്കും ഉൽപ്പാദിപ്പിക്കും. ഡീസൽ എൻജിൻ 130 ബി.എച്ച്.പി. കരുത്തും 300 എൻ.എം. ടോർക്കും ഉൽപ്പാദിപ്പിക്കും.

ആറ് സ്പീഡ് മാനുവൽ അല്ലെങ്കിൽ ആറ് സ്പീഡ് ടോർക്ക്- കൺവെർട്ടർ ഓട്ടോമാറ്റിക് ട്രാൻസ്മിഷനും ഇരു മോഡലുകൾക്കും നൽകിയിട്ടുണ്ട്. എ. എക്സ്. സീരീസും എൽ. എക്സ്. സീരീസും വിപണിയിലെത്തും. എ. എക്സ്. അഡ്വഞ്ചർ ഓറിയന്റഡ് പതിപ്പാണ്. എൽ. എക്സ്. ടാർമാക് ഓറിയന്റഡ് പതിപ്പാണ്. റെഡ് റേജ്, മിസ്റ്റിക് കോപ്പർ, അക്വാമറൈൻ, നാപോളി ബ്ലാക്ക്, റോക്കി ബീജ്, ഗാലക്സി ഗ്രേ നിറങ്ങളിൽ വാഹനം ലഭ്യമാകും. ഒക്ടോബർ രണ്ടു മുതലാകും വാഹനം വിപണിയിൽ ലഭ്യമാകും.



● മഹീന്ദ്ര ഥാർ പുറത്തിറക്കുന്ന ചടങ്ങിൽ ഫാം സെക്ടർ എക്സിക്യൂട്ടീവ് ഡയറക്ടർ രാജേഷ് ജെ. ജുറിക്കർ, മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് എം.ഡി. ആൻഡ് സി.ഇ.ഒ. പവൻ ഗോയെങ്ക എന്നിവർ.

# സ്വർണ ഇറക്കുമതി 81% ഇടിഞ്ഞു

● കരണ്ട് അക്കൗണ്ട് കമ്മി കുറയും
● വെള്ളി ഇറക്കുമതിയിലും കുറവ്

**ന്യൂഡൽഹി:** ഏപ്രിൽ– ജൂലൈ കാലയളവിൽ രാജ്യത്തേയ്ക്കുള്ള സ്വർണ ഇറക്കുമതിയിൽ വൻ ഇടിവ്. സ്വർണ ഇറക്കുമതി 81.22 ശതമാനം ഇടിഞ്ഞ് 2.47 ബില്യൺ ഡോളറിലെത്തി(18, 950 കോടി രൂപ). ഇറക്കുമതിയിലുണ്ടായ ഇടിവ് രാജ്യത്തിന്റെ കറണ്ട് അക്കൗണ്ട് കമ്മിക്കു ഗുണകരമാകുമെന്നാണു കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ വിലയിരുത്തൽ. പ്രത്യേകിച്ച് സ്വർണ വില കുതിക്കുന്ന സമയത്തുണ്ടായ ഇടിവ്.

രാജ്യത്ത് കോവിഡ് കേസുകളുടെ എണ്ണം വർധിച്ചതും ലോക്ക്ഡൗൺ ആയതുമാണു ഇറക്കുമതിയെ ബാധിച്ചത്. 2019– 20 വർഷം ഇതേസമയം 13.16 ബില്യൺ ഡോളറിന്റെ (91,440 കോടി രൂപ) സ്വർണം രാജ്യം ഇറക്കുമതി ചെയ്തിരുന്നു. നടപ്പു സാമ്പത്തികവർഷത്തിന്റെ ആദ്യ നാലു മാസങ്ങളിൽ വെള്ളി ഇറക്കുമതിയിലും ഇടിവുണ്ടായി.



വെള്ളി ഇറക്കുമതി 56.5 ശതമാനം ഇടിഞ്ഞ് 685.32 മില്യൺ ഡോളറിലെത്തി(5,185 കോടി രൂപ). ഇതോടെ ഏപ്രിൽ– ജൂലൈ കാലയളവിൽ രാജ്യത്തിന്റെ ഇറക്കുമതിയും കയറ്റുമതിയും തമ്മിലുള്ള അന്തരം 13.95 ബില്യൺ ഡോളറായി കുറഞ്ഞു. കഴിഞ്ഞ വർഷം ഇതേസമയം ഇത് 59.4 ബില്യൺ ഡോളറായിരുന്നു. കഴിഞ്ഞവർഷം ഡിസംബർ മുതൽ സ്വർണ ഇറക്കുമതിയിൽ ഇടിവ് പ്രകടമാണ്.

ഈ വർഷം മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ കാലയളവിൽ ഇറക്കുമതിയിൽ യഥാക്രമം 62.6, 99.93, 98.4, 77.5 ശതമാനം കുറവുണ്ടായി. അതേസമയം കഴിഞ്ഞവർഷം ജൂലൈയെ അപേക്ഷിച്ച് ഇറക്കുമതിയിൽ നേരിയ കയറ്റമുണ്ട്. കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഇറക്കുമതി 4.17 ശതമാനം കൂടി 1.78 ബില്യൺ ഡോളറായി. കഴിഞ്ഞവർഷം ജൂലൈയിൽ ഇത് 1.71 ബില്യൺ ഡോളറായിരുന്നു. ലോകത്ത് ഏറ്റവും കൂടുതൽ സ്വർണം ഇറക്കുമതി ചെയ്യുന്നത് ഇന്ത്യയാണ്. വാർഷികാടിസ്ഥാനത്തിൽ ഇന്ത്യയുടെ സ്വർണ ഇറക്കുമതി ശരാശരി 800– 900 ടണ്ണാണ്.

## പവന് 39,200 രൂപ

**മുംബൈ:** സ്വർണവിലയിൽ കുറവ്. പവന് 160 രൂപ കുറഞ്ഞ് 39,200 രൂപയിലും ഗ്രാമിന് 4,900 രൂപയിലുമാണ് ഇന്നലെ വ്യാപാരം നടന്നത്. ശനിയാഴ്ച പവന് 80 രൂപകുറഞ്ഞിരുന്നു. ഈ മാസം ഏഴിന് പവന് റെക്കോഡ് നിലവാരമായ 42,000 രൂപ രേഖപ്പെടുത്തിയിരുന്നു. തുടർന്നു വില കുത്തനെ കുറയുകയായിരുന്നു. ഇതുവരെ പവന് 1,800 രൂപ കുറഞ്ഞു. രാജ്യാന്തര വിപണിയിലേയും ഡൽഹി ബുള്ളിയൻ വിപണിയിലേയും വില മാറ്റങ്ങളാണു പ്രാദേശിക ആഭരണ വിപണികളിൽ പ്രതിഫലിച്ചത്.

രാജ്യാന്തര വിപണിയിൽ സ്വർണം ഔൺസിന് 1,941.90 ഡോളറാണു നിലവാരം. യു.എസ്. ഫെഡ് റിസർവ് യോഗ തീരുമാനങ്ങൾക്കു വിപണികൾ അക്ഷമയോടെ കാത്തിരിക്കുകയാണ്. ഈയാഴ്ച അവസാനമാകും നയം പ്രഖ്യാപിക്കുക. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ് നീക്കങ്ങൾ സജീവമായതും സ്വർണവിലയിൽ പ്രതിഫലിച്ചു.

## സ്മാർട്ഫോൺ ഉൽപ്പാദനം സാംസങ് വിയറ്റ്നാമിൽനിന്ന് ഇന്ത്യയിലേക്ക് മാറ്റുന്നു

**ന്യൂഡൽഹി:** പ്രമുഖ മൊബൈൽ നിർമാതാക്കളായ സാംസങ് സ്മാർട്ഫോൺ നിർമാണം വിയറ്റ്നാമിൽനിന്ന് ഇന്ത്യയിലേയ്ക്ക് മാറ്റുന്നു. മൂന്ന് ലക്ഷം കോടി രൂപ മൂല്യമുള്ള ഫോണുകൾ രാജ്യത്ത് നിർമിക്കാനാണ് കമ്പനിയുടെ ലക്ഷ്യം.

കേന്ദ്ര സർക്കാരിന്റെ പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസന്റീവ് പദ്ധതിക്കു കീഴിലാണ് ദക്ഷിണ കൊറിയൻ കമ്പനിയായ സാംസങ് രാജ്യത്ത് ഉൽപ്പാദനം തുടങ്ങുന്നത്. അഞ്ചുവർഷത്തിനുള്ളിൽ 4000 കോടി ഡോളർ(മൂന്നുലക്ഷം കോടി രൂപ)മൂല്യമുള്ള സ്മാർട്ഫോണുകൾ നിർമിക്കാനുള്ള പദ്ധതി സാസംങ് സർക്കാരിന് നൽകിയിട്ടുണ്ട്.

15,000 രൂപ ഫാക്ടറി മൂല്യമുള്ള ഫോണുകൾ നിർമിച്ച് കയറ്റുമതി ചെയ്യും. ഈ വിഭാഗത്തിൽ 2,500 കോടി ഡോളർ മൂല്യമുള്ള ഫോണുകളാകും രാജ്യത്ത് നിർമിച്ച് കയറ്റുമതിചെയ്യുക. ഇതുവഴി രാജ്യത്തിന്റെ വരുമാനം വർധിക്കും. കൂടാതെ രാജ്യത്ത് ഉൽപ്പാദനം തുടങ്ങുന്നതോടെ ഫോണുകളുടെ പ്രാദേശിക വിലയും കുത്തനെ കുറയും. അമേരിക്കൻ കമ്പനിയായ ആപ്പിൾ ഐഫോണിന്റെ നിർമാണ ചുമതലയുള്ള പെഗാട്രോൺ അടുത്തിടെ ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചിരുന്നു. ദക്ഷിണ കൊറിയയിൽ കൂലി കൂടുതലായതിനാൽ അവിടത്തെ ഉൽപ്പാദനം പൂർണമായും നിർത്താനാണ് കമ്പനി ലക്ഷ്യമിടുന്നത്.

ഇന്തോനേഷ്യയിലും ബ്രസീലിലും സാംസങിന് നിർമാണകേന്ദ്രങ്ങളുണ്ട്. ചൈനയ്ക്കെതിരേ രാജ്യാന്തരതലത്തിൽ പരാമർശങ്ങൾ ശക്തമാകുന്നതാണ് ഇന്ത്യയിലേക്കു കമ്പനികളെ ആകർഷിച്ചത്. ഇന്ത്യ വിദേശകമ്പനികൾക്കായി പ്രഖ്യാപിച്ച ഇളവുകളും കമ്പനികളെ ആകർഷിക്കുന്നുണ്ട്. സാംസങിന്റെ മൊത്തം സ്മാർട്ഫോൺ ഉൽപ്പാദനത്തിന്റെ 50 ശതമാനം നിലവിൽ വിയറ്റ്നാമിലാണ്. ചൈന കഴിഞ്ഞാൽ ഏറ്റവും കടുതൽ സ്മാർട്ഫോൺ കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിലൊന്നാണ് വിയറ്റ്നാം.

## കിച്ചൻ ട്രഷേഴ്സിൽനിന്ന് ഹെൽത്ത് ഡ്രിങ്ക് മിക്സ്

**കൊച്ചി:** സുഗന്ധവ്യഞ്ജന ഉൽപ്പന്ന നിർമ്മാതാക്കളായ കിച്ചൺ ട്രഷേഴ്സ് ഗോൾഡൻ ടർമറിക് ഹെൽത്ത് ഡ്രിങ്ക് മിക്സ് പുറത്തിറക്കി. സിന്തൈറ്റ് ആണ് കിച്ചൺ ട്രഷേഴ്സിനു വേണ്ടി ഈ ഉൽപ്പന്നം വികസിപ്പിച്ചത്. രോഗപ്രതിരോധശേഷി വർധിപ്പിച്ച് കൊറോണ വൈറസിനെ ചെറുക്കാൻ ഹെൽത്ത് ഡ്രിങ്ക് മിക്സിനു കഴിയുമെന്ന് കമ്പനി അവകാശപ്പെട്ടു. കിച്ചൺ ട്രെഷേഴ്സിന്റെ സോഷ്യൽ മീഡിയ ഹാൻഡിലുകൾ വഴി നടി മഞ്ജു വാര്യർ ഉൽപ്പന്നം പുറത്തിറക്കി. കിച്ചൺ ട്രെഷേഴ്സ് സി.ഇ.ഒ. അശോക് മാണിയും ചടങ്ങിൽ പങ്കെടുത്തു. 250 ഗ്രാമിന് 249 രൂപയാണ് വില.

## അലിബാബയും നിരോധന ഭീഷണിയിൽ

**വാഷിങ്ടൺ:** ടിക്ടോകിനു പുറമേ മറ്റു ചൈനീസ് ആപ്പുകൾക്കെതിരേയും നടപടി കടുപ്പിച്ചു യു.എസ്. പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഇ– കൊമേഴ്സ് വമ്പനായ അലിബാബയടക്കം ട്രംപിന്റെ ഭീഷണിയുടെ കീഴിലാണെന്നാണു വിവരം. ചൈനയ്ക്കെതിരേയുള്ള നടപടികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമയാണ് ഇടപെടലുകൾ.

ചൈനീസ് ആപ്പുകൾ നിരോധിക്കുക വഴി ചൈനയെ പ്രതിരോധത്തിലാക്കുയാണു ലക്ഷ്യം. ഇന്ത്യയടക്കമുള്ള രാജ്യങ്ങൾ ചൈനീസ് ആപ്പുകൾക്കെതിരേ ശക്തമായ നടപടിയെടുത്തതും അമേരിക്കയ്ക്കു ശക്തിപകരും. അതേസമയം യു.എസിൽ ടിക്ടോക് നിരോധിച്ചതിനെതിരേ കമ്പനിയുടെ അമേരിക്കൻ കേന്ദ്രത്തിലെ ജീവനക്കാർ നിയമപോരാട്ടത്തിന് തയാറെടുക്കുകയാണ്. അമേരിക്കയുടെ ദേശീയ സുരക്ഷയ്ക്കും വിദേശനയത്തിനും എതിരാണെന്ന് പ്രഖ്യാപിച്ചാണ് ആപ്പ് അമേരിക്കയിൽ നിരോധിച്ചത്.

എന്നാൽ ടിക്ടോക് ഒരിക്കലും അത്തരത്തിലുള്ള നീക്കം നടത്തിയിട്ടില്ലെന്നും സർക്കാർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക മാത്രമാണ് ചെയ്തതെന്നാണ് ജീവനക്കാർ പറയുന്നത്. ഇത്തരത്തിലുള്ള നീക്കിലൂടെ അനേകർക്ക് തൊഴിൽ നഷ്ടമായെന്നും അതുകൊണ്ടുതന്നെ നിയമനടപടികളിലേക്ക് കടക്കുകയാണെന്നും ജീവനക്കാർ വ്യക്തമാക്കി.

## സിറോ മലബാർ സിനഡ് ഇന്നു തുടങ്ങും

**കൊച്ചി:** സിറോ മലബാർ സഭ സിനഡ് സമ്മേളനം ഇന്നാരംഭിക്കും. കോവിഡ് പ്രോട്ടോക്കോൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് സമ്മേളനം. സഭയുടെ 28–ാം സിനഡിന്റെ രണ്ടാമത്തെ സമ്മേളനമാണ് ഇന്നു മുതൽ മൂന്നു ദിവസം നടക്കുന്നത്. വൈകുന്നേരങ്ങളിൽ രണ്ടു മണിക്കൂർ വീതമുള്ള സമ്മേളനമാണ് ക്രമീകരിച്ചിരിക്കുന്നത്. സഭാ സിനഡിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽനിന്ന് അറിയിച്ചു.

## ബി. ഗോവിന്ദന് കോഹിനൂർ ഓഫ് ഇന്ത്യ പുരസ്കാരം സമ്മാനിച്ചു

**തിരുവനന്തപുരം:** ഭീമ ജൂവലറി ചെയർമാൻ ഡോ. ബി. ഗോവിന്ദനു ജെം ആൻഡ് ജൂവലറി എക്സ്പോർട്ട് പ്രമോഷൻ കൗൺസിലിന്റെ (ജി.ജെ.ഇ.പി.സി) കോഹിനൂർ ഓഫ് ഇന്ത്യ പുരസ്കാരം സമ്മാനിച്ചു. സാമൂഹിക പ്രതിബദ്ധതയോടെയുള്ള സന്നദ്ധ പ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഡോ.ബി. ഗോവിന്ദൻ നൽകിവരുന്ന സംഭാവനകൾക്കുള്ള അംഗീകാരമായിട്ടാണ് ഈ പുരസ്കാരം. കോവിഡ് സുരക്ഷാ പ്രോട്ടോക്കോൾ കണക്കിലെടുത്ത് ഓൺലൈനിൽ നടന്ന അവാർഡ്ദാന ചടങ്ങിൽ ഡോ.ബി. ഗോവിന്ദൻ അവാർഡ് ഏറ്റുവാങ്ങി.

## വേമ്പനാട്ടു കായൽ തീരത്ത് ഒരു സേക്രഡ് മ്യൂസിക്

**കൊച്ചി:** സേക്രഡ്മ്യൂസിക് എന്ന പേരിൽ ആരാധന ക്രമ സംഗീതത്തിനു മാത്രമായി യൂട്യൂബ് ചാനൽ ഒരുക്കി ഓൺലൈൻ സംഗീത രംഗത്ത് പുതു ശാഖ തുറന്നിരിക്കുന്ന എറണാകുളം അങ്കമാലി അതിരൂപത.

സ്വർഗത്തിൽ വാഴും പിതാവേ എന്നുള്ള ഉള്ള മനോഹര ഗാനവുമായി വീണ്ടും വിശ്വാസികളുടെ മനസിനെ കീഴ്പ്പെടുത്താൻ എത്തിയിരിക്കുകയാണ്. ഗാനം ഇന്നലെ യൂട്യൂബിൽ റിലീസ് ചെയ്തു.

ആബേലച്ചൻ രചിച്ച ഗാനം കെ.കെ. ആന്റണി മാസ്റ്ററാണ് ചിട്ടപ്പെടുത്തിയത്

വേമ്പനാട്ടു കായൽ തീരത്തുള്ള വൈക്കം ഫൊറോനാ പള്ളി അതിന്റെ പൂർണ മനോഹാരിതയിലാണ് വീഡിയോ ചിത്രീകരിച്ചിരിക്കുന്നത്. അമ്മയുമായി ദേവാലയത്തിൽ പ്രവേശിക്കുന്ന ഒരു ബാലൻ ദേവാലയ സംഗീതത്തിൽ ആകൃഷ്ടനാവുകയും ഗായകസംഘത്തിനു ഒപ്പം ചേരുകയും ചെയ്യുന്ന കഥയും ഗാനത്തിനൊപ്പം അനാവൃതം ആവുന്നുണ്ട്.

വികാരി ഫാദർ ജോസഫ് തെക്കിനേന്റേയും സഹവികാരി ഫാ. മാത്യു വാരിക്കാട്ടുമഠത്തിന്റെയും സഹകരണത്തോടെ ഫൊറോനാ പള്ളിയിലെ ഗായക സംഘമാണു ചിത്രീകരണത്തിൽ പങ്കെടുത്തിരിക്കുന്നത്.

എറണാകുളം–അങ്കമാലി അതിരൂപതയുടെയുടെ ആരാധന ക്രമ സംഗീതവിഭാഗം ചുമതലയുള്ള ഫാ. എബി ഇടശേരി, പ്രിൻസ് ജോസഫ്, ഫാ. ചെറിയാൻ നേരേവീട്ടിൽ, പിൽഗ്രിംസ്കമ്മ്യൂണിക്കേഷനിലെ ഫാ. ജേക്കബ് കോറോത്ത്, ഫാ. ജെയിംസ് തൊട്ടിയിൽ, ആന്റണി സ്കറിയ നെടിയടത്ത് തുടങ്ങിവരാണ് അണിയിറയിൽ.

സേക്രഡ് മ്യൂസിക് ചാനലിന്റെ സ്നേഹത്തിൻ മലരുകൾ തേടി എന്ന ആദ്യ ഗാനവും സോഷ്യൽ മീഡിയയിൽ തരംഗമായിരുന്നു.


● സേക്രഡ്മ്യൂസിക് എന്ന പേരിൽ ആരാധനക്രമ സംഗീതത്തിനു മാത്രമായ യൂട്യൂബ് ചാനൽ റിലീസ് ചെയ്ത ഗാനരംഗത്തിൽനിന്ന്

## മുത്തൂറ്റിൽ കോവിഡ് ഇൻഷുറൻസ് കവറേജ്

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് സ്വർണ വായ്പ ഉപഭോക്താക്കൾക്ക് കോവിഡ് 19 ഇൻഷുറൻസ് കവറേജ് ലഭ്യമാക്കും. ഇതിനായി കോട്ടക് മഹീന്ദ്ര ജനറൽ ഇൻഷുറൻസുമായി കമ്പനിയുമായി മുത്തൂറ്റ് ഫിനാൻസ് കരാർ വച്ചു.

എം. എസ്. എൽ. പദ്ധതിയിൽ സ്വർണ വായ്പ എടുക്കുന്ന ഉപഭോക്താക്കൾക്ക് ഗ്രാമിന് ഉയർന്ന തുക വായ്പയായി ലഭിക്കുന്നതിനൊപ്പം 1,00,000 രൂപയുടെ കോവിഡ്–19 ഇൻഷുറൻസ് കവറേജും ലഭ്യമാകുന്നു.

മുത്തൂറ്റ് ഫിനാൻസ് ആയുഷ് ഗോൾഡ് ലോൺ എന്ന പദ്ധതിയിലൂടെയാണ് അർഹതയുള്ള ഇടപാടുകാർക്ക് കോവിഡ് 19 കവറേജ് ലഭ്യമാക്കുന്നതെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

## വിപണികളിൽ നേട്ടം

**മുംബൈ:** കഴിഞ്ഞവാരത്തെ നഷ്ടം മറന്ന് വാരാദ്യം സൂചികകൾ നേട്ടത്തലായി. ലോഹം, വാഹനം ഓഹരികളുടെ പിൻബലത്തിലാണു സൂചികകളുടെ കുതിപ്പ്. സെൻസെക്സ് 173 പോയിന്റ് നേട്ടത്തിൽ 38,050.78ലും നിഫ്റ്റി 69 പോയിന്റ് ഉയർന്ന് 11, 247.10ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

## വിക്ടേഴ്സ് ചാനലിൽ ഇന്ന്

● **പ്രീ- പ്രൈമറി**
10.00 കിളിക്കൊഞ്ചൽ
● **ക്ലാസ് -1**
10.30 ഇംഗ്ലീഷ്
● **ക്ലാസ് -2**
12.30 മലയാളം
● **ക്ലാസ് -3**
01.00 പരിസരപഠനം
● **ക്ലാസ് -4**
01.30 ഗണിതം
● **ക്ലാസ് -5**
02.00 ഇംഗ്ലീഷ്
● **ക്ലാസ് -6**
02.30 അടിസ്ഥാന ശാസ്ത്രം
● **ക്ലാസ് -7**
03.00 ഗണിതം
● **ക്ലാസ് -8**
03.30 ഇംഗ്ലീഷ്
04.00 ഊർജതന്ത്രം
● **ക്ലാസ് -9**
04.30 ഗണിതം
05.00 ഹിന്ദി
● **ക്ലാസ് -10**
11.00 അടിസ്ഥാന പാഠാവലി
11.30 സംസ്കൃതം
12.00 ജീവശാസ്ത്രം
● **ക്ലാസ് -12**
08.00 സുവോളജി
08.30 ബിസിനസ് സ്റ്റഡീസ്
09.00 കെമിസ്ട്രി
09.30 അറബിക്

**ഇ –ദർഘാസ് പരസ്യം**
T 02/AE/LSGD/20-21
മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിലെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 6 സിവിൽ മരാമത്ത് പ്രവൃത്തികൾക്ക് അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www.etender.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി: 22.08.2020 പകൽ 17 മണി.തപാലിൽ സ്വീകരിക്കുന്ന അവസാന തീയതി: 25.08.2020, പകൽ 11 മണി. തുറന്നു പരിശോധിക്കുന്ന തീയതി: 25.08.2020, പകൽ 11 മണി. LSGD എഞ്ചിനിയറിങ് വിഭാഗത്തിന് ആവശ്യമായ വാഹനം വാടകയ്ക്ക് എടുക്കുന്നതിനാവശ്യമായ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ഇതുസംബന്ധിച്ച വിശദ വിവരങ്ങൾ LSGD Sub Division ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി 07.09.2020, 17 മണി.
(ഒപ്പ്) അസിസ്റ്റന്റ് എഞ്ചിനിയർ
17.08.2020
മൂവാറ്റുപുഴ

**CHANGE OF NAME**
I, SUNEER THANATHUPARAMBIL SAIDUMOHAMED, THANATHUPARAMBIL, ERIYAD P.O, THRISSUR, HEREBY CHANGE MY SON'S NAME AMAN AHAMED (PPTNo. L7534530 )TO AMAN AHAMED THANATHUPARAMBIL SUNEER

I, PRASANNAKUMARI POOVATHITTA VIJAYAMMA, PPTNo. K4286756, 39/3089C-3RD FLOOR, NEST, PALLIYIL LANE, EKM - 682016, HEREBY CHANGE MY NAME AS PRASANNA NAIR

**വി. യൂദാശ്ലീഹായുടെ നൊവേന**
മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ. (ദിവസം 9 പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാംദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒമ്പതുദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല).
ഫിലോമിന ജോൺ

**നോട്ടീസ്**
പറവൂർ ജോയിന്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ പരസ്യപ്പെടുത്തുന്നത്. KL-08-AW-6200 എന്ന വാഹനത്തിന്റെ ഉടമ JULIUS CHACKO ടി വാഹനത്തിന്റെ രജിസ്ട്രേഷൻ ബുക്ക് നഷ്ടപ്പെട്ടതിനാൽ ഡ്യൂപ്ലിക്കേറ്റ് ബുക്കിനായി അപേക്ഷിച്ചിരിക്കുന്നു. ഈ അപേക്ഷ പരിഗണിക്കുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിച്ചിരിക്കേണ്ടതാണ്.
എന്ന് ജോയിന്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ
പറവൂർ

**അറിയിപ്പ്**
KL - 05 C - 7272 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്നറിയിച്ച് ടി വാഹനത്തിന്റെ ഉടമസ്ഥനായ സാജു എം.തോമസ് എന്നയാൾ ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം ആയത് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,മൂവാറ്റുപുഴ

**Notice**
Reg. No. 344061054 Bachelor of Engineering certificate missing. If found please contact. Vazim 76790070 Address: Palakkal House 16/485, P. T. Jacob road, Thoppumpady, Kochi - 682005

Paramedical Course-കളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. SSLC/+2 കഴിഞ്ഞ പെൺകുട്ടികൾക്ക് അപേക്ഷിക്കാം. ഹോസ്റ്റലും പഠനത്തോടൊപ്പം ഹോസ്പിറ്റലിൽ പരിശീലന സൗകര്യവുമുണ്ട്. അഡ്മിഷന് നേരിട്ടു വരികയോ, www.mmcollege.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ആയി അപേക്ഷിക്കുകയോ ചെയ്യാം.
Chaithanya Trust Hospital & College of Medical Science
Kozha, Kuravilangad
Kotayam, Pin: 686633
Ph:9745300576, 9745400576

**അറിയിപ്പ്**
KL 39 E 4078 Motor Cycle വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്നറിയിച്ച് ടി വാഹനത്തിന്റെ ഉടമസ്ഥനായ അബ്ദുൾ ബാസിത്, മുക്കണ്ണിയിൽ, കാലാമ്പൂര്, ഏനാനല്ലൂർ പി.ഒ. മൂവാറ്റുപുഴ എന്നയാൾ ആയതിന്റെ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം ആയത് ഈ ഓഫീസിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മൂവാറ്റുപുഴ

**ആരോഗ്യ മംഗളം**

**പിണ്ടിമന ഗ്രാമപഞ്ചായത്ത് കാര്യാലയം**
പിണ്ടിമന പി.ഒ 686 692, കോതമംഗലം
തീയതി :18.08.2020
ദർഘാസ് നം. G132123/2020
പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2020 -21 വാർഷിക പദ്ധതിയിലെ പൊതുമരാമത്ത്വേലകളുടെ ടെണ്ടർ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾ www.tender.lsgkerala.gov.in ലഭ്യമാണ്.
(ഒപ്പ്),അസിസ്റ്റന്റ് എഞ്ചിനീയർ
പിണ്ടിമന ഗ്രാമപഞ്ചായത്ത്

**തൊഴിലവസരങ്ങളേറെയുള്ള കോഴ്സുകൾ പഠിക്കാം.**
പലിശരഹിത വിദ്യാഭ്യാസ ലോൺ.
BSc. Forensic Science (Hons)
BSc. Cyber Forensic & Data Analytics (In tie up with IBM) IBM
BCA Robotics, Machine Learning & Artificial Intelligence (Microsoft)
T & C Apply
For Details: SPSR EDUCATION SERVICES Pvt. Ltd. Kochi - 12.
70251 77666, 70251 77999

**കേരള സംസ്ഥാന ഭാഗ്യക്കുറി**
ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com
**വിൻവിൻ W-578 നറുക്കെടുപ്പ് ഫലം 17.08.2020**
സ്ഥലം : ഗോർഖി ഭവൻ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം.

**ഒന്നാം സമ്മാനം 75 ലക്ഷം രൂപ** WA 251916 (തൃശൂർ)

**സമാശ്വാസ സമ്മാനം 8000 രൂപ**
WB 251916 WC 251916 WD 251916 WE 251916 WF 251916 WG 251916 WH 251916 WJ 251916 WK 251916 WL 251916 WM 251916

**2–ാം സമ്മാനം 5 ലക്ഷം രൂപ**
WB 531830 (പാലക്കാട്)

**3–ാം സമ്മാനം 1ലക്ഷം രൂപ**

| | | | |
|---|---|---|---|
| WA 433800 (തൃശൂർ) | WB 550422 (പത്തനംതിട്ട) | WC 525431 (ഗുരുവായൂർ) | WD 265234 (തിരൂർ) |
| WE 446292 (തൃശൂർ) | WF 392791 (തിരുവനന്തപുരം) | WG 580480 (ആറ്റിങ്ങൽ) | WH 253134 (തൃശൂർ) |
| WJ 150407 (പാലക്കാട്) | WK 115565 (മൂവാറ്റുപുഴ) | WL 489260 (മൂവാറ്റുപുഴ) | WM 566517 (തിരുവനന്തപുരം) |

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

**4–ാം സമ്മാനം 5000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0630 | 0675 | 1011 | 1336 | 2484 | 2587 | 2822 | 3826 | 5190 | 5298 |
| 5424 | 6752 | 7025 | 7131 | 7615 | 7849 | 8066 | 8882 | | |

**5–ാം സമ്മാനം 2000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2696 | 2849 | 3409 | 3480 | 4465 | 4827 | 5045 | 6286 | 7394 | 7699 |

**6–ാം സമ്മാനം 1000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0331 | 2846 | 3327 | 4240 | 4926 | 5023 | 5200 | 5533 | 5995 | 7736 |
| 8827 | 9046 | | | | | | | | |

**7–ാം സമ്മാനം 500 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0029 | 0082 | 0090 | 0618 | 0965 | 1180 | 1202 | 1290 | 1293 | 1744 |
| 1803 | 2012 | 2090 | 2156 | 2190 | 2213 | 2255 | 2380 | 2438 | 3087 |
| 3225 | 3442 | 3549 | 3575 | 3586 | 3630 | 3777 | 3828 | 3847 | 3924 |
| 4003 | 4227 | 4306 | 4416 | 4477 | 4495 | 4681 | 4723 | 4763 | 4962 |
| 5017 | 5028 | 5068 | 5121 | 5340 | 5361 | 5650 | 5698 | 5848 | 5858 |
| 5974 | 5992 | 6113 | 6124 | 6217 | 6227 | 6365 | 6409 | 6419 | 6563 |
| 7168 | 7273 | 7363 | 7559 | 7597 | 7803 | 7807 | 7908 | 8222 | 8229 |
| 8323 | 8543 | 8975 | 9251 | 9265 | 9545 | 9582 | 9936 | | |

**8–ാം സമ്മാനം 100 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0254 | 0303 | 0406 | 0578 | 0804 | 0830 | 0951 | 0973 | 1116 | 1119 |
| 1158 | 1271 | 1310 | 1357 | 1757 | 1793 | 1990 | 2171 | 2203 | 2312 |
| 2335 | 2431 | 2448 | 2490 | 2579 | 2612 | 2643 | 2652 | 2680 | 2797 |
| 2806 | 2932 | 2985 | 3060 | 3093 | 3322 | 3372 | 3497 | 3502 | 3536 |
| 3576 | 3603 | 3613 | 3647 | 3916 | 3921 | 3954 | 4214 | 4265 | 4287 |
| 4374 | 4552 | 4712 | 4770 | 4773 | 4940 | 5055 | 5091 | 5102 | 5260 |
| 5266 | 5492 | 5502 | 5591 | 5714 | 5730 | 5836 | 5876 | 5877 | 5882 |
| 5950 | 6020 | 6027 | 6071 | 6346 | 6369 | 6434 | 6474 | 6483 | 6737 |
| 6782 | 6820 | 6910 | 6929 | 6931 | 6977 | 6979 | 7086 | 7146 | 7396 |
| 7493 | 7578 | 7657 | 7732 | 7768 | 7794 | 7929 | 7950 | 8019 | 8028 |
| 8118 | 8391 | 8551 | 8690 | 8760 | 8846 | 8888 | 8897 | 8984 | 9031 |
| 9059 | 9284 | 9483 | 9549 | 9636 | 9671 | 9848 | 9888 | 9912 | 9951 |

(ഒപ്പ്) ഇന്ദിരാദേവി.എസ്,ഡെപ്യൂട്ടിഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

## വിലനിലവാരം

● **കൊച്ചി**
● **വെളിച്ചെണ്ണ**
മില്ലിങ്.................16500
വെളിച്ചെണ്ണ.................15100
കൊപ്ര.................10135– 10600
● **കുരുമുളക്**
അൺഗാർബിൾഡ്.................31700
ഗാർബിൾഡ്.................33700
● **ചുക്ക്**
മീഡിയം.................25500–27400
ബെസ്റ്റ്.................27500
● **മഞ്ഞൾ**
സേലം–ഈറോഡ്.... 7200–7700
കാഞ്ഞിരക്കുരു.................1850
അടയ്ക്ക .................280–290
പഞ്ചസാര.................3720
മുളക്.................13000–24000
ഉഴുന്ന്.................9000–10000
ചെറുപയർ.................10000–11000
കടല.................5400–6500
മുതിര.................3700
എള്ള്.................13,000 14000
മല്ലി.................7400–19000
പച്ചരി നമ്പർ 2 .................2600–3400
പുഴുക്കലരി (ജയ).................3500
● **ജാതിക്ക**
തൊണ്ടൻ.................230–250
തൊണ്ടില്ലാത്തത്.................430–460
ജാതിപത്രി.................1400–1500
ഫ്ളവർ ബെസ്റ്റ്.......1700–1800
ഗ്രാമ്പൂ.................550
സ്വർണം (1ഗ്രാം).................4900
സ്വർണം(8 ഗ്രാം).................39200
ഒട്ടുപാൽ.................7600
ലാറ്റക്സ്.................7600
● **പൈനാപ്പിൾ**
പച്ച.................12
പഴം.................14
● **റബർ ബോർഡ്**
● **കൊച്ചി**
ആർ.എസ്.എസ്.4.................13200
ആർ.എസ്.എസ്.5.................12800
● **കോട്ടയം**
ആർ.എസ്.എസ്.4.................13200
ആർ.എസ്.എസ്.5.................12800
ഐ.എസ്.എൻ.ആർ20.....11000
60% ലാറ്റക്സ്.................7925
● **ബാങ്കോക്ക്**
ആർ.എസ്.എസ്.1.................13273
ആർ.എസ്.എസ്.2.................13129
ആർ.എസ്.എസ്.3.................12996
ആർ.എസ്.എസ്.4.................12924
ആർ.എസ്.എസ്.5.................12816
● **കുലാലംപൂർ**
എസ്.എം.ആർ20.................9815
60% ലാറ്റക്സ്.................8533
● **ആലപ്പുഴ**
വെളിച്ചെണ്ണ.................14900–16300
കൊപ്ര തെളിവ് .................10400
കൊപ്ര ഓടെ.................10350
അരി പുഞ്ച.................4200–4500
ചെറുപയർ.................7500–8000
പരിപ്പ്.................6500–7500
കടല .................7000 – 8000
മുളക് .................16000–18000
സ്വർണം (1ഗ്രാം).................5250
സ്വർണം(8 ഗ്രാം).................42000
വെള്ളി (കിലോ).................80000
● **ഇടുക്കി**
കാപ്പി.................115

## വിനിമയം

ഡോളർ.................74.90
പൗണ്ട്.................97.94
യൂറോ.................88.75
സ്വിസ്ഫ്രാങ്ക്.................82.53
കനേഡിയൻ.................56.61
ഓസ്ട്രേലിയൻ.................53.81
സിംഗപ്പൂർ ഡോളർ.................54.66
ബഹ്റൈൻ ദിനാർ.................198.04
കുവൈത്ത് ദിനാർ.................244.68
സൗദി റിയാൽ.................19.94
ഒമാനി റിയാൽ.................194.18
ഖത്തർ റിയാൽ.................20.43
യു.എ.ഇ. ദിർഹം.................20.37

## സിനിമ

■ **സൂര്യ**
09.00 പ്രമാണി
12.00 അധിപൻ
03.00 സണ്ടക്കോഴി
09.30 ആയിരത്തിൽ ഒരുവൻ
■ **സൂര്യ മൂവീസ്**
07.00 കളരി
10.00 ഭദ്രചിറ്റ
01.00 നമ്മൾ
04.00 പൗരൻ
07.00 ടു ഹരിഹർ നഗർ
10.00 ഒ.കെ. ചാക്കോ കൊച്ചിൻ മുംബൈ
■ **കൈരളി**
06.30 ഭരത്ചന്ദ്രൻ ഐ.പി.എസ്.
09.00 സിന്ധുബാദ്
12.00 പുലി
04.00 അമ്മ അമ്മായിയമ്മ
10.30 ധ്രുവങ്ങൾ 16
■ **വി**
07.00 സ്വന്തമെവിടെ ബന്ധമെവിടെ
10.30 അഞ്ചാൻ
03.00 തുപ്പരിവാലൻ
08.30 രെക്ക
■ **മഴവിൽ**
12.00 ഇരുമുഖൻ
03.00 പരുന്ത്

## കശ്മീരിൽ ഭീകരാക്രമണം: മൂന്ന് മരണം

ശ്രീനഗർ: കശ്മീരിലെ ബാരാമുള്ള ക്രെരി പ്രദേശത്തുണ്ടായ ഭീകരാക്രമണത്തിൽ രണ്ട് സി.ആർ.പി.എഫ്. ജവാന്മാർക്കും ഒരു പോലീസ് ഉദ്യോഗസ്ഥനും വീരമൃത്യു. ക്രെരിയിലെ ചെക്ക് പോസ്റ്റിനുനേരെയാണ് ആക്രമണമുണ്ടായത്. പ്രദേശം വളഞ്ഞ് ഭീകരർക്കായുള്ള തെരച്ചിൽ തുടരുകയാണ്. അക്രമികളുടെ സി.സി.ടിവി ദൃശ്യങ്ങൾ ലഭിച്ചതായി ജമ്മുകശ്മീർ പോലീസ് അറിയിച്ചു.

## കോടതിയലക്ഷ്യം: വ്യക്തത തേടി സുപ്രീം കോടതി

ന്യൂഡൽഹി: അഭിഭാഷകനായ പ്രശാന്ത് ഭൂഷണും മാധ്യമപ്രവർത്തകൻ തരുൺ തേജ്പാലിനുമെതിരായ 2009 ലെ കോടതിയലക്ഷ്യക്കേസിൽ കൂടുതൽ വിഷയങ്ങൾ പരിഗണിക്കേണ്ടതുണ്ടെന്നു സുപ്രീം കോടതി. ജഡ്ജിമാർക്കെതിരേ ആരോപണം ഉന്നയിക്കുന്നതുമായി ബന്ധപ്പെട്ട കേസുകളിൽ എന്തു നടപടിക്രമങ്ങളാണു സ്വീകരിക്കേണ്ടത് എന്നതു സംബന്ധിച്ചു അഭിഭാഷകരുടെ വാദം കേൾക്കാൻ ആഗ്രഹിക്കുന്നതായി കോടതി പറഞ്ഞു.

ഒരു അഭിമുഖത്തിൽ ജഡ്ജിമാരെ അധിക്ഷേപിക്കുന്ന പരാമർശങ്ങൾ വന്നെന്ന് ആരോപിച്ചു സുപ്രീം കോടതി 2009 നവംബറിൽ പ്രശാന്ത് ഭൂഷണും തരുൺ തേജ്പാലിനുമെതിരേ കോടതിയലക്ഷ്യ നോട്ടീസ് അയച്ചിരുന്നു. ജഡ്ജിമാർക്കെതിരേ അഴിമതി ആരോപണം ഉന്നയിക്കുന്നതു കോടതിയലക്ഷ്യമല്ലെന്നാണു പ്രശാന്ത് ഭൂഷന്റെ വാദം.

ജഡ്ജിമാർക്കെതിരേ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കാമോ, ഏതു സാഹചര്യത്തിൽ അവ ഉന്നയിക്കാം, സിറ്റിങ് ജഡ്ജിമാരുടെയും വിരമിച്ച ജഡ്ജിമാരുടെയും പേരിൽ ആരോപണങ്ങൾ ഉന്നയിച്ചാൽ എന്തു നടപടി സ്വീകരിക്കണം എന്നീ വിഷയങ്ങളാണു സുപ്രീം കോടതി പരിശോധിക്കുന്നത്. ഇക്കാര്യങ്ങളിൽ നിലപാട് വ്യക്തമാക്കാൻ കോടതി മുതിർന്ന അഭിഭാഷകരായ രാജീവ് ധവാൻ, ശാന്തി ഭൂഷൺ, കപിൽ സിബൽ എന്നിവരോട് ആവശ്യപ്പെട്ടു. ജസ്റ്റിസ് അരുൺ മിശ്രയുടെ നേതൃത്വത്തിലുള്ളബെഞ്ച് 24 നു കേസിൽ വീണ്ടും വാദം കേൾക്കും.

## ഹൈക്കോടതിയിൽ നാലു പുതിയ ജഡ്ജിമാർ

കൊച്ചി: ഹൈക്കോടതി അഭിഭാഷകരായ മുരളി പുരുഷോത്തമൻ, എ.എ. സിയാദ് റഹ്മാൻ, എറണാകുളം പ്രിൻസിപ്പൽ ജില്ലാ ജഡ്ജി ഡോ. കൗസർ എടപ്പഗത്ത്, തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ ജഡ്ജി കരുണാകരൻ ബാബു എന്നിവരെ ഹൈക്കോടതി ജഡ്ജിമാരായി നിയമിക്കുന്നതിനു സുപ്രീം കോടതി അംഗീകാരം നൽകി.

## ബാലനെ കൊന്ന കേസിൽ രണ്ട് സ്ത്രീകൾക്ക് വധശിക്ഷ

പട്ന: നാലു വയസുള്ള ബാലനെ കൊലപ്പെടുത്തിയ കേസിൽ ബിഹാറിൽ രണ്ട് സ്ത്രീകൾക്കു വധശിക്ഷ. ദുർഗാവതി ദേവി (60), മരുമകൾ സങ്കേഷാ ദേവി (40) എന്നിവർക്കാണു അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെൻഷൻസ് ജഡ്ജ് ലവ്കുഷ് കുമാർ വധശിക്ഷ വിധിച്ചത്. 2017 സെപ്റ്റംബർ അഞ്ചിനു ചിത്തൗന ഗ്രാമത്തിലായിരുന്നു കേസിനാസ്പദമായ സംഭവം. മന്ത്രവാദത്തിനായി കുട്ടിയെ തട്ടിയെടുത്ത് രണ്ടു സ്ത്രീകളും ചേർന്നു ബലിയർപ്പിക്കുകയായിരുന്നു.

● നേതൃ പ്രതിസന്ധി: പരിഹാരം ആവശ്യപ്പെട്ട് നേതാക്കൾ

## സോണിയയ്ക്ക് കത്തയച്ചെന്ന് ഝാ; അസംബന്ധമെന്ന് കോൺഗ്രസ്



● സഞ്ജയ് ഝാ

ന്യൂഡൽഹി: പാർട്ടി നേതൃത്വത്തിൽ രാഷ്ട്രീയ മാറ്റം വേണമെന്നും സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയ നടപ്പാക്കണമെന്നും ആവശ്യപ്പെട്ട് 100 ലധികം കോൺഗ്രസ് നേതാക്കൾ പാർട്ടി അധ്യക്ഷ സോണിയ ഗാന്ധിക്ക് കത്തയച്ചെന്ന് അവകാശപ്പെട്ട് പാർട്ടി മുൻവക്താവ് സഞ്ജയ് ഝാ. എന്നാൽ, ഝായുടെ വാദം അസംബന്ധമാണെന്നും ബി.ജെ.പി. ഉൾപ്പെട്ട ഫെയ്സ്ബുക്ക് വിവാദത്തിൽനിന്നു ശ്രദ്ധ തിരിക്കാനുള്ള ശ്രമം മാത്രമാണെന്നും കോൺഗ്രസ് പ്രതികരിച്ചു. എം.പിമാരടക്കമുള്ള നേതാക്കളാണു സോണിയയ്ക്ക് കത്തയച്ചതെന്നായിരുന്നു ഝായുടെ ട്വീറ്റ്. രാജസ്ഥാനിൽ സച്ചിൻ പൈലറ്റിന്റെ നേതൃത്വത്തിൽ നടന്ന വിമത നീക്കത്തിൽ പാർട്ടി നേതൃത്വത്തെ വിമർശിച്ചതിന്റെ പേരിൽ കഴിഞ്ഞ മാസം ഝായെ കോൺഗ്രസ് വക്താവ് സ്ഥാനത്തുനിന്ന് നീക്കുകയും പാർട്ടിയിൽനിന്ന് സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ, നേതൃത്വം ഝായുടെ വാദം തള്ളിക്കളഞ്ഞുവെങ്കിലും പാർട്ടിയിലെ ഒരു വിഭാഗം നേതാക്കൾ കോൺഗ്രസ് അധ്യക്ഷ സോണിയാ ഗാന്ധിയുമായി കൂടിക്കാഴ്ച നടത്താനുള്ള ശ്രമത്തിലാണെന്നാണു വിവരം. സോണിയയുടെ അനാരോഗ്യവും ചുമതല ഏറ്റെടുക്കാൻ തയാറാകാത്ത രാഹുൽ ഗാന്ധിയുടെ സമീപനവുമടക്കമുള്ള വിഷയങ്ങളിലെ ആശങ്ക നേതൃത്വത്തെ ധരിപ്പിക്കാനാണ് മുൻമന്ത്രിമാരും എം.പിമാരുമടക്കമുള്ള സംഘത്തിന്റെ നീക്കം.

രാജസ്ഥാൻ പ്രതിസന്ധി മറികടന്നത് പ്രിയങ്കാ വാധ്‌രയുടെയും രാഹുലിന്റെയും മികവിലാണെന്ന കോൺഗ്രസ് നേതൃത്വത്തിന്റെ ഔദ്യോഗിക വിശദീകരണം പക്ഷേ പാർട്ടിയിലെ വലിയൊരു വിഭാഗം അംഗീകരിക്കുന്നില്ലെന്നതും വസ്തുതയാണ്. മുഖ്യമന്ത്രി അശോക് ഗെലോട്ടിന്റെ മികവിൽ തന്നെയാണു ഭരണം നിലനിർത്തിയതെന്ന വസ്തുത ഇവർ രഹസ്യമായി സമ്മതിക്കുന്നു.

## സുശാന്തിന്റെ മരണം: പുതിയൊരു പേര് കൂടി പുറത്ത്



● ജമീല

മുംബൈ: ബോളിവുഡ് നടൻ സുശാന്ത് സിങ് രാജ്പുതിന്റെ മരണവുമായി ബന്ധപ്പെട്ട വിവാദത്തിൽ പുതിയൊരു പേരു കൂടി പുറത്ത്. സുശാന്തിന്റെ കാമുകി രേഖാ ചക്രബർത്തിയുടെ സഹോദരൻ ഷൗവിക്കിന്റെ കാമുകിയും മോഡലുമായ ജമീലയാണു വിവാദത്തിലെ പുതിയ സാന്നിധ്യം. സുശാന്ത് മരിച്ച ജൂൺ 14 ന് അദ്ദേഹത്തിന്റെ വസതിയിലേക്ക് ജമീല മാസ്ക് ധരിച്ച് പോകുന്നതിന്റേതെന്ന പേരിൽ ചില മാധ്യമങ്ങൾ സിസി ടിവി ദൃശ്യങ്ങൾ പുറത്തുവിട്ടു. മോഡലായ ജമീലയുടെ മുഴുവൻ പേര് ജമീലാ കൽക്കട്ടാവാലയെന്നാണ്. സുശാന്തും രേഖയും തമ്മിലുള്ള വാട്സ്ആപ് ചാറ്റിലും ജമീലയെക്കുറിച്ച് പരാമർശമുണ്ട്.

സുശാന്തിന്റെ മാനേജർ ദീപേഷ് സാവന്തുമായി ജമീല ദീർഘനേരം സംസാരിച്ചതായും റിപ്പോർട്ടുണ്ട്.

## നിഷികാന്ത് കാമത്ത് അന്തരിച്ചു

● 'ദൃശ്യം' ഹിന്ദി പതിപ്പിന്റെ സംവിധായകൻ



● നിഷികാന്ത് കാമത്ത്

ന്യൂഡൽഹി: പ്രശസ്ത ബോളിവുഡ്/മറാത്തി സംവിധായകൻ നിഷികാന്ത് കാമത്ത്(50) അന്തരിച്ചു. കരൾരോഗബാധിതനായി ഹൈദരാബാദിലെ എ.ഐ.ജി. ആശുപത്രിയിൽ ചികിത്സയിലായിരുന്നു. മലയാളത്തിലെ സൂപ്പർ ഹിറ്റ് ചിത്രം "ദൃശ്യം" ഹിന്ദിയിൽ അവതരിപ്പിച്ചത് കാമത്തായിരുന്നു.

ജൂലൈ 31നാണ് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിഷികാന്തിനു വയറുവേദനയ്ക്കും മഞ്ഞപ്പിത്തത്തിനും ചികിത്സ നൽകിയിരുന്നതായി ആശുപത്രി അധികൃതർ അറിയിച്ചു.

തബുവും അജയ് ദേവ്ഗണുമായിരുന്നു ഹിന്ദിയിലെ "ദൃശ്യ"ത്തിൽ നായികാ നായകൻമാരായത്. നടൻ മാധവൻ നായകനായ മുംബൈ മേരി ജാൻ, ജോൺ ഏബ്രഹാം നായകനായ റോക്കി ഹാൻഡ്സം എന്നീ ചിത്രങ്ങൾ നിഷികാന്തിന്റെ ഹിറ്റുകളുടെ പട്ടികയിലുണ്ട്. 2004 ൽ നടനെന്ന നിലയിലാണ് അദ്ദേഹം സിനിമയിലെത്തിയത്.

# വീണ്ടും ബാങ്ക് തട്ടിപ്പ്; ഇത്തവണ 1,530 കോടി

● തട്ടിപ്പ് പനാമ രേഖകളിൽ പരാമർശിക്കുന്ന കമ്പനിയുടെ പേരിൽ

ന്യൂഡൽഹി: സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിലുള്ള 10 ബാങ്കുകളുടെ കൺസോർഷ്യത്തെ കബളിപ്പിച്ച് 1,530 കോടി രൂപ തട്ടിയെടുത്ത കേസിൽ ലുധിയാന ആസ്ഥാനമായുള്ള സെൽ ടെക്സ്റ്റൈൽസ് കമ്പനിക്കെതിരേ സി.ബി.ഐ. കേസെടുത്തു.

2009–2013 കാലയളവിൽ കാനഡ ആസ്ഥാനമായുള്ള ആർതി ഇംപെക്സ് കമ്പനിയെ ഉപയോഗിച്ചു തട്ടിപ്പു നടത്തിയെന്നാണു കേസ്. ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ടു പുറത്തുവന്ന പനാമ രേഖകളിൽ ആർതി ഇംപെക്സും പരാമർശിക്കപ്പെട്ടിരുന്നു.

സെൽ ടെക്സ്റ്റൈൽസിന്റെ ഉടമകളായ രാം സരൺ സലൂജ, നീരജ് സലൂജ, ധീരജ് സലൂജ എന്നിവർക്കെതിരേയാണു സി.ബി.ഐ. കേസെടുത്തിരിക്കുന്നത്.



അതേസമയം, സി.ബി.ഐയുടെ എഫ്.ഐ.ആറിൽ ആർതി ഇപെക്സിന്റെ പേരില്ല. വിദേശത്തേക്കു മുങ്ങിയ ധീരജ് സലൂജയുടെ പേരിൽ ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്.

ബാങ്കിൽനിന്നു വായ്പയെടുത്ത പണം വക മാറ്റാനായി ദുബായിയിലുള്ള ചില കമ്പനികളുടെ പേരും സെൽ ടെക്സ്റ്റൈൽസ് ഉപയോഗിച്ചതായി എഫ്.ഐ.ആറിൽ പറയുന്നു.

## കടലാസുകമ്പനികളിലൂടെ കള്ളപ്പണമൊഴുക്കൽ; ചൈനീസ് പൗരനെതിരേ കേസ്



● ലുവോ സാങ്

ന്യൂഡൽഹി: നിലവിലില്ലാത്ത വ്യജകമ്പനികളുടെ പേരിൽ ആയിരം കോടി രൂപയിലേറെ കള്ളപ്പണമൊഴുക്കിയ ചൈനീസ് പൗരനെതിരേ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കേസെടുത്തു. ചാർലി പെങ് എന്നറിയപ്പെടുന്ന ലുവോ സാങ്ങിനെതിരേയാണ് കള്ളപ്പണം വെളുപ്പിക്കൽ നടപടിപ്രകാരം കേസ്.

ഡൽഹി പോലീസ് നടത്തിയ അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ ഇയാൾ കുറ്റക്കാരനാണെന്നു വ്യക്തമായിരുന്നു. തുടർന്ന് ആദായനികുതി വകുപ്പും ലുവോയ്ക്കു പിന്നാലെയായിരുന്നു. ലുവോയെയും കൂട്ടാളികളെയും ചോദ്യംചെയ്യലിനായി ഇ.ഡി. ഉടൻ വിളിപ്പിക്കും. ഹവാല ഇടപാടുകാർ, ഇടപാടിനു കൂട്ടുനിന്ന ചാർട്ടേഡ് അക്കൗണ്ടന്റുമാർ, ബാങ്ക് ജീവനക്കാർ എന്നിവരെയൊക്കെ ചോദ്യംചെയ്യാനാണ് നീക്കം.

രണ്ടും മൂന്നും ലക്ഷം അടങ്ങിയ കെട്ടുകൾ ലുവോ ഡൽഹിയിലെ ടിബറ്റൻ സെറ്റിൽമെന്റുകളിൽ എത്തിച്ചിരുന്നെന്നാണ് വിവരം. ഓഫീസ് ജീവനക്കാർ മുഖേനയാണ് കണക്കിൽപ്പെടാത്ത പണം കൈമാറിയിരുന്നതെന്നും അന്വേഷണസംഘം വ്യക്തമാക്കുന്നു.

കള്ളപ്പണ നീക്കത്തിനായി ഒട്ടേറെ കടലാസുകമ്പനികൾ ലുവോ കെട്ടിച്ചമച്ചു. മെഡിക്കൽ, ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ ചില്ലറ കയറ്റുമതിയും ഇറക്കുമതിയും ഇയാൾക്കുണ്ടായിരുന്നു. ഇത് മറയാക്കിയാണ് അധികൃതരുടെ കണ്ണ് വെട്ടിച്ചതും.

2014 ൽ നേപ്പാൾ വഴിയാണ് ഇയാൾ ഇന്ത്യയിലെത്തിയത്. പിന്നീട് മണിപ്പുരിൽനിന്നു വ്യാജപാസ്പോർട്ട് സംഘടിപ്പിച്ചു. ആധാർ, പാൻ കാർഡുകളും സംഘടിപ്പിച്ചശേഷം ഇയാൾ ഇന്ത്യയിൽ താമസമാക്കുകയായിരുന്നു. ഇയാൾ ദലൈലാമയെ ലക്ഷ്യമിട്ടിരുന്നതായും റിപ്പോർട്ടുകളുണ്ട്.

● ഉദ്യോഗസ്ഥർക്കു സർക്കാരിന്റെ 'ചെക്ക്'

## ട്രഷറി ചെക്കുകളിൽ ഇനി തിരുത്തൽ നടക്കില്ല

● ഷാലു മാത്യു
കോട്ടയം

ട്രഷറി ചെക്കുകളിലെ പിഴവുകളും പിശകുകളും തിരുത്താൻ ഓഫീസർമാർക്കുണ്ടായിരുന്ന അധികാരം സർക്കാർ എടുത്തുമാറ്റി. ചെക്കുകളിൽ വീഴ്ച സംഭവിച്ചാൽ അവ കൈകാര്യം ചെയ്യുന്ന ക്ലർക്കും ഓഫീസറും ഒരുപോലെ കുറ്റക്കാരാവും. ഇതു സംബന്ധിച്ച ട്രഷറി ഡയറക്ടറുടെ ഉത്തരവ് ഇന്നലെ പുറത്തിറങ്ങി. ഇടപാടുകളിൽ തെറ്റുവരുത്തിയശേഷം അവ റദ്ദ് ചെയ്യണമെന്നുള്ള അപേക്ഷ ഇനി പരിഗണിക്കില്ല. ബില്ലുകൾ, ചെക്കുകൾ എന്നിവയിൽ പിഴവ് വരുത്തുന്ന ജീവനക്കാർക്കെതിരേ അച്ചടക്കനടപടി സ്വീകരിക്കുമെന്നും ഉത്തരവിൽ പറയുന്നു. ട്രഷറർമാർ പണംസ്വീകരിക്കും മുമ്പ് ചെല്ലാനുകളിൽ രേഖപ്പെടുത്തിയ തുകയും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും ഒന്നുതന്നെയെന്ന് ഉറപ്പാക്കണം. ഓരേ ദിവസത്തെയും ഡേ ബുക്ക് തൊട്ടടുത്ത ദിവസം തന്നെ ക്ലോസ് ചെയ്യണം. അനുബന്ധ വൗച്ചറുകൾ ഇല്ലാത്ത ഒരു ബില്ലും പാസാക്കേണ്ടതില്ലെന്നും ഉത്തരവിലുണ്ട്. ഓൺലൈൻ ട്രാൻസ്ഫറിനായി സമർപ്പിക്കുന്ന ചെക്കുകൾക്ക് ടി.സി. സ്ലിപ്പ് കൈപ്പറ്റ് രസീതായി നൽകണമെന്നാണ് മറ്റൊരു നിർദേശം.

ഇതുവരെ ക്ലർക്കിന്റെ ഭാഗത്ത് തെറ്റ് സംഭവിച്ചാൽ ട്രഷറി ഓഫീസർമാർക്ക് ചെക്കുകളിൽ തിരുത്തലുകൾ നടത്തി പണം അനുവദിക്കാൻ കഴിയുമായിരുന്നു. വഞ്ചിയൂർ സബ് ട്രഷറിയിൽ രണ്ടു കോടി രൂപയുടെ തട്ടിപ്പ് നടന്നതോടെയാണ് ഇതിനു വിലക്കുവരുന്നത്. അവിടെ തട്ടിപ്പ് നടത്തിയ സീനിയർ അക്കൗണ്ടന്റ് എം.ആർ. ബിജുലാലിനെ പിരിച്ചുവിട്ടിരുന്നു.

## വിദ്വേഷ പ്രസംഗം: പാർട്ടിയും സ്വാധീനവും നോക്കാതെ വിലക്കുമെന്നു ഫെയ്സ്ബുക്ക്



ന്യൂഡൽഹി: വിദ്വേഷ പരാമർശം നടത്തുന്നവർക്കെതിരേ പാർട്ടിയോ രാഷ്ട്രീയ സ്വാധീനമോ പരിഗണിക്കാതെ വിലക്ക് ഏർപ്പെടുത്തുമെന്നു ഫെയ്സ്ബുക്ക്. രാജ്യാന്തര തലത്തിൽ പിന്തുടരുന്ന മാനദണ്ഡ പ്രകാരമാകും നടപടിയെന്നും ഫെയ്സ്ബുക്ക് വക്താവ് വ്യക്തമാക്കി. ഇന്ത്യയിൽ വിദ്വേഷ പ്രസംഗം നടത്തുന്ന ഭരണകക്ഷി നേതാക്കൾക്കെതിരേ നടപടി സ്വീകരിക്കാതെ ഫെയ്സ്ബുക്ക് ഒഴിഞ്ഞുമാറുകയാണെന്ന റിപ്പോർട്ടിനെ തുടർന്നാണു വിദശീകരണം. ഫെയ്സ്ബുക്കിനെതിരേ വാൾസ്ട്രീറ്റ് ജേണലിൽവന്ന റിപ്പോർട്ട് കോൺഗ്രസും പ്രതിപക്ഷ പാർട്ടികളും ഏറ്റെടുക്കുകയായിരുന്നു. വിദ്വേഷ പരാമർശത്തിനെതിരേ കൂടുതൽ നടപടി വേണമെന്നു തങ്ങൾക്കറിയാമെന്നു ഫെയ്സ്ബുക്ക് വിശദീകരിച്ചു. നിരന്തരമായി വിലയിരുത്തലുകൾ നടത്തിയും സുതാര്യതയും കൃത്യതയും ഉറപ്പുവരുത്തിയും ഇതു നിർബന്ധമായി നടപ്പാക്കാനുള്ള ശ്രമത്തിലാണെന്നും അവർ വ്യക്തമാക്കി.

വാൾസ്ട്രീറ്റ് ജേണലാണ് "ഫെയ്സ്ബുക് ഹേറ്റ്സ്പീച്ച് റൂൾസ് കൊളൈഡ് വിത്ത് ഇന്ത്യൻ പൊളിറ്റിക്സ് കമ്പനി എക്സിക്യൂട്ടീവ് ഒപ്പോസ്ഡ് മൂവ് ടു ബാൻ കോൺട്രോവേഷ്യൽ പൊളിറ്റീഷ്യൻ" എന്ന തലക്കെട്ടിൽ ലേഖനം പ്രസിദ്ധീകരിച്ചത്. തെലങ്കാനയിലെ ബി.ജെ.പി. നേതാവിന്റെ വിദ്വേഷ പരാമർശം നീക്കാത്തതാണു വിമർശനത്തിനു പ്രധാന കാരണമായത്.

## പരസ്പരം ബഹുമാനിക്കുക, പിന്തുണയ്ക്കുക: മോഡിയുടെ സ്വാതന്ത്ര്യദിന സന്ദേശത്തോട് പ്രതികരിച്ച് ചൈന

ബെയ്ജിങ്: പരസ്പര വിശ്വാസം വളർത്താനും ഭിന്നതകൾ പരിഹരിക്കാനും ഇന്ത്യയുമായി ചേർന്നു പ്രവർത്തിക്കാൻ തയാറെന്നു ചൈന.

പരസ്പരം ചേർന്നു പ്രവർത്തിക്കുകയെന്നതാണ് ഇരുരാജ്യങ്ങളുടെയും മുന്നിലുള്ള ശരിയായ പാതയെന്നും ചൈനീസ് വിദേശകാര്യ മന്ത്രാലയം. ഇന്ത്യൻ സായുധ സേനയെ ശക്തിപ്പെടുത്തണമെന്നും ഭൂമിപരമായ സമ്പൂർണത പരമപ്രധാനമാണെന്നുമുള്ള പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ സ്വാതന്ത്ര്യദിന സന്ദേശത്തോടുള്ള പ്രതികരണമായാണു ചൈനീസ് പ്രസ്താവന. ഇരുരാജ്യങ്ങളും ഏറെ അടുപ്പമുള്ള അയൽക്കാരും വളർന്നുവരുന്നവരുമാണ്.

ഊഷ്മളമായ ഉഭയകക്ഷിബന്ധം ഇരുരാജ്യങ്ങളുടെ മാത്രമല്ല, മേഖലയുടെയും ലോകത്തിന്റെതന്നെയും സ്ഥിരതയെയും സമാധാനത്തെയും സമൃദ്ധിയെയും ശക്തമാക്കും.

അതിനാൽത്തന്നെ എതിർപ്പുകൾ പരിഹരിക്കാനും പരസ്പരവിശ്വാസം വളർത്താനും ഉഭയകക്ഷിബന്ധം സംരക്ഷിക്കാനും ഇന്ത്യയുമായി ചേർന്ന് പ്രവർത്തിക്കാൻ ചൈന തയാറാണെന്നും ചൈനീസ് വിദേശകാര്യ വക്താവ് പറഞ്ഞു.

## പിണറായി ഭരണം മാറണമെന്ന് ജനം ആഗ്രഹിച്ച് തുടങ്ങി: എ.കെ. ആന്റണി

കൊല്ലം: പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഭരണം മാറണമെന്നു ജനങ്ങൾ ആഗ്രഹിച്ചു തുടങ്ങിയെന്നു കോൺഗ്രസ് പ്രവർത്തക സമിതിയംഗം എ.കെ. ആന്റണി.

കൊല്ലം ഡി.സി.സി. ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടന ചടങ്ങിൽ വിഡിയോ കോൺഫറൻസിലൂടെ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. തിരിച്ചുവരുമെന്നും ഇതിനായി വാർഡ്തലം മുതൽ പാർട്ടിയിൽ ഐക്യവും അച്ചടക്കവും വേണമെന്നും തർക്കങ്ങൾ പാർട്ടി ഫോറങ്ങളിൽ ചർച്ച ചെയ്തു പരിഹരിക്കണമെന്നും കൂട്ടിച്ചേർത്തു.

## ശിവശങ്കരൻ വഞ്ചകനെങ്കിൽ മുഖ്യമന്ത്രി വഞ്ചകന് കഞ്ഞിവെച്ചവൻ: കെ. സുരേന്ദ്രൻ

കോഴിക്കോട്: മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ശിവശങ്കരൻ വഞ്ചകനാണെങ്കിൽ മുഖ്യമന്ത്രി വഞ്ചകന് കഞ്ഞിവെച്ചവനാണെന്ന് ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രൻ. മന്ത്രി ജി. സുധാകരന്റെ പ്രസ്താവന കുറ്റസമ്മതമാണെന്നും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. ഇതുവരെ സി.പി.എം. നേതാക്കളെല്ലാം ശിവശങ്കരനെ ന്യായീകരിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ സുധാകരൻ ശിവശങ്കരനെ ബലികൊടുത്ത് മുഖ്യമന്ത്രിയെ ന്യായീകരിക്കുകയാണ്.

സ്വപ്നയുമായി ശിവശങ്കരന് മാത്രമല്ല മുഖ്യമന്ത്രിക്കും ബന്ധമുണ്ടെന്ന അന്വേഷണസംഘത്തിന്റെ റിപ്പോർട്ട് വന്ന സ്ഥിതിക്ക് മുഖ്യമന്ത്രി എങ്ങനെ വിശുദ്ധനാകുമെന്നും ജലീൽ തെറ്റ് ചെയ്തെന്നു പാർട്ടിക്ക് ബോധ്യമായതുകൊണ്ടാണോ ലഘുലേഖയിൽ ന്യായീകരിക്കാത്തതെന്നും സുരേന്ദ്രൻ ചോദിച്ചു.

## സഭ ടിവിക്ക് തുടക്കമായി

തിരുവനന്തപുരം: കേരള നിയമസഭയുടെ ടെലിവിഷൻ ചാനലായ സഭാ ടിവിക്കു തുടക്കമായി. ലോക്സഭാ സ്പീക്കർ ഓം ബിർള ഓൺലൈനായി ഉദ്ഘാടനം നിർവഹിച്ചു.

ജനങ്ങളും സർക്കാരും നിയമസഭയും തമ്മിലുള്ള പാലമായി സഭാ ടിവിക്കു മാറാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രി പിണറായി വിജയൻ മുഖ്യപ്രഭാഷണം നടത്തി.

സഭാ ടിവി വൈകാതെ സമ്പൂർണ ചാനലാകുമെന്നു മുഖ്യമന്ത്രി പറഞ്ഞു. ചടങ്ങിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു. മന്ത്രി എ.കെ. ബാലൻ നിയമസഭയുടെ ഡൈനാമിക് വെബ്സൈറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു.

## ഭക്ഷ്യധാന്യങ്ങൾ കടത്തിയ ബ്രാഞ്ച് സെക്രട്ടറിയെ സി.പി.എം. പുറത്താക്കി

കുട്ടനാട്: ദുരിതാശ്വാസ ക്യാമ്പിലേക്കുള്ള ഭക്ഷ്യധാന്യങ്ങൾ സ്വന്തം വീട്ടിലേക്ക് കടത്തിയതിനു സി.പി.എം. ബ്രാഞ്ച് സെക്രട്ടറിക്കെതിരെ പാർട്ടി നടപടി. നീലംപേരൂർ ബ്രാഞ്ച് സെക്രട്ടറി കെ.പി. സുകുമാരനെ ഒരു വർഷത്തേക്കു പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തതായി കുട്ടനാട് ഏരിയാ സെക്രട്ടറി ജി. ഉണ്ണികൃഷ്ണൻ വ്യക്തമാക്കി.

സംഭവത്തിൽ പോലീസിനൊപ്പം റവന്യു വകുപ്പും അന്വേഷണം ആരംഭിച്ചു. എൽ.ഡി.എഫ്. ഭരിക്കുന്ന നീലംപേരൂർ പഞ്ചായത്ത് മൂന്നാം വാർഡിലെ ഗവ. എൽ.പി. സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലേക്കുള്ള ഭക്ഷ്യധാന്യങ്ങളാണ് പഞ്ചായത്ത് വൈസ് പ്രസിഡന്റും കേരളാ കോൺഗ്രസ് സ്കറിയ തോമസ് വിഭാഗം നേതാവുമായ പ്രിനോ ഉതുപ്പാനോടൊപ്പം ബ്രാഞ്ച് സെക്രട്ടറി വെട്ടിച്ചത്.

വീടുകളിൽ വെള്ളം കയറിയവർക്കുള്ള പൊതു ഭക്ഷണവിതരണ കേന്ദ്രത്തിലേക്ക് ഭക്ഷ്യധാന്യങ്ങൾ കൊണ്ടുവരുന്ന വഴിതന്നെ കെ.പി. സുകുമാരന്റെ വീട്ടിലേക്ക് സാധനങ്ങൾ ഇറക്കിവയ്ക്കുകയായിരുന്നു.

ഇതു കണ്ടെത്തിയ നാട്ടുകാരിൽ ചിലർ ഭക്ഷ്യ ധാന്യത്തിന്റെ അളവ് പരിശോധിച്ചപ്പോൾ തിരിമറി നടന്നതായി വ്യക്തമായി. ഇതേത്തുടർന്ന് പ്രിനോ ഉതുപ്പാനെ നാട്ടുകാർ പരസ്യമായി ചോദ്യം ചെയ്തു.

കുറ്റം സമ്മതിച്ച ഇയാൾ മാപ്പുപറയുകയും ഭക്ഷ്യധാന്യത്തിന്റെ വിലയായ 3609 രൂപ നാട്ടുകാരുടെ സാന്നിധ്യത്തിൽ ഭക്ഷണവിതരണ കേന്ദ്രം കൺവീനർക്കു കൈമാറുകയും ചെയ്തു.



● ഉത്തര കൊറിയയിലെ പൊതുവിപണിയിൽ വിൽപ്പനയ്ക്കുവച്ചിരിക്കുന്ന നായകൾ.


## 'ബൂർഷ്വാ' നായകളെ കൈമാറണം; കിമ്മിന്റെ ഉത്തരവ്

സോൾ: വളർത്തുനായകൾ മൂലധന സംസ്കാരത്തിന്റെ പ്രതീകമാണെന്നും പ്യോങ്യാങ്ങിലെ നായകളെ ഉടൻ പിടികൂടണമെന്നും ഉത്തര കൊറിയൻ ഏകാധിപതി കിം ജോങ് ഉന്നിന്റെ ഉത്തരവ്. ഇതോടെ രാജ്യത്തെ ഭക്ഷ്യക്ഷാമത്തിനു പ്രതിവിധി തങ്ങളുടെ പാവം വളർത്തുനായകൾ ആകുമോയെന്ന ആശങ്കയിൽ ഉടമകൾ.

നായകളെ കൈവശം വയ്ക്കുന്നതു നിയമവിരുദ്ധമാണെന്നു ജൂലൈയിൽ കിം ഉത്തരവിട്ടിരുന്നു. വീട്ടിൽ നായകളെ വളർത്തുന്നത് ബൂർഷ്വാ സംസ്കാരത്തിന്റെ ഭാഗമാണെന്നായിരുന്നു ന്യായീകരണം. ഇതോടെ അധികൃതർ വളർത്തുനായകളെ തെരഞ്ഞുതുടങ്ങി. അവയെ ഉടൻ കൈമാറണമെന്നും അല്ലെങ്കിൽ കണ്ടുകെട്ടുമെന്നുമാണ് ഏറ്റവുമൊടുവിലത്തെ ഭീഷണി. ഉത്തരകൊറിയയിൽ പട്ടിയിറച്ചി ഇഷ്ടവിഭവമാണ്. വർഷം പത്തുലക്ഷം നായകളെവരെയാണ് ഇറച്ചിക്കായി രാജ്യത്ത് ഫാമിൽ വളർത്തുന്നത്.

കോവിഡിനെ തുടർന്നു ചൈനയുമായുള്ള അതിർത്തി അടച്ചതാണ് ഉത്തര കൊറിയയിൽ ഭക്ഷ്യക്ഷാമത്തിനു വഴിവച്ചത്. വെള്ളപ്പൊക്കത്തെ തുടർന്നു കൃഷി നശിച്ചതും രാജ്യത്തിനു തിരിച്ചടിയായി.

## ഡെത്ത്‌വാലിയിൽ ചൂട് 54.4 ഡിഗ്രി; റെക്കോഡ്



ലണ്ടൻ: ആഗോള താപനത്തിനു നേർസാക്ഷ്യമായി യു.എസിലെ ഡെത്ത് വാലി നാഷണൽ പാർക്ക്. ശനിയാഴ്ച ഇവിടെ രേഖപ്പെടുത്തിയ താപനില 54.4 ഡിഗ്രി സെൽഷ്യസ്. യു.എസിലെ പശ്ചിമ തീരത്തുണ്ടായ ഉഷ്ണതരംഗമാണ് കൊടുംചൂടിലേക്കു നയിച്ചതെന്നു നാഷണൽ വെതർ സർവീസ് അറിയിച്ചു.

2013–ൽ ഇവിടെ രേഖപ്പെടുത്തിയ 54 സെൽഷ്യസാണ് ഇതിനു മുമ്പ് ഭൂമിയിൽ രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന താപനില.

ടുണീഷ്യയിൽ 1931 ൽ 55 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയർന്നതായി ചരിത്രമുണ്ടെങ്കിലും അതിന് അംഗീകാരം ലഭിച്ചിട്ടില്ല.

## പ്രസ് സെക്രട്ടറിയായി ഇന്ത്യൻ വംശജയെ നിയമിച്ച് കമല ഹാരിസ്

വാഷിങ്ടൺ: അമേരിക്കൻ വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിലെ ഡെമോക്രാറ്റ് സ്ഥാനാർഥിയും ഇന്ത്യൻ വംശജയുമായ കമല ഹാരിസ് തന്റെ പ്രസ് സെക്രട്ടറിയായി ഇന്ത്യൻ–അമേരിക്കൻ വംശജ സബ്രിന സിങ്ങിനെ നിയമിച്ചു.

കമല ഹാരിസിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ മാധ്യമവിഭാഗം ചുമതലകൾ ഇനി സബ്രിനയാകും കൈകാര്യം ചെയ്യുക. മുൻപ് രണ്ട് ഡെമോക്രാറ്റ് പ്രസിഡന്റ് സ്ഥാനാർഥികളുടെ വക്താവായി പ്രവർത്തിച്ചിട്ടുള്ളയാളാണ് മുപ്പത്തിരണ്ടുകാരി സബ്രിന.


ഒരു പ്രധാന പാർട്ടിയുടെ വൈസ് പ്രസിഡന്റ് സ്ഥാനാർഥിയുടെ പ്രസ് സെക്രട്ടറിയായി ഇതാദ്യമായാണ് ഒരു ഇന്ത്യൻ വംശജ നിയമിക്കപ്പെട്ടത്.

## കൂടുതൽ പരക്കാൻ കഴിയുന്ന വൈറസ് ഇന്ത്യയിൽ നിന്നെത്തിയെന്നു മലേഷ്യ

കോലാലംപുർ: നിലവിലെ വൈറസിന്റെ പത്ത് മടങ്ങോളം വേഗത്തിൽ രോഗം പരത്താൻ ശേഷിയുള്ള കോവിഡിന്റെ വകഭേദം ഇന്ത്യയിൽനിന്നെത്തിയതായി മലേഷ്യൻ ഗവേഷകർ. ചില യൂറോപ്യൻ രാജ്യങ്ങളിൽ സാന്നിധ്യമറിയിച്ച ഡി614ജി എന്ന പേരിലുള്ള പുതിയ കോവിഡ് വകഭേദമാണ് ഇന്ത്യയിൽനിന്നെത്തിയ ഒരു വ്യാപാരിയിൽ കണ്ടെത്തിയത്.

കഴിഞ്ഞ ദിവസങ്ങളിൽ റിപ്പോർട്ട് ചെയ്ത 45 കേസുകളിൽ മൂന്ന് എണ്ണത്തിലാണ് പുതിയ കോവിഡ് വൈറസിനെ കണ്ടെത്തിയത്. ജനിതകമാറ്റം മൂലം ഇപ്പോൾ തയാറാക്കിക്കൊണ്ടിരിക്കുന്ന വാക്സിനുകൾ പുതിയ വൈറസിൽ ഫലപ്രദമാകില്ലെന്നു ഭയക്കുന്നതായി മലേഷ്യ ആരോഗ്യ ഡയറക്ടർ ജനറൽ നൂർ ഹിഷാം അബ്ദുള്ള അറിയിച്ചു. കോവിഡ് 19 നേക്കാൾ ഈ പുതിയ വൈറസ് അപകടകാരിയാണെന്നും വൈറസിന്റെ വ്യാപനം അതിവേഗത്തിലാകാനുള്ള സാധ്യതയുണ്ടെന്നും യു.എസ്. ആരോഗ്യ വിദഗ്ധൻ ഡോക്ടർ ആന്റണി ഫൗസി മുന്നറിയിപ്പു നൽകി.

● ഇപ്പോൾ തയാറാക്കുന്ന വാക്സിനുകൾ മതിയാകില്ലെന്ന്






# ഷൂമാക്കറിനെ മറികടന്ന് ഹാമിൽട്ടൺ

## സ്പാനിഷ് ഗ്രാൻപ്രീയിൽ തുടർച്ചയായി നാലാം തവണയും ജേതാവ്

**മാഡ്രിഡ്:** ഫോർമുല വൺ ഗ്രാൻപ്രീ കാറോട്ട മത്സരത്തിൽ മെഴ്സിഡസിന്റെ ചാമ്പ്യൻ ഡ്രൈവർ ലൂയിസ് ഹാമിൽട്ടണിന് ഒരു അപൂർവ നേട്ടവും കൂടി. കരിയറിൽ 155 മെഡൽ നേടിയ ഇതിഹാസ താരം മൈക്കിൾ ഷൂമാക്കറിനെ മറികടക്കാൻ ഹാമിൽട്ടണിനായി. ബാഴ്സലോണയിൽ നടന്ന സ്പാനിഷ് ഗ്രാൻപ്രീയിൽ ജേതാവായതോടെയാണു ഹാമിൽട്ടണിന്റെ കരിയറിലെ മെഡൽ നേട്ടം 156 ലെത്തി.

ഇത്തവണ ലോക ചാമ്പ്യൻഷിപ്പ് നേടിയാൽ മൈക്കിൾ ഷൂമാക്കറിന്റെ ഏഴ് കിരീടമെന്ന നേട്ടത്തിനൊപ്പമെത്താനും ഹാമിൽട്ടണിനാകും. 2012 മുതൽ ഷൂമാക്കർ കൊണ്ടു നടന്ന റെക്കോഡാണ് ബാഴ്സയിലെ റേസിങ് ട്രാക്കിൽ തകർന്നത്. സ്പെയിനിലെ തന്നെ വലൻസിയയിൽ നടന്ന റേസിങ്ങിൽ മൂന്നാം സ്ഥാനക്കാരനായതാണു ഷൂമാക്കറിന്റെ അവസാന മെഡൽ നേട്ടം.

മുൻ ചാമ്പ്യൻ സെബാസ്റ്റ്യൻ വെട്ടൽ 120 മെഡലുകളുമായി മൂന്നാം സ്ഥാനത്തുണ്ട്. അലെയ്ൻ പ്രോസ്റ്റ് 106 പോയിന്റുമായി നാലാം സ്ഥാനത്തും 103 മെഡലുകൾ നേടിയ കിമി റെയ്കോനൻ അഞ്ചാം സ്ഥാനത്തുമാണ്. 2002 ലാണ് അലെയ്ൻ പ്രോസ്റ്റിനെ മറികടന്ന് ഷൂമാക്കർ ഒന്നാംസ്ഥാനത്തെത്തിയത്. ഷൂമാക്കർ 306 റേസിങ്ങുകളിലൂടെയും ഹാമിൽട്ടൺ 256 റേസിങ്ങുകളിലൂടെയുമാണു മെഡൽ പട്ടികയിൽ ഇടംപിടിച്ചത്.

മൂന്ന് റേസുകൾ കൂടി ജയിച്ചാൽ ഷൂമാക്കറുടെ 91 ജയങ്ങളെന്ന റെക്കോഡിനൊപ്പമെത്താനും ബ്രിട്ടീഷ് താരത്തിനാകും. കഴിഞ്ഞയാഴ്ച നടന്ന ഫോർമുല വണ്ണിന്റെ 70-ാം വാർഷിക റേസിൽ റണ്ണർ അപ്പായതോടെ ഹാമിൽട്ടൺ ഷൂമാക്കറിനൊപ്പമായിരുന്നു. ഷൂമാക്കറിനെ മറികടക്കാനായത് അഭിമാനാർഹമായ അംഗീകാരമാണെന്നു ഷാമിൽട്ടൺ പറഞ്ഞു. ഫ്രഞ്ച് ആൽപ്സിലെ ഒരു റിസോർട്ടിൽ സ്കീയിങ് നടത്തുന്നതിനിടെ തലയിടിച്ചു വീണ മൈക്കിൾ ഷൂമാക്കർ ഏറെനാൾ കോമയിലായിരുന്നു. സാധാരണ ജീവിതത്തിലേക്കുള്ള തിരിച്ചുവരവിന്റെ പാതയിലാണ് അദ്ദേഹം. തുടർച്ചയായ നാലാം തവണയാണ് ഹാമിൽട്ടൻ സ്പാനിഷ് ഗ്രാൻപ്രീയിൽ ജയിക്കുന്നത്. 66 ലാപ്പുകൾ നീണ്ട റേസ് 1.31.45.279 സമയത്തിലാണു ഹാമിൽട്ടൻ ഫിനിഷ് ചെയ്തത്. ശനിയാഴ്ച നടന്ന യോഗ്യതാ റൗണ്ടിൽ ഹാമിൽട്ടൻ തന്നെയാണു പോൾ പൊസിഷൻ നേടിയത്.

റെഡ്ബുള്ളിന്റെ മാക്സ് വെർസ്റ്റാപനെ 24.17 സെക്കൻഡിൽ പിന്നിലാക്കിയാണു കിരീട നേട്ടം. മെഴ്സിഡസിലെ സഹതാരം വൽട്ടേരി ബോത്താസ് മൂന്നാം സ്ഥാനത്തെത്തി. റേസിങ് പോയിന്റിന്റെ ലാൻസ് സ്ട്രോൾ നാലാം സ്ഥാനവും സഹ ഡ്രൈവർ സെർജിയോ പെരസ് അഞ്ചാം സ്ഥാനവും നേടി.

ഫെരാരിയുടെ സൂപ്പർ ഡ്രൈവറും മുൻ ലോക ചാമ്പ്യനുമായ സെബാസ്റ്റ്യൻ വെട്ടൽ മോശം ഫോം തുടരുകയാണ്. ബാഴ്സയിൽ ഏഴാം സ്ഥാനത്താണ് വെട്ടൽ ഫിനിഷ് ചെയ്തത്. ഫെരാരിയുടെ സഹ ഡ്രൈവർ ചാൾസ് ലെ ക്ലർക്കിന് 38-ാം ലാപ്പിൽ മത്സരം അവസാനിപ്പിക്കേണ്ടി വന്നു. അൽഫോ റോമിയോ റേസിങ് ഫെരാരിയുടെ കിമി റെയ്കോനൻ 14-ാം സ്ഥാനത്തും റെനോയുടെ ഡാനിയൽ റിക്കിയാഡോ 11-ാം സ്ഥാനത്തും ഫിനിഷ് ചെയ്തു.

ലോക ചാമ്പ്യൻഷിപ്പിൽ ഹാമിൽട്ടൺ ആധിപത്യം തുടരുകയാണ്. 132 പോയിന്റാണ് ഹാമിൽട്ടണിന്റെ നേട്ടം. സീസണിലെ നാലാം ഗ്രാൻപ്രീ കിരീടമാണ് ഹാമിൽട്ടൺ നേടിയത്. രണ്ടാം സ്ഥാനത്തുണ്ടായിരുന്ന വാൽത്തേരി ബോത്താസിനെ മറികടന്ന് വെർസ്റ്റാപൻ (95) രണ്ടാം സ്ഥാനത്തേക്കുയർന്നു. 89 പോയിന്റുള്ള ബോത്താസ് മൂന്നാം സ്ഥാനത്താണ്. ചാൾസ് ലി ക്ലർക്ക് (45), ലാൻസ് സ്ട്രോൾ (40),അലക്സാണ്ടർ അൽബോൻ (40) എന്നിവരാണ് ആദ്യ ആറിലുള്ള മറ്റുള്ളവർ. ടീം പോയിന്റിലും മെഴ്സിഡസിന്റെ കുതിപ്പാണ്. 221 പോയിന്റുമായി ബഹുദൂരം മുന്നിലാണ് മെഴ്സിഡസ്. 135 പോയിന്റുള്ള റെഡ്ബുൾ രണ്ടാം സ്ഥാനത്താണ്. റേസിങ് പോയിന്റ് മെഴ്സിഡസ് (63), മക്‌ലാറൻ റെനോ (62), ഫെരാരി (61) എന്നിവരാണ് ആദ്യ അഞ്ചിൽ ഉൾപ്പെട്ട മറ്റ് ടീമുകൾ.



● സെവിയയുടെ ലൂക്ക് ഡി യോങ് മാഞ്ചസ്റ്റർ യുണൈറ്റഡിനെതിരേ നടന്ന യൂറോപ്പ ലീഗ് സെമി ഫൈനലിൽ ഗോളടിച്ച ആഹ്ളാദത്തിൽ

# യുണൈറ്റഡിനു കിരീടമില്ല

## ● യൂറോപ്പ ലീഗ് സെമിയിൽ തോറ്റു

**കൊളോൺ (ജർമനി):** യൂറോപ്പിലെ രണ്ടാം നിര ഫുട്ബോൾ ചാമ്പ്യൻഷിപ്പ് യൂറോപ്പ ലീഗിൽ കിരീടമെന്ന മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ സ്വപ്നം പാതിവഴിയിൽ പൊലിഞ്ഞു. സ്പാനിഷ് ക്ലബ് സെവിയയ്ക്കെതിരേ നടന്ന സെമി ഫൈനലിൽ 2-1 നാണ് ഇംഗ്ലീഷ് പ്രീമിയർ ലീഗിലെ കരുത്തനായ യുണൈറ്റഡ് തോറ്റത്.

ഒരു ഗോളിനു പിന്നിട്ടുനിന്ന ശേഷമായിരുന്നു സെവിയയുടെ ഫൈനൽ പ്രവേശനം. കളി തുടങ്ങി ഒൻപതാം മിനിറ്റിൽ ബ്രൂണോ ഫെർണ്ടസിന്റെ പെനാൽറ്റി ഗോളിൽ യുണൈറ്റഡ് മുന്നിലെത്തിയിരുന്നു. ഇരുപകുതികളിലുമായി സൂസോ (26-ാം മിനിറ്റ്), ലൂക്ക് ഡി യോങ് (78) എന്നിവരുടെ ഗോളുകളിൽ സെവിയ ജയിച്ചു കയറി. സെവിയയുടെ ഗോൾ കീപ്പർ യാസിൻ ബോണോയുടെ കണ്ണഞ്ചിപ്പിക്കുന്ന സേവുകളും മികച്ച ഗോളവസരങ്ങൾ പാഴാക്കിയതും യുണൈറ്റഡിനു വിനയായി.

രണ്ടാം പകുതിയുടെ തുടക്കത്തിൽ യുണൈറ്റഡ് തുടരെ ഗോൾമുഖം വിറപ്പിച്ചെങ്കിലും ബോണോയും ഗോൾ വലയും കുലുങ്ങിയില്ല. യുണൈറ്റഡ് പ്രതിരോധത്തിൽ വന്ന പിഴവ് മുതലെടുത്തായിരുന്നു സെവിയയുടെ രണ്ടു ഗോളുകളും. യുണൈറ്റഡിനെ പഴയ മികവിലേക്കു തിരിച്ചെത്തിക്കാനുള്ള കോച്ച് ഒലെ ഗണ്ണാർ സോൾഷയറിന്റെ ശ്രമങ്ങൾക്കു തോൽവി തിരിച്ചടിയായി. ഒമ്പതാം മിനിറ്റിൽ മാർകസ് റാഷ്ഫോഡിനെ ബോക്സിനകത്ത് വീഴ്ത്തിയതിനെ തുടർന്നായിരുന്നു റഫറി പെനാൽറ്റി വിധിച്ചത്.

ഫെർണാണ്ടസിന്റെ തകർപ്പൻ കിക്ക് ബോണോയ്ക്കു തൊടാൻ പോലുമാകാതെ വലയിൽ തുളഞ്ഞു കയറി. 26-ാം മിനിറ്റിൽ സൂസോയുടെ ഗോൾ സ്കോർ ഒപ്പമെത്തിച്ചു. ഇടതു വിങ്ങിൽ നിന്നു സെർജിയോ റെഗ്യുലിൻ ബോക്സിനു കുറുകെ നീട്ടി നൽകിയ പന്ത് ക്ലിയർ ചെയ്യാതെ പ്രതിരോധനിര കാഴ്ചക്കാരായപ്പോൾ വലതു പോസ്റ്ററിന് അടുത്ത് മാർക്ക് ചെയ്യാതെനിന്ന സൂസോ വലയ്ക്കുള്ളിലേക്ക് അടിച്ചുകയറ്റി.

ആന്റണി മാർഷ്യൽ, റഷ്ഫോഡ്, മാസൺ ഗ്രീൻവുഡ്, ഫെർണാണ്ടസ് എന്നിവർക്കെല്ലാം ലീഡുയർത്താനുള്ള അവസരങ്ങൾ ലഭിച്ചിരുന്നെങ്കിലും ഗോളാക്കി മാറ്റാനായില്ല. 78-ാം മിനിറ്റിൽ യുണൈറ്റഡ് പ്രതിരോധത്തിലെ മറ്റൊരു വീഴ്ച മുതലെടുത്ത് സെവിയ വിജയ ഗോളടിച്ചു.

ഇത്തവണ വലതു വിങ്ങിൽ നിന്നായിരുന്നു ക്രോസ് പിറന്നത്. ജീസസ് നവാസ് ബോക്സിനകത്തേക്കു നൽകിയ ക്രോസ് ക്ലിയർ ചെയ്യാൻ പ്രതിരോധനിര ശങ്കിച്ചപ്പോൾ മാർക്ക് ചെയ്യപ്പെടാതെനിന്ന ഡിയോങിന് പന്തിനെവഴി തിരിച്ചു വിടേണ്ട ജോലി മാത്രമായി.

# സുവാരസ് ബാഴ്സ വിടുന്നു



**മാഡ്രിഡ്:** ചാമ്പ്യൻസ് ലീഗ് ഫുട്ബോളിൽ സെമി ഫൈനൽ കാണാതെ പുറത്തായതിനു പിന്നാലെ ബാഴ്സലോണയിൽ വലിയ മാറ്റങ്ങളുണ്ടാകുമെന്നു സൂചന.

കോച്ച് ക്വികെ സെറ്റിയനൊപ്പം പല സീനിയർ താരങ്ങളും ക്ലബ് വിടുമെന്നാണു സൂചന. സുവാരസ് ഡച്ച് ക്ലബ് അയാക്സ് ആംസ്റ്റർഡാമിലേക്കു പോകുമെന്നാണു സൂചന. സുവാരസിനായി അയാക്സ് ബാഴ്സയെ സമീപിച്ചെന്നു സ്പാനിഷ് മാധ്യമങ്ങളാണു പുറത്തുവിട്ടത്. അയാക്സിൽ കളിച്ച് മികവ് തെളിയിച്ച താരമാണു സുവാരസ്. 2007 മുതൽ 2011 വരെ സുവാരസ് അയാക്സിൽ കളിച്ചിരുന്നു.

ഡച്ച് ക്ലബിനു വേണ്ടി എൺപത് ഗോളുകളടിച്ചു. അയാക്സിൽനിന്നു പ്രീമിയർ ലീഗ് ക്ലബ് ലിവർപൂളിലേക്കു ചേക്കേറി. 2014 ൽ ബാഴ്സലോണയിലുമെത്തി. അവസാന ആറു സീസണുകളിൽ ലയണൽ മെസി കഴിഞ്ഞാൽ ബാഴ്സയുടെ വലിയ താരമായിരുന്നു. ബാഴ്സയ്ക്ക് ഒപ്പം നാലു ലാ ലിഗാ കിരീടങ്ങളും ഒരു ചാമ്പ്യൻസ് ലീഗും സുവാരസ് നേടി.



# ആൻ മേരിക്ക് പിന്നാലെ പ്രണവും യു.എസിലേക്ക്

**നോയ്ഡ:** മലയാളി ബാസ്കറ്റ്ബോൾ താരം പ്രണവ് പ്രിൻസും യു.എസിലേക്ക്. വാഷിങ്ടണിലെ ഫസ്റ്റ് ലവ് ക്രിസ്റ്റ്യൻ അക്കാഡമിയുമായാണു പ്രണവ് കരാറായത്. നാഷണൽ ബാസ്കറ്റ്ബോൾ അസോസിയേഷൻ (ഇന്ത്യ) അക്കാഡമിയുടെ താരമാണ് 17 വയസുകാരനായ പ്രണവ്.

യു.എസിലെ ഒരു സ്വകാര്യ സ്കൂളുമായി കരാറിലെത്തുന്ന ആദ്യ മലയാളി പുരുഷ താരമാണ്. നോയ്ഡയിലെ ജയ്പീ പബ്ലിക് സ്കൂളിൽ 12-ാം ക്ലാസ് വിദ്യാർഥിയാണ്. തിരുവനന്തപുരം സെന്റ് ജോസഫ്സ് സ്കൂളിൽനിന്നാണു ജയ്പീയിലെത്തിയത്. മനോജ് സേവ്യറിന്റെ ശിഷ്യനായിരുന്ന പ്രണവ് 2019 ലെ സാബാ ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിനുള്ള ഇന്ത്യയുടെ അണ്ടർ 16 ടീമിന്റെ നായകനായി.

സാബായിൽ കിരീടം നേടിയ ഇന്ത്യൻ ടീം ഫിബയുടെ അണ്ടർ 16 ഏഷ്യാ കപ്പിനു യോഗ്യത നേടിയിരുന്നു. കേരളത്തിന്റെ വനിതാ താരം ആൻ മേരി ലൈഫ് പ്രിപ് അക്കാഡമിയുടെ ഭാഗമായി യു.എസിൽ പഠിക്കാൻ സ്കോളർഷിപ്പ് കരസ്ഥമാക്കിയിരുന്നു. പ്രണവും ആൻ മേരിയും 2019 ലെ യൂത്ത് ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തിന്റെ നയിച്ചിരുന്നു.

ജൂനിയർ നാഷണൽസിലും ഇരുവരും കേരളത്തിനു വേണ്ടി കളിച്ചു. 2018 ലാണു പ്രിൻസ് എൻ.ബി.എ. അക്കാഡമിയുടെ ഭാഗമായത്. 2016-17 സീസണിലെ റിലയൻസ് ഫൗണ്ടേഷൻ ജൂനിയർ എൻ.ബി.എ. പ്രോഗ്രാമിലൂടെയാണു ശ്രദ്ധിക്കപ്പെട്ടത്. കരാർ നൽകിയ ഫസ്റ്റ് ലവ് ക്രിസ്റ്റ്യൻ അക്കാഡമിക്കും കോച്ച് ഖായ്റീക്കും നന്ദി പറയാൻ വാക്കുകളില്ലെന്നു പ്രണവ് പറഞ്ഞു.

● ചാമ്പ്യൻസ് ലീഗ് സെമി മത്സരങ്ങൾ ഇന്നു മുതൽ ● രാത്രി 12.30 മുതൽ സോണി ടെൻ 2വിലും സോണി ലിവിലും

# ഇനി നെഞ്ചിടിപ്പ് കൂടും



കിലിയൻ എംബാപ്പെ

**ലിസ്ബൺ:** ചാമ്പ്യൻസ് ലീഗ് ഫുട്ബോളിൽ സെമി ഫൈനൽ മത്സരങ്ങൾ ഇന്നു തുടങ്ങും. ഇന്ത്യൻ സമയം രാത്രി 12.30 മുതൽ നടക്കുന്ന ഒന്നാം സെമിയിൽ ജർമൻ കറുത്ത കുതിര ആർ.ബി. ലീപ്സിങ് ഫ്രാൻസിലെ കരുത്തനായ പാരീസ് സെയിന്റ് ജെർമെയ്നെ നേരിടും.

സോണി ടെൻ 2, സോണി ടെൻ 2 എച്ച്.ഡി. ചാനലുകളിലും സോണി ലിവിൽ ഓൺലൈനായും മത്സരം തത്സമയം കാണാം. നാളെ നടക്കുന്ന സെമിയിൽ ഫ്രാൻസിലെ ഒളിമ്പിക് ലിയോൺ ജർമൻ ചാമ്പ്യൻ ബയേൺ മ്യൂണിക്കിനെ നേരിടും. സ്പാനിഷ് വമ്പൻമാരായ ബാഴ്സലോണ, അത്‌ലറ്റിക്കോ മാഡ്രിഡ്, ഇംഗ്ലീഷ് പ്രീമിയർ ലീഗിലെ മാഞ്ചസ്റ്റർ സിറ്റി എന്നിവർ ക്വാർട്ടറിൽ അടിതെറ്റി വീണിരുന്നു.

ആദ്യ ക്വാർട്ടർ ഫൈനലിൽ ലീപ്സിങ് 2-1 ന് അത്‌ലറ്റിക്കോ മാഡ്രിഡിന്റെ സ്വപ്നങ്ങൾ തല്ലിക്കെടുത്തി. ബയേണിനോട് 8-2 നാണു ബാഴ്സലോണ തോൽവി ഏറ്റുവാങ്ങിയത്. ഇറ്റാലിയൻ ക്ലബ് അറ്റ്ലാന്റയോട് 2-1 നു ജയിച്ചാണു പി.എസ്.ജി. സെമിയിൽ കളിക്കുന്നത്. ഇന്നു ജയിക്കുന്ന രണ്ടു ടീമുകൾക്കും ചാമ്പ്യൻസ് ലീഗിൽ കന്നി ഫൈനലാണ്. റെഡ്ബുൾ കമ്പനി 2009 ൽ ആരംഭിച്ച ആർ.ബി. ലീപ്സിങ് 2016 ലാണ് ജർമനിയിലെ ഒന്നാം നിര ലീഗായ ബുണ്ടസ് ലിഗയിലേക്കു സ്ഥാനക്കയറ്റം നേടുന്നത്. 33 വയസുകാരനായ ജൂലിയൻ നെഗൽസ്മാന്റെ ശിഷ്യൻമാർ ഇത്തവണ അദ്ഭുതം പ്രവർത്തിക്കുമെന്ന പ്രതീക്ഷ

**ഇന്നത്തെ മത്സരം**

**ലീപ് സിങ്**

**X**

**പി.എസ്.ജി.**

യിലാണു യൂറോപ്പ്. ചാമ്പ്യൻസ് ലീഗിലെ കഴിഞ്ഞ 15 മത്സരങ്ങളിൽ എട്ടിലും ജയിച്ച ലീപ്സിങിനെ പി.എസ്.ജിക്കു നിസാരരായി കാണാൻ കഴിയില്ല.

പ്രത്യേകിച്ച് അവർ അറ്റ്ലാന്റയോടു വിയർത്തു ജയിച്ച സാഹചര്യത്തിൽ. ബുണ്ടസ് ലിഗയിലും ലീപ്സിങിനെ റെക്കോഡ് പി.എസ്.ജിയുടെ ഉറക്കം കെടുത്തും. കഴിഞ്ഞ സീസണിലെ 34 മത്സരങ്ങളിൽ നാലെണ്ണത്തിൽ മാത്രമാണ് അവർ തോറ്റത്. ബയേൺ മ്യൂണിക്കിനും ബോറുസിയ ഡോർട്ട്മുണ്ടിനും പിന്നാലെ മൂന്നാംസ്ഥാനത്താണു ലീപ്സിങ് ഫിനിഷ് ചെയ്തത്. ചാമ്പ്യൻസ് ലീഗിൽ രണ്ടാം തവണയാണു പി.എസ്.ജി. സെമിയിൽ കളിക്കുന്നത്. 1995 ലെ ഇരുപാദ സെമിയിൽ അവർ ഇറ്റാലിയൻ ക്ലബ് എ.സി. മിലാനോട് 3-0 ത്തിനു തോറ്റു. ഗോളടി യന്ത്രം ടിമോ വെർണർ ഇംഗ്ലീഷ് പ്രീമിയർ ലീഗ് ക്ലബ് ചെൽസിയിലേക്കു കൂടുമാറിയെങ്കിലും ലീപ്സിങിന്റെ പ്രഹര ശേഷിക്കു കുറവുണ്ടായില്ല. അത്‌ലറ്റിക്കോയ്ക്കെതിരേ കളിച്ച അതേ സ്റ്റാർട്ടിങ് ഇലവനിൽ തുടരാനാണു നെഗൽസ്മാന്റെ ശ്രമം. ഡാനി ഒൽമോ, യൂസഫ് പൗൾസെൻ എന്നിവർ മുന്നിൽനിന്നു കളിക്കും.

പാട്രിക് ഷിസ്ക്, ടെയ്‌ലർ ആഡംസ്, എമിൽ ഫോർസ്ബെർഗ് എന്നിവർ സ്റ്റാർട്ടിങ് ഇലവനിൽ ഉറപ്പാണ്. കഴിഞ്ഞ മാസം തുടയിൽ ശസ്ത്രക്രിയ നടത്തിയ ഇബ്രാഹിമ കോനാറ്റെ ഇന്നും കളിക്കാനില്ല.

മധ്യനിര താരം മാർകോ വെറാറ്റി, ഒന്നാം നമ്പർ ഗോൾ കീപ്പർ കെയ്‌ലർ നവാസ് എന്നിവർ പരുക്കു മൂലം ഇന്നു കളിക്കില്ല. അറ്റ്ലാന്റയ്ക്കെതിരായ മത്സരത്തിനിടെയാണു നവാസിനു പരുക്കേറ്റത്. പകരക്കാരനായി ഇറങ്ങിയ സെർജിയോ റികോ ഇന്നു മുഴുവൻ സമയവും ഗോൾ വലയത്തിനു മുന്നിലുണ്ടാകും. വലതു കാൽക്കുഴയ്ക്കേറ്റ പരുക്കിൽനിന്നു മോചിതനായ യുവ സ്ട്രൈക്കർ കിലിയൻ എംബാപ്പെയാണു ടീമിന്റെ കരുത്ത്. കോച്ച് തോമസ് ടുഷൽ എംബാപ്പെയെ ക്വാർട്ടറിൽ പകരക്കാരനായി ഇറക്കിയിരുന്നു. എംബാപ്പെയുടെ ചടുല നീക്കങ്ങളാണു പി.എസ്.ജിയെ ജയത്തിലേക്കു നയിച്ചത്. എറിക് ചോപു മോട്ടിങ്ങിനു വിജയ ഗോളടിക്കാനുള്ള വഴിയൊരുക്കിയത് എംബാപ്പെയാണ്. മറ്റൊരു സൂപ്പർ താരം നെയ്മർ മാർക്വിനാസിനു സമനില ഗോളടിക്കാനുള്ള വഴിയൊരുക്കി മിനിറ്റുകൾക്കു ശേഷമാണ് ജയത്തിലേക്കുള്ള വഴി തുറന്നത്. നെയ്മറും എംബാപ്പെയുമാണു തങ്ങളുടെ ശക്തി കേന്ദ്രമെന്നു തോമസ് ടുഷൽ പറഞ്ഞു.

# കോവിഡ് പേടി: യു.എസിലേക്ക് ഹാലപ്പുമില്ല



**ബുക്കാറസ്റ്റ്:** യു.എസ്. ഓപ്പൺ ടെന്നീസ് ഗ്രാൻസ്ലാമിൽനിന്നു നിലവിലെ ചാമ്പ്യൻ സ്പെയിന്റെ റാഫേൽ നദാലിനു പിന്നാലെ ലോക രണ്ടാം നമ്പർ വനിതാ താരം സിമോണ ഹാലെപും പിന്മാറി. കോവിഡ്-19 വൈറസ് വർധിച്ചു വരുന്ന സാഹചര്യത്തിലാണു പിന്മാറുന്നതെന്ന് ഹാലെപ്പ് വ്യക്തമാക്കി. ട്വിറ്ററിലൂടെയാണു താരത്തിന്റെ പ്രഖ്യാപനം.

പല ഘടകങ്ങളും നിലവിലെ സാഹചര്യങ്ങളും പരിശോധിക്കുമ്പോൾ യു.എസ്. ഓപ്പണിൽ പങ്കെടുക്കാൻ ന്യൂ യോർക്കിലേക്ക് യാത്ര ചെയ്യാനാകില്ലെന്നു ഹാലപ് ട്വീറ്റ് ചെയ്തു. പകരം യൂറോപ്പിൽനിന്നു പരിശീലനം തുടരുമെന്ന് അവർ വ്യക്തമാക്കി. കഴിഞ്ഞ ദിവസമാണ് പ്രേഗ് ഓപ്പണിൽ ഹാലപ് കിരീടം നേടിയത്. എലിസ് മെർടെൻസിനെയാണു ഫൈനലിൽ തോൽപ്പിച്ചത്. ഈ മാസം 31 മുതൽ സെപ്റ്റംബർ 12 വരെയാണു യു.എസ്. ഓപ്പൺ. കോവിഡ്-19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിലായിരുന്നു നദാലിന്റെ പിന്മാറ്റവും. എല്ലാവിധ ആരോഗ്യ, സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചായിരിക്കും ടൂർണമെന്റെന്ന് ന്യൂയോർക്ക് ഗവർണർ ആൻഡ്രൂ കുമോ ആവർത്തിച്ചു പ്രസ്താവിച്ചെങ്കിലും യാത്ര ചെയ്യാനില്ലെന്നാണു നദാലിന്റെ നിലപാട്. ലോക ഒന്നാം നമ്പർ സെർബിയയുടെ നോവാക് ജോക്കോവിച്ച് യു.എസ്. ഓപ്പണിൽ കളിക്കുമെന്ന് വ്യക്തമാക്കിയിരുന്നു.

നദാലിന്റെ പ്രധാന എതിരാളി സ്വിറ്റ്സർലൻഡിന്റെ റോജർ ഫെഡറർ ഈ സീസണിൽനിന്നു തന്നെ വിട്ടുനിൽക്കുകയാണ്. ഡൊമിനിക് തീം, ഡാനിൽ മെദ്‌വദേവ്, സ്റ്റെഫാനോസ് സിറ്റ്സിപാസ് എന്നിവർ യു.എസ്. ഓപ്പണിൽ കളിക്കുമെന്നാണു പ്രതീക്ഷ. ലോക ഒന്നാം നമ്പർ വനിതാ താരം ആഷ്‌ലി ബാർട്ടിയും യു.എസ്. ഓപ്പണിനില്ലെന്നാണു സൂചന. മുൻ ചാമ്പ്യൻ സെറീന വില്യംസ് തുടങ്ങിയവർ വനിതാ വിഭാഗത്തിൽ കളിക്കും. കോവിഡ് വ്യാപനത്തിനു ശേഷം നടക്കുന്ന ആദ്യ ഗ്രാൻസ്ലാം ടൂർണമെന്റാണിത്. കോവിഡിനെ കൂടാതെ പുതുക്കിയ മത്സര ക്രമവും നദാലിനെ യു.എസ്. ഓപ്പണിൽനിന്നു വിട്ടുനിൽക്കാൻ പ്രേരിപ്പിച്ചു. യു.എസ്. ഓപ്പൺ അവസാനിച്ച് രണ്ടാഴ്ച കഴിയും മുമ്പ് ഫ്രഞ്ച് ഓപ്പണിനു തുടക്കമാകും. മതിയായ സുരക്ഷയില്ലാതെ യു.എസ്. ഓപ്പണിൽ കളിക്കില്ലെന്നു ജൂണിൽ തന്നെ നദാൽ വ്യക്തമാക്കി.

# ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനത്തിന് ഇന്ന് നൂറു വയസ്



● നൂറുവർഷം മുമ്പ് കോഴിക്കോട് കടപ്പുറത്ത് ഗാന്ധിജി പ്രസംഗിച്ച വേദി. -രാജേഷ് മേനോൻ

● സ്വന്തം ലേഖകൻ
കോഴിക്കോട്

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ ആദ്യ കേരള സന്ദർശനത്തിന് ഇന്ന് നൂറു വയസ്. 1920 ഓഗസ്റ്റ് 18-ന് ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രചാരണാർഥം കോഴിക്കോടു നടന്ന പൊതുയോഗത്തിൽ പങ്കെടുക്കാനായിരുന്നു അദ്ദേഹത്തിന്റെ ആദ്യ വരവ്.

മുസ്ലിങ്ങളുടെ ആഗോള നേതൃത്വമായ തുർക്കി ഖിലാഫത്തിനെതിരേയുള്ള ബ്രിട്ടന്റെ നീക്കത്തിൽ പ്രതിഷേധമുയർത്താനായിരുന്നു ഖിലാത്ത് പ്രസ്ഥാനത്തിനു തുടക്കമിട്ടത്. പിന്നീടത് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി. കേരളത്തിലും വലിയ ചലനം സൃഷ്ടിക്കാൻ ഖിലാഫത്ത് പ്രസ്ഥാനത്തിനു കഴിഞ്ഞു. റെയിൽമാർഗം കോഴിക്കോട്ടെത്തിയ ഗാന്ധിയെ ഖിലാഫത്ത് കമ്മിറ്റി പ്രസിഡന്റ് പി.കെ. മുത്തുക്കോയയുടെ നേതൃത്വത്തിൽ വരവേറ്റു.

20 മണിക്കൂറാണ് ഗാന്ധിജി ആ സന്ദർശനവേളയിൽ മലബാറിന്റെ ആസ്ഥാനമായിരുന്ന കോഴിക്കോട്ട് തങ്ങിയത്. പോർട്ട് സിഗ്നൽ സ്റ്റേഷനു പടിഞ്ഞാറുള്ള കടപ്പുറത്തായിരുന്നു പ്രസംഗവേദി. മൗലാനാ ഷൗക്കത്തലിയും യോഗത്തിൽ പ്രസംഗിച്ചു. ഒന്നാം ലോക മഹായുദ്ധത്തിന്റെ തുടർച്ചയായി തുർക്കിയിലെ മുസ്ലിങ്ങൾക്കെതിരേ ബ്രിട്ടീഷ് സർക്കാർ നടത്തിയ ക്രൂരതകളാണ് ഗാന്ധിജി യോഗത്തിൽ പ്രധാനമായും ഉയർത്തിക്കാട്ടിയത്. കെ. മാധവൻ നായരാണ് ഗാന്ധിജിയുടെ പ്രസംഗം പരിഭാഷപ്പെടുത്തിയത്. അന്ന് കോഴിക്കോട്ട് താമസിച്ച ഗാന്ധിജി പിറ്റേന്നു രാവിലെ മംഗലാപുരത്തേക്ക് പോയി. അതിനുശേഷം നാലുതവണകൂടി അദ്ദേഹം സംസ്ഥാനത്തെത്തി. ഗാന്ധിജിയുടെ കോഴിക്കോട് സന്ദർശനം ദേശാഭിമാനികളിൽ വലിയ ആവേശമുണർത്തിയതായി പ്രമുഖ ഗാന്ധിയൻ തായാട്ട് ബാലൻ പറഞ്ഞു.

എന്നാൽ ഗാന്ധിയൻ ആദർശം പരിപാടിയായി ഉയർത്തിക്കൊണ്ടുവരാൻ കോൺഗ്രസിനു കഴിഞ്ഞില്ല. ഗാന്ധിജിയുടെ വരവ് ദേശീയ പ്രസ്ഥാനത്തിനു പുതിയ ഉണർവ് പകർന്നതായി പ്രമുഖ ചരിത്രകാരൻ ഡോ: എം.ജി.എസ്. നാരായണൻ അഭിപ്രായപ്പെട്ടു.

# മൺസൂണിൽ മഴ കുറയും

## ● 12 -15 ശതമാനം മഴക്കുറവിന് സാധ്യത ● അന്തരീക്ഷ താപനില കൂടി

● ബൈജു ഭാസി
കൊച്ചി



ഈ വർഷം മൺസൂൺ മഴ കുറയുമെന്നും സംസ്ഥാനത്തെ കാത്തിരിക്കുന്നതു വരൾച്ചയെന്നും കാലാവസ്ഥാ വിദഗ്ധർ. ഈ വർഷം ഇന്നലെവരെ മൂന്നു ശതമാനം മഴക്കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മാസം 25 വരെ വലിയതോതിലുള്ള മഴ പ്രതീക്ഷിക്കുന്നുമില്ല. ഓഗസ്റ്റ് അവസാനിക്കുമ്പോൾ മഴക്കുറവിന്റെ തോതും കൂടും. മൺസൂൺ സീസൺ സെപ്റ്റംബർ 30 നാണ് അവസാനിക്കുന്നത്. അതിനുള്ളിൽ കേരളത്തിൽ പ്രതീക്ഷിക്കുന്നത്ര മഴയുണ്ടാകാൻ സാധ്യതയല്ലെന്നാണു സൂചന.

സെപ്റ്റംബറിൽ ചുഴലിക്കാറ്റോ ന്യൂനമർദമോ രൂപപ്പെട്ടാൽ മാത്രമേ തീവ്രമഴയ്ക്കുള്ള സാധ്യതയുള്ളൂ. എന്നാൽ, ഇപ്പോഴത്തെ സാഹചര്യത്തിൽ അതിനുള്ള സാധ്യതയില്ല. അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും മഴമേഘങ്ങളുടെ രൂപീകരണത്തിന് കാരണമാകുന്ന സവിശേഷ സാഹചര്യം ഉടലെടുത്തിട്ടുമില്ല. അതുകൊണ്ട് ഈ മൺസൂൺ സീസണിൽ 10 മുതൽ 15 ശതമാനം വരെ മഴക്കുറവുണ്ടാകാനുള്ള സാഹചര്യമാണ് ഇപ്പോഴുള്ളതെന്ന് കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല ഗവേഷണ വിഭാഗം ചൂണ്ടിക്കാണിക്കുന്നു. മഴ കുറഞ്ഞാൽ വേനൽ കടുക്കുമെന്നും വരൾച്ചാ സാധ്യത തള്ളിക്കളയാനാകില്ലെന്നുമാണ് ഗവേഷകർ വ്യക്തമാക്കുന്നത്. ഈ സീസണിൽ മൺസൂൺ സാധാരണപോലെ പെയ്യുമെന്നായിരുന്നു കേന്ദ്ര കാലാവസ്ഥാ ഗവേഷക കേന്ദ്രം ചൂണ്ടിക്കാട്ടിയിരുന്നത്. ദേശീയതലത്തിൽ അധിക മഴ ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ, ജൂലൈ അവസാനിക്കുമ്പോൾ കേരളത്തിൽ മഴക്കുറവ് ദൃശ്യമായിരുന്നു. 15 ശതമാനമായിരുന്നു മഴക്കുറവ്. ഓഗസ്റ്റ് അഞ്ചിനും 12 നും ഇടയിൽ പെയ്ത അധികമഴയാണ് ആ വിടവ് നികത്തിയത്.

ഓഗസ്റ്റ് 12 നു ശേഷം സംസ്ഥാനത്ത് മഴക്കുറവ് പ്രകടമാണ്. ഒട്ടെല്ലാ മേഖലകളിലും ആകാശം തെളിഞ്ഞുനിൽക്കുകയാണ്. മിനിറ്റുകൾ നീളുന്ന ഒറ്റപ്പെട്ട മഴമാത്രമാണു ലഭിക്കുന്നത്.

കഴിഞ്ഞ രണ്ടു സീസണിലും മൺസൂണിൽ അധികമഴയാണു കേരളത്തിൽ ലഭിച്ചത്. മഴയകന്നതോടെ അന്തരീക്ഷതാപനിലയും വർധിച്ചു. ശരാശരി 30 ഡിഗ്രി സെൽഷ്യസിലേക്ക് അന്തരീക്ഷതാപനില ഉയർന്നു കഴഞ്ഞിട്ടുണ്ട്. കോട്ടയത്ത് 33.4 ഡിഗ്രി സെൽഷ്യസ് താപനില ഇന്നലെ രേഖപ്പെടുത്തി.

# ആറുവർഷമായിട്ടും പൂർത്തിയാകാതെ കൊച്ചി കാൻസർ സെന്റർ



● തറക്കല്ലിട്ട് ആറുവർഷമായിട്ടും പണി പൂർത്തിയാകാത്ത കൊച്ചി കാൻസർ സെന്റർ

**കൊച്ചി:** തറക്കല്ലിട്ട് ആറുവർഷം പൂർത്തിയാകുമ്പോഴും കൊച്ചി കാൻസർ സെന്റർ യാഥാർഥ്യമായില്ല. 2014 ഓഗസ്റ്റ് 18നാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി കൊച്ചിയിൽ രാജ്യാന്തര നിലവാരത്തിലുള്ള കാൻസർ ഗവേഷണകേന്ദ്രം രണ്ടുവർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന പ്രഖ്യാപനത്തോടെ തറക്കല്ലിട്ടത്.

പൊതുമേഖല സ്ഥാപനമായ എച്ച്.എസ്.സി.സി പ്രോജക്ട് റിപ്പോർട്ടും തയാറാക്കി. പുതിയ കെട്ടിടം പൂർത്തിയാകുന്നതുവരെ മെഡിക്കൽ കോളജിലെ ഒരുകെട്ടിടംനവീകരിച്ച് ഒ.പി. വിഭാഗം ആരംഭിക്കാൻ നടപടിയാരംഭിച്ചപ്പോൾ യു.ഡി.എഫ്. ഭരണംമാറി.

2016ൽ കേരളപ്പിറവി ദിനത്തിൽ ഒ.പി. വിഭാഗം ആരംഭിച്ചെങ്കിലും ഡയറക്ടറെ നിയമിക്കാൻ വീണ്ടും മാസങ്ങളെടുത്തു. 2018 മേയിൽ മുഖ്യമന്ത്രി പിണറായി വിജയൻ 390 കോടി രൂപ ചെലവിൽ പുതിയ കെട്ടിടത്തിന്റെ നിർമാണ ഉദ്ഘാടനം നിർവഹിച്ചു. അപ്പോഴേക്കും പ്രോജക്ട് റിപ്പോർട്ട് തയാറാക്കിയ കമ്പനിയെ ചുമതലയിൽ നിന്നു മാറ്റി. പകരം ഇൻകലിനെ നിർമാണ ചുമതല ഏൽപ്പിച്ചു.

നിർമാണ രംഗത്ത് മുൻപരിചയമില്ലാത്ത ഇൻകൽ നിർമിച്ച കെട്ടിടത്തിന്റെ ഒരുഭാഗം പിന്നിട് തകർന്നുവീണു. അപാകത പരിശോധിക്കാൻ നിയമസഭാ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

കാൻസർ സെന്ററിന്റെ സിവിൽ ജോലികളുടെ 30 ശതമാനം മാത്രമാണു നിലവിൽ പൂർത്തിയായിട്ടുള്ളത്. ഇലക്ട്രിക്കൽ ജോലികൾക്ക് ഇതുവരെ ടെൻണ്ടർ വിളിച്ചിട്ടില്ല. ആരോഗ്യവകുപ്പിന്റെയും കിഫ്ബിയുടെയും അനുമതി ലഭിച്ചാൽ മാത്രമേ ടെൻണ്ടർ വിളിക്കാൻ കഴിയുകയുള്ളു. റേഡിയേഷൻ ചികിത്സക്ക് ആവശ്യമായ കോടികൾ വിലമതിക്കുന്ന ലിനാക് മിഷ്യൻ വിദേശത്തുനിന്ന് ഇറക്കുമതിചെയ്യാൻ ഇതുവരെ നടപടിയായിട്ടില്ല.

മെഡിക്കൽ കോളജ് കാമ്പസിൽ പ്രവർത്തിച്ചിരുന്ന ഒ.പി, കിമോതെറാപ്പി വിഭാഗം കോളജ് കോവിഡ് ആശുപത്രിയായതോടെ ജനറലാശുപത്രിയിലേക്ക് മാറ്റിയിരിക്കുകയാണ്. ഇതോടെ കൊച്ചി കാൻസർ സെന്ററിന്റെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുകയാണ്. കാൻസർ സെന്റർ പ്രവർത്തനം മെഡിക്കൽ കോളജിലേക്ക് തന്നെ മാറ്റണമെന്നാണ് പ്രധാന ആവശ്യം. ഗവേഷണ പ്രധാന്യമുള്ള സ്ഥാപനം എന്ന നിലയിൽ ഭാവി വികസനത്തിനു മാസ്റ്റർപ്ലാൻ തയാറാക്കണമെന്ന ആവശ്യവും ശക്തമാണ്.

## ഡാമുകളിലെ സംഭരണശേഷി: സർക്കാർ ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു

**കൊച്ചി:** സംസ്ഥാനത്തെ പ്രധാന ഡാമുകളിൽ സംഭരണ ശേഷിയുടെ 65 ശതമാനത്തിൽ താഴെ മാത്രമേ വെള്ളമുള്ളുവെന്നു ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു.

ഇടുക്കി, ഇടമലയാർ, കക്കി ഡാമുകളിലാണ് സംഭരണശേഷിയുടെ 65 ശതമാനം വെള്ളമുള്ളുവെന്നു ചൂണ്ടിക്കാട്ടി റിപ്പോർട്ട് സമർപ്പിച്ചത്. ജലസേചന വകുപ്പിന്റെ ഡാമുകളിൽ 61.8 ശതമാനം മാത്രമേ വെള്ളമുള്ളുവെന്നും റിപ്പോർട്ടിൽ പറയുന്നു. വൈദ്യുതി വകുപ്പിന്റെ ഡാമുകളിൽ 63.5 ശതമാനം മാത്രം വെള്ളമേയുള്ളുവെന്നും റിപ്പോർട്ടിൽ പറയുന്നു.

മുല്ലപ്പെരിയാർ ഡാമിലെ സംഭരണ ശേഷി 136 അടിയാക്കി നിജപ്പെടുത്തണമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെടുന്നു. നിലവിൽ മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136.95 അടിയാണെന്നും റിപ്പോർട്ടിൽ പറയുന്നു. വരും ദിവസങ്ങളിൽ അതിശക്തമായ മഴയുണ്ടായാലേ ഡാമുകൾ തുറക്കേണ്ട സാഹചര്യമുണ്ടാകുവെന്നും റിപ്പോർട്ടിൽ പറയുന്നു. മുല്ലപ്പെരിയാറിന്റെ സംഭരണശേഷി കുറവും വൃഷ്ടിപ്രദേശത്തിന്റെ വിസ്തൃതി കൂടുതലുമാണു ഭീഷണിയെന്നു റിപ്പോർട്ട് വ്യക്തമാക്കി.

## യുവതിയെ പീഡിപ്പിച്ചെന്ന പരാതി; നിർമാതാവിന്റെ മൊഴിയെടുത്തു

**കൊച്ചി:** സിനിമയിൽ അവസരം വാഗ്ദാനം ചെയ്ത് യുവതിയെ പീഡിപ്പിച്ചെന്ന പരാതിയിൽ പോലീസ് നിർമാതാവിന്റെ മൊഴിയെടുത്തു. ഒളിവിലായിരുന്ന നിർമാതാവ് ആൽവിൻ ആന്റണിയാണ് എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനിൽ ഹാജരായത്. ജൂലൈ 19 നാണ് 22കാരി പീഡനം സംബന്ധിച്ച് പോലീസിൽ പരാതി നൽകിയത്. മോഡലിങ് രംഗത്ത് പ്രവർത്തിക്കുകയായിരുന്നു യുവതി. പനമ്പിള്ളി നഗറിൽ ഇയാളുടെ ഓഫീസും ഔട്ട്ഹൗസും ചേർന്ന കെട്ടിടത്തിലായിരുന്നു സംഭവമെന്നും പരാതിയിൽ പറഞ്ഞിരുന്നു. ഓം ശാന്തി ഓശാന, ഒരു സെക്കൻഡ് ക്ലാസ് യാത്ര എന്നീ ചിത്രങ്ങളുടെ നിർമാതാവാണ് ആൽവിൻ ആന്റണി.

## വൈദികരുടെ ഓൺഗോയിംഗ് ഫോർമേഷൻ ഓൺലൈനിൽ

**കൊച്ചി:** എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരുടെ ഓൺഗോയിംഗ് ഫോർമേഷൻ (എൻ ക്രിസ്റ്റോ) ഓൺലൈനിൽ. നാലു ബാച്ചുകളായാണ് ഓൺലൈൻ ഓൺഗോയിംഗ് ഫോർമേഷൻ നടന്നത്.

അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ച്ബിഷപ് മാർ ആന്റണി കരിയിൽ ഉദ്ഘാടനം ചെയ്തു. ബിഷപ് മാർ ആന്റണി പ്രിൻസ് പാണേങ്ങാടൻ, ബിഷപ് മാർ ജോസ് പുളിക്കൽ, ബെജി മാർഗരറ്റ്, ഫാ. റോയ് പാലാട്ടിസ.എം.ഐ, ഫാ. ഡാനി കപ്പൂച്ചിൻ, ഫാ. ടോബി എസ്. ജെ, ഫാ.ബാബു സെബാസ്റ്റ്യൻ സി.എം.ഫ്. ജോണി ലൂക്കോസ്, ഫാ. ജോയ് പൈനാടത്ത്, ജോർജ് പുളിക്കൽ, ഫാ. ജോയ് ജെയിംസ് എസ്. ജെ., കെ.എ. സെബാസ്റ്റിയൻ, ഫാ. ഷാജി കരിംപ്ലാനിൽ കപ്പൂച്ചിൻ എന്നിവർ വിവിധ സെഷനുകൾ നയിച്ചു.

ആത്മീവും മനശാസ്ത്രപരവും സാമൂഹികവുമായ വിഷയങ്ങളിലാണ് പ്രബന്ധാവതരണങ്ങളും ചർച്ചകളും നടന്നത്. വികാരി ജനറാൾ ഡോ. ഹോർമിസ് മൈനാട്ടി പരിശീലനപരിപാടിക്കു നേതൃത്വം നൽകി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനം ചെയ്യുന്ന അതിരൂപതയിലെ വൈദികരും ഓൺലൈൻ ഓൺഗോയിംഗ് ഫോർമേഷനിൽ പങ്കെടുത്തെന്നു പി.ആർ.ഒ. ഫാ. മാത്യു കിലുക്കൻ അറിയിച്ചു.

## ചൈനീസ് വാക്സിനും അനുമതി

**ബെയ്ജിങ്:** കാൻസിനോ ബയോളോജിക്സ് തയാറാക്കിയ കോവിഡ് വാക്സിൻ - Ad5-nC-oV വിനു ചൈന പേറ്റന്റ് നൽകി. അദീനോ വൈറസ് ഉപയോഗിച്ചാണു വാക്സിൻ തയാറാക്കിയത്. സ്പുട്നിക് 5 വാക്സിൻ റഷ്യ തയാറാക്കിയതും അദീനോവൈറസിൽ ജനിതമാറ്റം വരുത്തിയാണ്.

ഉടൻതന്നെ വൻതോതിൽ വാക്സിൻ ഉത്പാദനം തുടങ്ങുമെന്നു ചൈനീസ് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പീപ്പിൾസ് ഡെയ്‌ലി അറിയിച്ചു. ചൈനീസ് സൈന്യത്തിന്റെ സഹായത്തോടെയായിരുന്നു വാക്സിൻ ഗവേഷണം. തങ്ങൾ കോവിഡ് വാക്സിനായി നടത്തിയ ഗവേഷണം ചൈന ചോർത്തിയതായി യു.എസ്. ആരോപിച്ചിരുന്നു. ഇതിന്റെ കൂടി പശ്ചാത്തലത്തിലാണു പേറ്റന്റ് നൽകാനുള്ള നീക്കം. കാൻസിനോ കഴിഞ്ഞ ആഴ്ച സൗദി അറേബ്യയിൽ വാക്സിൻ പരീക്ഷണം തുടങ്ങിയിരുന്നു. ബ്രസീൽ, ചിലെ എന്നിവിടങ്ങളിലും ക്ലിനിക്കൽ ട്രയൽ നടത്താൻ നീക്കമുണ്ട്. റഷ്യൻ വാക്സിൻ സ്പുടിക് 5 ന്റെ ആദ്യബാച്ച് ഉടൻ വിപണിയിലെത്തുമെന്നു റഷ്യൻ ആരോഗ്യമന്ത്രാലയവും അറിയിച്ചിട്ടുണ്ട്.

## യുവനടി ആക്രമിക്കപ്പെട്ട കേസ്: പി.ടി. തോമസ് എം.എൽ.എ സാക്ഷി വിസ്താരത്തിന് ഹാജരായി

**കൊച്ചി:** യുവനടി ആക്രമിക്കപ്പെട്ട കേസിൽ പി.ടി.തോമസ് എം.എൽ.എ സാക്ഷി വിസ്താരത്തിന് ഹാജരായി. കൊച്ചിയിലെ പ്രത്യേക കോടതിയിലാണ് എം.എൽ.എ വിസ്താരത്തിനായി ഹാജരായത്. കേസിലെ പ്രധാന സാക്ഷികളിൽ ഒരാളാണ് പി.ടി.തോമസ്. കേസിൽ രഹസ്യവിചാരണയാണ് നടക്കുന്നത്. സംഭവ ദിവസം ഇരയുമായി കണ്ടുമുട്ടിയതായി വാർത്തകൾ പുറത്തു വന്നിരുന്നു. കേസിന്റെ ആദ്യഘട്ടത്തിലെ അന്വേഷണവും മറ്റും സംബന്ധിച്ച വിവരങ്ങൾ എം.എൽ.എയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ടാണ് സാക്ഷിയാക്കിയത്. കേസിൽ രണ്ടാംഘട്ട സാക്ഷി വിസ്താരമാണ് ഇപ്പോൾ നടക്കുന്നത്. മഞ്ജു വാര്യർ, കുഞ്ചാക്കോ ബോബൻ തുടങ്ങിയവർ ഉൾപ്പെടെയുള്ള ചലച്ചിത്ര താരങ്ങളെ ആദ്യഘട്ടത്തിൽ വിസ്തരിച്ചിരുന്നു. ആക്രമിക്കപ്പെട്ട നടിയുടെ വിസ്താരവും പൂർത്തിയായതായാണ് വിവരം. വിചാരണ നടപടികൾ ആറു മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന് സുപ്രീംകോടതി നിർദേശിച്ചിരുന്നെങ്കിലും കോവിഡ് ലോക്ക്ഡൗൺ ബാധിച്ചതിനാൽ പ്രത്യേക കോടതി ജഡ്ജി കൂടുതൽ സമയം തേടിയിരുന്നു.

## കുപ്പിവെള്ളത്തിന് അമിത വില; പിഴ ഈടാക്കിയത് 22.92 ലക്ഷം രൂപ

**കൊച്ചി:** കുപ്പിവെള്ളത്തിന്റെ വില നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടും വില കൂട്ടി വിൽക്കുന്നവരിൽനിന്നു മൂന്നു മാസത്തിനിടെ 22, 92,500 രൂപ പിഴ ഈടാക്കിയിട്ടുണ്ടെന്നു ലീഗൽ മെട്രോളജി കൺട്രോളർ സംസ്ഥാന മനുഷ്യാവകാശ കമ്മിഷനെ അറിയിച്ചു.

കുപ്പിവെള്ളത്തിന്റെ വില 13 രൂപയാക്കി കുറച്ചിട്ടും 20 രൂപ ഈടാക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികളെകുറിച്ച് വിശദമായ റിപ്പോർട്ട് ഹാജരാക്കാൻ കമ്മിഷൻ അധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക് നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിലാണ് ഇക്കാര്യമുള്ളത്. കഴിഞ്ഞ മാർച്ച് 17ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലാണ് കുപ്പി വെള്ളത്തിന്റെ വില 13 രൂപയാക്കി നിശ്ചയിച്ചത്.

മാർച്ച് 17 മുതൽ ജൂൺ ഒന്നു വരെ കുടിവെള്ളം വില കൂട്ടി വിൽക്കുന്നവർക്കെതിരേ 394 പരാതികൾ ലഭിച്ചു. 544 കേസുകൾ രജിസ്റ്റർ ചെയ്തു. ഇതിൽനിന്ന് 22, 92, 500 രൂപ പിഴ ലഭിച്ചതായി കൺട്രോളറുടെ റിപ്പോർട്ടിൽ പറയുന്നു. വില കൂട്ടി വിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടാൽ 18004254835 എന്ന ടോൾ ഫ്രീ നമ്പറിലോ സുതാര്യം എന്ന മൊബൈൽ ആപ്പിലോ വെബ് സൈറ്റിലോ പരാതി നൽകാം. നിയമലംഘനങ്ങൾക്കെതിരെ കർശനനടപടി സ്വീകരിക്കുന്ന സാഹചര്യത്തിൽ മറ്റു നടപടികൾ ആവശ്യമില്ലെന്ന് കമ്മിഷൻ ഉത്തരവിൽ പറഞ്ഞു.

## ഫോൺ കോൾ രേഖകളുടെ ശേഖരണം: പ്രതിപക്ഷ നേതാവ് ഹർജി സമർപ്പിച്ചു

**കൊച്ചി:** കോവിഡ് രോഗികളുടെ ഫോൺ കോൾ രേഖകൾ ശേഖരിക്കുന്നതിനെതിരേ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചു. പൗരൻമാരുടെ ഫോൺ വിവരങ്ങൾ ശേഖരിക്കുന്ന നടപടി ഭരണ ഘടനാ വിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടിയാണ് ഹർജി. ഫോൺ വിവരങ്ങൾ ശേഖരിക്കുന്ന നടപടി അടിയന്തിരമായി നിർത്തിവെക്കണമന്നു രമേശ് ചെന്നിത്തല മുതിർന്ന അഭിഭാഷകൻ ടി.ആസഫലി മുഖേന സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടു.

സംസ്ഥാന സർക്കാരിനുവേണ്ടി ചീഫ് സെക്രട്ടറിയെ കൂടാതെ സംസ്ഥാന പോലിസ് മേധാവിയേയും എതിർ കക്ഷികളാക്കിയാണ് രമേശ് ചെന്നിത്തലയുടെ ഹർജി. ഹൈക്കോടതി അടുത്ത ദിവസം ഹർജി പരിഗണിക്കും. ഹർജിയിൽ അന്തിമ തീരുമാനം വരുന്നതുവരെ പോലീസിന്റെ സി.ഡി.ആർ ശേഖരിക്കൽ നിർത്തി വെക്കുന്നതിന് രണ്ടാംകക്ഷിയായ ഡി.ജി.പിയോട് നിർദ്ദേശം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെടുന്നു.

## പെട്ടിമുടി ദുരന്തം: തെരച്ചിൽ തുടരുന്നു

**മൂന്നാർ:** പെട്ടിമുടി ഉരുൾപൊട്ടലിൽ കാണാതായവർക്കായുള്ള തെരച്ചിൽ തുടരുന്നു. മഞ്ഞും മഴയും മൂലം പ്രതികൂല കാലാവസ്ഥയിലായിരുന്നു ഇന്നലെ തെരച്ചിൽ. ഇനി 12 പേരെയാണ് കണ്ടെത്താനുള്ളത്. 58 മൃതദേഹങ്ങൾ ഇതുവരെ കണ്ടെത്തി. ലയങ്ങൾ സ്ഥിതി ചെയ്തിരുന്ന പ്രദേശത്ത് അടിഞ്ഞുകൂടിയ മണ്ണ് പൂർണമായും മാറ്റിയുള്ള പരിശോധനയും പുഴയോരം കേന്ദ്രീകരിച്ചുള്ള പരിശോധനയുമാണ് ഇപ്പോൾ നടക്കുന്നത്.

ഏറ്റവുമൊടുവിൽ മൂന്ന് മൃതദേഹങ്ങൾ കണ്ടെത്തിയത് പുഴ കേന്ദ്രീകരിച്ച് നടത്തിയ തെരച്ചിലിലാണ്. സ്ഥലത്തെക്കുറിച്ച് കൃത്യമായ ധാരണയുള്ള പ്രദേശവാസികളെയും ഉൾപ്പെടുത്തി വിവിധ സംഘങ്ങളായി തിരിഞ്ഞും പോലീസ് നായയുടെയും പ്രദേശവാസികളുടെ വളർത്തു നായ്ക്കളുടെയും സഹായത്തോടെയുമാണ് തെരച്ചിൽ. എല്ലാവരെയും കണ്ടെത്തുംവരെ തെരച്ചിൽ തുടരുമെന്നു തഹസിൽദാർ ജിജി കുന്നപ്പിള്ളി പറഞ്ഞു.

## ചെമ്മീൻ കയറ്റുമതിയിൽ വർധന; 12,89,651 ടണ്ണിന്റെ സമുദ്രോൽപ്പന്ന കയറ്റുമതി

**കൊച്ചി:** കോവിഡ് ഭീഷണിയിലും രാജ്യത്തു നിന്നുള്ള സമുദ്രോത്പന്ന കയറ്റുമതി മൂല്യത്തിൽ വർധന. 2019-20 സാമ്പത്തിക വർഷത്തിൽ 46,662.85 കോടി രൂപ മൂല്യമുള്ള 12,89,651 ടൺ സമുദ്രോൽപ്പന്നമാണു കയറ്റുമതി ചെയ്തത്.

2018-19 സാമ്പത്തികവർഷത്തേക്കാൾ കയറ്റുമതിയുടെ അളവിൽ കുറവുവന്നെങ്കിലും മൂല്യത്തിൽ വർധനയുണ്ടായി.

കൊവിഡ് ആശങ്കയ്ക്കിടയിലെ പ്രധാന വിപണികളിലുണ്ടായ മോശം ഡിമാൻഡ് മറികടന്നാണ് 12,89,651 ടൺ സമുദ്രോത്പന്നം രാജ്യം കയറ്റുമതി ചെയ്തതെന്ന് സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി (എം.പി.ഇ.ഡി.എ) ചെയർമാൻ കെ.എസ്. ശ്രീനിവാസ് പറഞ്ഞു.

ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപ്പന്ന കയറ്റുമതിയിൽ മുന്നിട്ടു നിൽക്കുന്നത് ശീതീകരിച്ച ചെമ്മീൻ കയറ്റുമതിയാണ്. 34,152.03 കോടി രൂപ വരുമാനമാണ് ഇത് നേടിത്തന്നത്. 2018-19 നെ അപേക്ഷിച്ച് 2019-20 സാമ്പത്തിക വർഷത്തിൽ ശീതീകരിച്ച ചെമ്മീനിന്റെ കയറ്റുമതി അളവിൽ 6.04 ശതമാനം വർധനയുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ 6,52,253 ടൺ ശീതീകരിച്ച ചെമ്മീനാണു കയറ്റുമതി ചെയ്തത്.

2019-20 സാമ്പത്തിക വർഷത്തിൽ വനാമി ചെമ്മീന്റെ കയറ്റുമതി 4,18,128 ടണ്ണിൽനിന്ന് 5,12,189 ടണ്ണായി. ശീതീകരിച്ച മത്സ്യം കയറ്റുമതി ചെയ്തതു വഴി 3,610.01 കോടി രൂപ വരുമാനമാണു ലഭിച്ചത്. കണവ കയറ്റുമതിയുടെ അളവിൽ 17.76 ശതനമാനത്തിന്റെ വൻ വർധനയും രേഖപ്പെടുത്തി.

അമേരിക്കയാണ് ഇന്ത്യയിൽനിന്ന് ഏറ്റവുമധികം സമുദ്രോത്പന്നം ഇറക്കുമതി ചെയ്യുന്നത്.

3,05,178 ടണ്ണിന്റെ സമുദ്രോത്പന്നമാണ് അമേരിക്ക ഇന്ത്യയിൽനിന്ന് ഇറക്കുമതി ചെയ്തത്. ചൈന, യൂറോപ്യൻ രാജ്യങ്ങൾ, ദക്ഷിണ പൂർവേഷ്യ, ജപ്പാൻ തുടങ്ങിയയിടങ്ങളിലേക്കാണ് ഇന്ത്യൻ സമുദ്രോൽപ്പന്നങ്ങൾ കൂടുതലായി കയറ്റുമതി ചെയ്യുന്നത്.

## പ്രഫ. ടി.ജെ. ജോസഫിന് സഹോദരൻ സാഹിത്യ പുരസ്കാരം




**വൈപ്പിൻ:** ചെറായി സഹോദരൻ അയ്യപ്പൻ സ്മാരക സമിതി ഏർപ്പെടുത്തിയ സഹോദരൻ സാഹിത്യ പുരസ്കാരത്തിനു പ്രഫ.ടി.ജെ. ജോസഫ് രചിച്ച ആത്മകഥാ പുസ്തകമായ "അറ്റുപോകാത്ത ഓർമ്മകൾ" അർഹമായി. 20,000 രൂപയും പ്രശസ്തിഫലകവും അടങ്ങുന്ന പുരസ്കാരം സഹോദരൻ അയ്യപ്പന്റെ 131-ാം ജന്മവാർഷിക ദിനമായ 22 നു സ്മാരകത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നടത്തുന്ന ചടങ്ങിൽ ചെയർമാൻ പ്രഫ.എം.കെ. സാനു സമർപ്പിക്കുമെന്നു സെക്രട്ടറി ഒ.കെ. കൃഷ്ണകുമാർ അറിയിച്ചു.

38,000 രൂപ ശമ്പളം ഉറപ്പാണ്!!!
നിങ്ങൾ പ്ലസ് ടു, ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമ കഴിഞ്ഞവരാണോ?
സി.പി.എം.എസ് കോഴ്സ് പഠിച്ച് വിജയിച്ചതിന് ശേഷം ജോലി നൽകാൻ കഴിയാതെ വന്നാൽ കോഴ്സ് ഫീസ് തിരികെ നൽകുമെന്ന ഉറപ്പോടുകൂടി....
Eligibility : Plus2/Degree/Equialant
Training Period: 0 to 4 months (Paid Training) 5 to 9 months (Work Study with minimum stipent of Rs. 12,000-15,000 Thousand/month
16 STUDENTS / CLASSROOM FULLY AIR-CONDITIONED CLASSROOMS
38,000/- രൂപ മാസ ശമ്പളത്തിൽ നിങ്ങൾക്ക് ഡോക്ടറോടൊപ്പം മെഡിക്കൽ സ്ക്രൈബിംഗ് മേഖലയിൽ ജോലി ചെയ്യാം. അതും 69,000/- രൂപ സ്റ്റൈഫന്റോടുകൂടി
LIST LUMINIS INSTITUTE OF SKILLS AND TRAINING SCHOOL OF MEDICAL SCRIBING
3rd floor, BMC Complex, Opp: KSRTC Stand, H.O. MAVELIKARA | BR. TRIVANDRAM | CALICUT
9400141424, 8594002111, 9400149222
www.listeducation.com
*conditions apply




Edited, Printed and Published by Biju Varghese, Mangalappally house, Panayakazhippu, Kottayam - 686001 on behalf of Mangalam Publications (I) Pvt. Ltd., Door No: 31/824,Vytila - Thammanam Road,Opp.Ponnurunni temple Ponnurunni,Vytila P.O -682019 and Printed at Viani Printings, Lissie Road, Ernakulam North, Cochin - 682018 for S.T. Reddiar & Sons, P.B. No. 3627, Cochin - 682035. Published from Kochi. RNI Reg No: 13280/02 Founder Editor-M.C.Varghese, Chief News Editor - E.P. Shajudeen*. Kochi Ph: 2301039, 2307049, e - mail: kochi@mangalam.com, Kozhikode : 2320063, 2323064, New Delhi : 23716218, Trivandrum : 2328417, 2325932, Kottayam : 2563024, 2560694, M623804 / 2002 Thrissur 2445472, 2441245. * Responsible for selection of news under the PRB Act.



■ തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിൽ ഇന്നലെ രാവിലെ നടന്ന ഇല്ലംനിറ ചടങ്ങിൽ കതിർ കറ്റകൾ പ്രദക്ഷിണമായി കൊണ്ടുവരുന്നു.

## പെഡസ്ട്രിയൻ ഫെസിലിറ്റേഷൻ കൗൺസിൽ പ്രവർത്തനമാരംഭിച്ചു

**തൃപ്പൂണിത്തുറ:** നഗരത്തിൽ കാൽനടയാക്കാരുടെ ക്ഷേമവും സുരക്ഷയും ലക്ഷ്യമാക്കി ദി പെഡസ്ട്രിയൻ ഫെസിലിറ്റേഷൻ കൗൺസിൽ എന്ന സംഘടനയുടെ ഉദ്ഘാടനം താമരംകുളങ്ങര ശ്രീധർമ ശാസ്താ ക്ഷേത്രം മേൽശാന്തി സതീശൻ നമ്പൂതിരിപ്പാട് നിർവഹിച്ചു .

സുരേഷ് ഗോപി എം.പി, ഹൈബി ഈഡൻ എം.പി , എം. സ്വരാജ്.എം.എൽ.എ, നഗരസഭാ ചെയർപേഴ്സൺ ചന്ദ്രികാ ദേവി എന്നിവർ വീഡിയോ കോൺഫറൻസ് വഴി ആശംസകൾ നേർന്നു .

സംഘടനയുടെ പ്രഥമ സംരംഭമായ രാജവീഥി യുടെ ബ്ലൂ പ്രിന്റ് പ്രകാശനവും നടന്നു .ലക്ഷ്മി മേനോൻ പദ്ധതി വിവരിച്ചു. കാൽനട യാത്രക്കാരുടെ പ്രശ്നങ്ങൾ വിഷയമാക്കിയ വെബിനാറിൽ കെ.ആർ.എൽ. എം.ഡി.മുരളി മാധവൻ, ജി.സി. ഡി.എ.ചെയർമാൻ സലിം എന്നിവർ പങ്കെടുത്തു.

ടി.പി. എഫ്.സി.പ്രസിഡന്റ്. ആർ.അജിത് കുമാർ വർമ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഡോ. ആർ. വേണുഗോപാൽ, ആനന്ദ് ബാബു എന്നിവർ പ്രസംഗിച്ചു.




■ ദി പെഡസ്ട്രിയൻ ഫെസിലിറ്റേഷൻ കൗൺസിൽ ഉദ്ഘാടനം താമരംകുളങ്ങര ശ്രീധർമശാസ്താ ക്ഷേത്രം മേൽശാന്തി സതീശൻ നമ്പൂതിരിപ്പാട് നിർവഹിക്കുന്നു.

# കൊച്ചി മെട്രോ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു

**കൊച്ചി:** കൊച്ചി മെട്രോയുടെ എസ്.എൻ ജങ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെയുള്ള 1.16 കിലോമീറ്റർ മെട്രോ സ്ട്രെച്ചിന്റെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. മെട്രോയുടെ ഒന്നാംഘട്ടത്തിലെ നാലാം റീച്ചും അവസാന ഭാഗവുമാണിത്.

ഇന്നലെ പൈൽ ലോഡ് ടെസ്റ്റോടെയാണ് പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയത്. എസ്.എൻ ജങ്ഷൻ കഴിഞ്ഞുള്ള 152 മീറ്റർ വളവോടെയുള്ള റെയിൽവേ മേൽപാലമാണ് ഈ നിർമാണഘട്ടത്തിലെ വലിയ വെല്ലുവിളി. ഇതിന് പരിഹാരമായി 60 മീറ്റർ നീളമുള്ള പ്രത്യേക സ്പാൻ നിർമിക്കാനാണ് കെ.എം.ആർ.എൽ ലക്ഷ്യമിടുന്നത്.

ഈ ഭാഗത്ത് പിയർ ക്യാപുകളിൽ സ്റ്റീൽ ഗർഡറുകളായിരിക്കും സ്ഥാപിക്കുക. മെട്രോ നിർമാണത്തിന് ഇത്തരത്തിൽ ആദ്യമായാണ് പ്രത്യേക സ്പാൻ ഒരുക്കുന്നത്. റെക്കോഡ് സമയത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാണ് അവസാന ഭാഗത്തെ പൈൽ ലോഡ് ടെസ്റ്റ് തുടങ്ങിയതെന്ന് കെ.എം.ആർ.എൽ എം.ഡിയും അഡി.ചീഫ് സെക്രട്ടറിയുമായ അൽകേഷ് കുമാർ ശർമ പറഞ്ഞു. രണ്ടു ദിവസത്തിനകം പൈൽ ലോഡ് ടെസ്റ്റ് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ ആലുവ മുതൽ തൈക്കൂടം വരെയുള്ള പാതയിലാണ് മെട്രോ സർവീസ്. കോവിഡിനെ തുടർന്ന് മാസങ്ങളായി സർവീസ് നിർത്തിവച്ചിരിക്കുകയാണ്. ഇതിനിടെ മൂന്നാം റീച്ചായ തൈക്കൂടം-പേട്ട ലൈൻ (1.33 കി.മീ) നിർമാണവും പൂർത്തിയായി. മെട്രോ റെയിൽവേ സേഫ്റ്റി കമ്മീഷണർ പരിശോധനകൾ പൂർത്തിയാക്കി സർവീസിന് അനുമതി നൽകിയെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ ഉദ്ഘാടനം നടന്നില്ല. ഏപ്രിൽ നാലിനായിരുന്നു ഉദ്ഘാടനം നിശ്ചയിച്ചിരുന്നത്. നിലവിലെ സർവീസുകൾ പുനരാരംഭിക്കുമ്പോൾ ആലുവ-മുതൽ പേട്ട വരെയുള്ള പാതയിൽ മെട്രോ ഓടും. നേരത്തെ പേട്ട വരെയായിരുന്നു മെട്രോയുടെ ഒന്നാംഘട്ടം നിശ്ചയിച്ചിരുന്നത്. പിന്നീട് ഇത് തൃപ്പൂണിത്തുറ വരെ നീട്ടുകയായിരുന്നു. ഈ ഭാഗത്തെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടെ കൊച്ചി മെട്രോയുടെ ഒന്നാംഘട്ട നിർമാണം പൂർത്തിയാവും. കലൂർ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെയാണ് മെട്രോയുടെ രണ്ടാംഘട്ടം.




■ കൊച്ചി മെട്രോയുടെ എസ്.എൻ ജങ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെയുള്ള മെട്രോ സ്ട്രെച്ചിന്റെ നിർമാണപ്രവർത്തനങ്ങൾ പൈൽ ലോഡ് ടെസ്റ്റോടെ ആരംഭിച്ചപ്പോൾ.

## സ്വയം തൊഴിലിന് അപേക്ഷിക്കാം

**പിറവം:** നഗരസഭ കുടുംബശ്രീ ദേശീയ നഗര ഉപജീവന മിഷൻ പ്രകാരം സ്വയം തൊഴിൽ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പിറവം നഗരസഭയിൽ താമസിക്കുന്നതും പതിനായിരം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരും 18 നും 55 നും ഇടയിൽ പ്രായമുള്ളവരും ആയിരിക്കണം അപേക്ഷകർ. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി 27. കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ ഓഫീസുമായി ബന്ധപ്പെടണം.

## കോൺഗ്രസ് ഉപവാസം

**പിറവം:** സ്വർണ കള്ളക്കടത്ത് കേസിൽ മുഖ്യമന്ത്രി രാജി വയ്ക്കണമെന്നാവശ്യപ്പെട്ട് മണീട് കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉപവാസ സമരം നടത്തി. ജില്ലാ ട്രഷറർ കെ.കെ. സോമൻ ഉദ്ഘാടനം നിർവഹിച്ചു. മണ്ഡലം പ്രസിഡന്റ് വി.ജെ. ജോസഫ് അധ്യക്ഷത വഹിച്ചു. എം.പി. ഏലിയാസ്, സഹകരണ ബാങ്ക് പ്രസിഡന്റ് പോൾ വർഗീസ്, ജയാ സോമൻ, ശോഭ ഏലിയാസ് തുടങ്ങിയവർ സംബന്ധിച്ചു.

## കർഷക ദിനാചരണം

**പിറവം:** നാഷണലിസ്റ്റ് കിസാൻ സഭ ബ്ലോക്ക് കമ്മിറ്റി കർഷക ദിനം ആചരിച്ചു. സംസ്ഥാന കർഷക തൊഴിലാളി ക്ഷേമ നിധി ബോർഡ് മെമ്പർ കെ. ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പ്രസിഡന്റ് കെ.എ. വർക്കി അധ്യക്ഷത വഹിച്ചു. മികച്ച കർഷകനെ ആദരിച്ചു. എം.എം. അശോകൻ, രാജു തെക്കൻ, കുര്യാക്കോസ് തൊട്ടോണിയിൽ, സണ്ണി തേക്കുംമൂട്ടിൽ, ബിനോയ് വർഗീസ്, എം.പി. ഔസേഫ്, കുഞ്ഞപ്പൻ പടിക്കപ്പറമ്പിൽ എന്നിവർ സംബന്ധിച്ചു.

## 'അവകാശങ്ങൾ സംരക്ഷിക്കണം'

**കൊച്ചി:** ബ്യൂട്ടിഷൻ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്ന് ഓൾ ഇൻഡ്യ ബ്യൂട്ടിഷൻ തൊഴിലാളി അസോസിയേഷൻ അഖിലേന്ത്യ കൗൺസിൽ. എസ്.എസ്.ഐൽ ഉൾപ്പെടുത്തുക, ക്ഷേമ നിധി പെൻഷൻ വർധിപ്പിക്കു, ബാങ്ക് വായ്പക്ക് മോറട്ടോറിയം പ്രഖ്യാപിക്കുക, വിവാഹസഹായം നൽകുക എന്നിവയും ആവശ്യങ്ങളിൽപ്പെടുന്നു.

## പുസ്തക പ്രകാശനം

**കൊച്ചി:** പ്രമുഖ എഴുത്തുകാരൻ കെ.വി.എസിന്റെ സ്വപക്ഷ വിചാരങ്ങൾ എന്ന പുസ്തകത്തിന്റെ പ്രകാശനം ഇന്ന് ബി.ടി.എച്ച്.ഹാളിൽ വൈകിട്ട് ആറിന് ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ നിർവഹിക്കും. എം.രാധാകൃഷ്ണൻ, സെബാസ്റ്റ്യൻ പോൾ, എ.ജയശങ്കർ, ഇ.എൻ. നന്ദകുമാർ, ബി.ജെ.പി. ജില്ലാ അധ്യക്ഷൻ എസ്. ജയകൃഷ്ണൻ എന്നിവർ സംബന്ധിക്കും. ജന്മഭൂമിയുടെ മുൻ പത്രാധിപരും മുതിർന്ന മാധ്യമപ്രവർത്തകനുമാണ് കെ.വി.എസ്. എന്നറിയപ്പെടുന്ന കെ.വി.എസ്. ഹരിദാസ്. വിവിധങ്ങളായ ലേഖനങ്ങളുടെ സമാഹാരമാണ് പുസ്തകത്തിന്റെ ഉള്ളടക്കം.

# കോവിഡ്: ആശങ്കയിൽ പശ്ചിമകൊച്ചി

## ■ വ്യാപാരികൾ പ്രതിസന്ധിയിൽ

**മട്ടാഞ്ചേരി:** കൊച്ചി നഗരസഭയുടെ ഒന്ന് മുതൽ 28 വരെ ഡിവിഷനുകൾ കൊവിഡ് വ്യാപനത്തിന്റെ പേരിൽ കണ്ടയ്ൻമെന്റ് സോണാക്കി കർശന നിയന്ത്രണങ്ങൾ ഏർപെടുത്തിയതോടെ പടിഞ്ഞാറൻ കൊച്ചിയിലെ വ്യാപാരികൾ കടുത്ത പ്രതിസന്ധിയിലേക്ക്.

ഇവിടത്തെ എഴുപത് ശതമാനം പേരും ചെറുകിട വ്യാപാരികളാണ്.ഇവരെല്ലാം തന്നെ കച്ചവടം ചെയ്യുന്ന സ്ഥാപനങ്ങളും താമസിക്കുന്ന വീടും വാടകക്കായിരിക്കും.

കണ്ടെയ്ൻമെന്റ് സോണാക്കി അടച്ച് പൂട്ടൽ ഒരു മാസത്തോടടുക്കാറായിരിക്കെ രണ്ട് വാടകയും എങ്ങനെ നൽകുമെന്നറിയാതെ കുഴയുകയാണിവർ.കൊച്ചി വിട്ട് മറ്റ് മേഖലയിൽ കച്ചവടക്കാർക്ക് കട വാടക മാത്രം ബാധ്യതയാകൂവെന്നാണ് ഇവിടത്തെ കച്ചവടക്കാർ പറയുന്നത്.

സ്വന്തം വീടുള്ളവരായിരിക്കും സിംഹ ഭാഗവും.എന്നാൽ കൊച്ചിയുടെ അവസ്ഥ അതല്ലാന്നാണ് മേഖലയിലുള്ളവർ പറയുന്നത്.നേരത്തേ രാജ്യം സമ്പൂർണ ലോക്ക് ഡൗൺ ആയതിന്റെ ദുരിതം മാറി വരുമ്പോഴാണ് കണ്ടയ്മെന്റ് സോണിന്റെ പേരിൽ ഇടിത്തീ വീണത്.ഇനിയും അടച്ച് പൂട്ടൽ നീണ്ട് പോയാൽ ആത്മഹത്യയിലേക്ക് പോകാതെ മറ്റ് മാർഗമില്ലായെന്നാണ് വ്യാപാരികൾ പറയുന്നത്. വ്യാപാരികൾ പട്ടിണിയിലേക്ക് നീങ്ങുകയാണ്.

കൊവിഡ് വ്യാപനം ഉണ്ടായപ്രദേശങ്ങൾ മൈക്രോ കണ്ടയ്മെന്റ് ആക്കി മുഴുവൻ അടച്ചിടുന്ന സ്ഥിതിമാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുകയാണെന്നാണ് വ്യാപാരി സംഘടനകൾ വ്യക്തമാക്കുന്നത്. വ്യാപാരികളിൽ ഏറിയപങ്കും ഏഴിൽപരം ലൈസൻസുകൾഎടുത്തും വലിയവാടകയ്ക്ക്കെട്ടിടങ്ങൾ എടുത്തും അതിൽ എറിയ പങ്കും വ്യാപാരികൾ താമസിക്കുന്ന വീടുകൾ പോലും വാടകയ്ക്ക് ആണെന്നും വ്യാപാരി വ്യവസായി ഏകോപന സമിതി കൊച്ചി മേഖല പ്രസിഡന്റ് ഡിലൈറ്റ് പോൾ പറഞ്ഞു.

പലിശക്ക് പണമെടുത്തും കെട്ടുതാലികൾ പോലും പണയംവച്ചു ജീവിതം മുന്നോട്ടു കൊണ്ട് പോകാൻ ബദ്ധപ്പെടുന്ന സ്ഥിതിവിശേഷമാണ് ഇന്നു നിലവിലുള്ളതെന്നും. ഒരിടത്ത് രോഗവ്യാപനമുണ്ടായാൽ ആ പ്രദേശം മാത്രം അടയ്ക്കുന്ന മൈക്രോ കണ്ടയ്ൻമെന്റ് രീതിക്ക് പകരം ആ പ്രദേശംമുഴുവൻ അടച്ചിടുന്ന രീതി ഒഴിവാക്കിയേ പറ്റുവെന്നും അദ്ദേഹം പറഞ്ഞു. നിലവിൽ കണ്ടയ്ൻമെന്റ് സോണുകൾ, ആക്കിയിട്ടുള്ള പ്രദേശങ്ങൾ പുനപരിശോധനക്ക് വിധേയമാക്കി രോഗവ്യാപനമുള്ള സ്ഥലങ്ങൾ നിർണയിച്ച് മൈക്രോ കണ്ടയ്മെന്റ് സോണാക്കി മറ്റു മേഖലകളിലെ വ്യാപാര സ്ഥാപനങ്ങൾ രാവിലെ 7 മുതൽ വൈകിട്ടു ഏഴുമണി വരെ തുറന്ന് പ്രവർത്തിക്കാനും ബാങ്കുകൾ പൂർണ സജ്ജമായി പ്രവർത്തിക്കാനുമുള്ള നടപടികൾ എടുക്കണമെന്നും ഡിലൈറ്റ് പോൾ പറഞ്ഞു.

## മട്ടാഞ്ചേരി നഗരസഭ നാലാം ഹെൽത്ത് സർക്കിൾ പൂട്ടി

**മട്ടാഞ്ചേരി:** ശുചീകരണ തൊഴിലാളിക്ക് കോവിഡ് സ്ഥിരികരിച്ചതോടെ നഗരസഭ ആരോഗ്യ വിഭാഗം നാലാം സർക്കിൾ ഓഫിസ് അടച്ചു പൂട്ടി. ഇതോടെ നാല് ഡിവിഷനുകളിലെ മാലിന്യ നീക്കം തടസപെട്ടു. മട്ടാഞ്ചേരി പറവാനമുക്ക് ഗുജറാത്തി റോഡിലുള്ള സർക്കിൾ ഓഫിസ് ഹെൽത്ത് ഇൻസ്പെക്ടർ , രണ്ട് ജൂനിയർ എ.എച്ച്ഐ. ,കണ്ടിജൻസി ജീവനക്കാരടക്കം 60 ഓളം പേർ നിരീക്ഷണത്തിലാണ് കുടാതെ ഇൻ ചാർജ്ജ്, മാലിന്യമെടുക്കുന്ന കുടുംബശ്രീ അംഗങ്ങളടക്കം ശുചീകരണ വിഭാഗത്തിലെ മറ്റുള്ളവരും മാലിന്യ ശേഖരണത്തിൽ നിന്നും വിട്ടുനില്ക്കുകയുമാണ്.നഗരസഭയുടെ ആറ് , ഏഴ് , ഏട്ട് (പകുതി ) ഒൻപത് ഡിവിഷനുകളാണ് സർക്കിളിന് കീഴിൽ വരുന്നത് . കൊവിഡ് ബാധിത മേഖലയിൽ ശുചീകരണം നടത്തിയതിനെ തുടർന്നാണ് സർക്കിൾ ജീവനക്കാരന് രോഗം സ്ഥിരികരിച്ചതെന്നാണ് പറയുന്നത് . ഇതിനിടെ മട്ടാഞ്ചേരി വൈദ്യുതി ഓഫിസിൽ മീറ്റർ റീഡിങ് നടത്തുന്ന ഒരാൾക്ക് കൊവിഡ് സ്ഥിരീകരിച്ചതിനെ തുടർന്ന് ഓഫിസ് അധികൃതരും നിരീക്ഷണത്തിലാണ്. ബുധനാഴ്ച നഗരസഭാസർക്കിൾ ജീവനക്കാരെയും വൈദ്യുതി ഓഫിസ് ജീവനക്കാരെയും ആന്റിജെൻ ടെസ്റ്റ് നടത്തുമെന്നും തുടർന്ന് ഫലം വന്നശേഷം ഓഫിസ് പ്രവർത്തന തീരുമാനമുണ്ടാകുമെന്നാണ് അധികൃതർ ചൂണ്ടിക്കാട്ടുന്നത്.




■ പച്ചക്കറിക്കടയിലെ ജീവനക്കാരന് കോവിഡ് സ്ഥിരീകരിച്ചതിനെത്തുടർന്ന് തൃപ്പൂണിത്തുറ മുനിസിപ്പൽ മാർക്കറ്റിലേക്കുള്ള പ്രധാന റോഡ് പോലീസ് അടച്ചപ്പോൾ .

## ഹാർബറിൽ നിന്ന് ബോട്ടുകൾ മത്സ്യബന്ധനത്തിന് പോയി തുടങ്ങി

**മട്ടാഞ്ചേരി:** നീണ്ട അഞ്ചര മാസത്തിന് ശേഷം കൊച്ചി ഫിഷറീസ് ഹാർബറിൽ നിന്ന് മത്സ്യബന്ധനത്തിന് പോയി തുടങ്ങി.ഇന്നലെ രാവിലെ കൊച്ചി തഹസിൽദാറുടെ നേതൃത്വത്തിൽ ഹാർബറിന്റെ പ്രവർത്തനം സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്തുന്നതിനായി യോഗം ചേർന്നിരുന്നു.യോഗത്തിൽ മത്സ്യ ഭവൻ തൊഴിലാളികൾക്കും മത്സ്യ ഫെഡ് ബോട്ടുകൾക്കും പാസ് അനുവദിക്കുന്ന മുറക്ക് കടലിൽ പോകാനായിരുന്നു തീരുമാനം.ഇത് പ്രകാരം നാൽപത് ബോട്ടുകൾക്ക് മത്സ്യ ബന്ധനത്തിന് പാസ് ലഭിച്ചതായും ഇവ ഇന്ന് പുലർച്ചെ മുതൽ കടലിൽ പോയി തുടങ്ങിയതായും ഫിഷറീസ് ഹാർബർ കോർഡിനേഷൻ കമ്മിറ്റി സെക്രട്ടറി എം.മജീദ് പറഞ്ഞു.ഇതിന് മുന്നോടിയായി ഫിഷറീസ് ഹാർബർ ഇന്നലെ പൂർണമായും അണുവിമുക്തമാക്കി.നൂറ് ട്രോൾ നെറ്റ് ബോട്ടും അറുപത് പേഴ്സിൻ നെറ്റ് ബോട്ടുമാണ് നിലവിൽ ഹാർബറിലുള്ളത്. ഗിൽനെറ്റ് ബോട്ടുകൾ എത്തിയിട്ടില്ല.ബാക്കിയുള്ള ബോട്ടുകൾ പാസ് ലഭിക്കുന്ന മുറക്ക് പോയി തുടങ്ങും.ഹാർബറിലെ പ്രവർത്തനം സംബന്ധിച്ച് മത്സ്യ ഫെഡ് ഉദ്യോഗസ്ഥർ കൺവീനറും ജോയിന്റ് കൺവീനറുമായി സമിതി നിലവിൽ വരും.സമിതിയിൽ പൊലിസ്,ഹെൽത്ത്,റവന്യൂ,ഹാർബർ പ്രതിനിധി തുടങ്ങിയവരുണ്ടാകം.പരിശോധനക്ക് ശേഷം മാത്രമേ തൊഴിലാളികളെ അകത്തേക്ക് പ്രവേശിപ്പിക്കൂ.ഹാർബർ തുറക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശക്തമായ പ്രതിഷേധം അരങ്ങേറിയിരുന്നു.ഇതിനെ തുടർന്നാണ് ഹാർബർ തുറക്കാൻ തീരുമാനിച്ചത്.

## ജീവനക്കാർക്ക് കോവിഡ്: സേവന മെഡിക്കൽസ് പൂട്ടി

**മട്ടാഞ്ചേരി:** ആറ് ജീവനക്കാർക്ക് കൊവിഡ് സ്ഥിരീകരിച്ചതിനെ തുടർന്ന് തോപ്പുംപടിയിലെ സേവന മെഡിക്കൽസ് താൽക്കാലികമായി അടച്ചു.മെഡിക്കൽ ഷോപ്പ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലെ മറ്റ് സ്ഥാപനങ്ങളും അടച്ചു.കഴിഞ്ഞ ദിവസം ഇവിടത്തെ ജീവനക്കാരെ പരിശോധനക്ക് വിധേയമാക്കിയിരുന്നു.

## സാമ്പത്തിക അടിത്തറ തകരും: സണ്ണി എൽ. മലയിൽ

**മട്ടാഞ്ചേരി:** ആയിരക്കണക്കിന് ചെറുകിട കച്ചവടക്കാരുൾപ്പെടെയുള്ള കൊച്ചിയിലെ വ്യവസായ വാണിജ്യ സമൂഹം ഇപ്പോഴത്തെ അശാസ്ത്രീയമായ അടച്ചുപൂട്ടൽ മൂലം ദുരിതത്തിലാണെന്നും ഇപ്പോഴത്തെ സ്ഥിതി നീണ്ടു നിന്നാൽ അത് കൊച്ചിയുടെ സാമ്പത്തിക അടിത്തറ തന്നെ തകർക്കുമെന്നും ഇന്ത്യൻ ചേമ്പർ ഓഫ് കോമേഴ്സ് ആൻറ് ഇൻഡസ്ത്രി പ്രസിഡന്റ് സണ്ണി എൽ.മലയിൽ ജില്ല കലക്ടർക്ക് നൽകിയ സന്ദേശത്തിൽ മുന്നറിയിപ്പ് നൽകി.

# നേര്യമംഗലം മലയിടിച്ചിൽ ഭീഷണി: പരിശോധനക്ക് വിദഗ്ധ സംഘമെത്തും

**നേര്യമംഗലം:** കാലവർഷത്തിൽ അപകടഭീഷിണിയായ നേര്യമംഗലം 40 ഏക്കർ കോളനിക്ക് മുകൾ ഭാഗത്തുള്ള മലയ്ക്ക് സ്ഥാനം ചലനം സംഭവച്ചതായി കണ്ടെത്തിയതിന്റെ പശ്ചാത്തലത്തിൽ കൂടുതൽ പരിശോധനക്കായി തിരുവനന്തപുരം ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഓഫീസിൽ നിന്നും വിദഗ്ധ സംഘം അടുത്ത ദിവസം നേര്യമംഗത്ത് എത്തി വിശദമായ പരിശോധന നടത്തും.2018 ലെ മഹാപ്രളയ സമയത്താണ് നേര്യമംഗലം- ഇടുക്കി റോഡിന്റ് മുകൾ ഭാഗത്തുള്ള ചെങ്കുത്തായ മലനിരകളിൽ വ്യാപകമായി വിള്ളൽ വീണത്. പിന്നിട് ഈ വിള്ളലുകൾ വലുതായി തുടങ്ങി.റോഡിന്റെ താഴ്ഭാഗത്ത് നിരവധി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. കഴിഞ്ഞ ആഴ്ചയിൽ ഉണ്ടായ ശക്തമായ മഴയിൽ ഇവിടെ റോഡു സൈഡിൽ വിവിധയിടങ്ങളിൽ ചെറിയ രീതിയിൽ മണ്ണിടിച്ചൽ ഉണ്ടാവുകയും റോഡിന്റെ ടാറിംങ് പൊളിഞ്ഞ് ഉയരുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് ഇവിടെത്തെ 32 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. കോതമംഗലം തഹസീൽദാർ റേച്ചൽ കെ.വർഗീസ് കളക്ടർക്ക് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിദഗ്ധ സംഘമെത്തുന്നത്. പരിശോധനയിൽ മലയിടിച്ചൽ സാധ്യത ബോധ്യപ്പെട്ടാൽ താഴ്ഭാഗത്തുള്ള ജനങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടി വരും. മഴ മാറിയ സാഹചര്യത്തിൽ ഇവിടെ ഇപ്പോൾ അപകട സാധ്യതയില്ലാത്ത അവസ്ഥയാണ്.

## ധർണ സമരം നടത്തി

**കാഞ്ഞിരമറ്റം:** സ്വർണ്ണ കള്ളക്കടത്തിൽ മുഖ്യമന്ത്രിയുടെ രാജിയും സി.ബി.ഐ.അന്വേഷണവും ആവശ്യപ്പെട്ടു കൊണ്ട് കെ.പി.സി.സി. ആഹ്വാനം ചെയ്ത മൂന്നാം ഘട്ട സമര പരിപാടികളുടെ ഭാഗമായി ആമ്പല്ലൂർ മണ്ഡലം കോൺഗ്രസ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ തൊണ്ടിലങ്ങാടി ജംഗ്ഷനിൽ ധർണ്ണാ സമരം നടത്തി.

കർഷക കോൺഗ്രസ് സംസ്ഥാന സെക്രട്ടറി കെ.ജെ.ജോസഫ് ഉദ്ഘാടനം ചെയ്തു. മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് ആർ. ഹരി അധ്യക്ഷത വഹിച്ചു.

ബ്ലോക് കോൺഗ്രസ് വൈസ് പ്രസിഡന്റ് ബിജു എം. തോമസ്, ബ്ലോക് കോൺഗ്രസ് ജനറൽ സെക്രട്ടറിമാരായ എം.എസ്. ഹമീദ് കുട്ടി, ലീല ഗോപാലൻ, മണ്ഡലം നേതാക്കളായ സാബു മലയിൽ, ഗോപി തുരുത്തിക്കാട്ടിൽ, പി.എ. മാലിക്, അനീഷ് മേപ്പാത്തിൽ, ഇഞ്ച. ദിലീപ്കുമാർ, ജീവൻ.കെ. ചെറിയാൻ, വിമൽ . കെ.ബാബു , ബാബു കിഴക്കേടത്ത് , രാഖി വിനു എന്നിവർ പങ്കെടുത്തു.



■ കോൺഗ്രസ് നേതൃത്വത്തിൽ തൊണ്ടിലങ്ങാടിയിൽ നടന്ന ധർണ്ണ കർഷക കോൺഗ്രസ് ജില്ലാ പ്രസിഡന്റ് കെ.ജെ. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

## പരിസ്ഥിതി കരട് വിജ്ഞാപനം പ്രതിഷേധാർഹം: ആർ.ജെ.ഡി

**കൊച്ചി:** പരിസ്ഥിതി കരടുവിജ്ഞാപനം പ്രതിഷേധാർഹമെന്ന് ആർ.ജെ.ഡി. സംസ്ഥാന അധ്യക്ഷ അനു ചാക്കോ. ഒന്നാം യു.പി.എ. ഗവൺമെൻറ് നയമായംഗീകരിച്ച 2006-ലെ പാരിസ്ഥിതികാഘാത അവലോകനനയം (2006) മാതൃകാപരമായിരുന്നു. അതിൽ നിന്ന് മാറിയ നയമാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച നയരേഖയിലുള്ളതെന്നും ഇത് ജനവിരുദ്ധമാണെന്നും അവർ പത്ര സമ്മേളനത്തിൽ അറിയിച്ചു. റബ്ബർ ആക്ട് നിലനിറുത്തണമെന്നും ആക്ട് പിൻവലിക്കാനുള്ള കേന്ദ്ര നീക്കം അവസാനിപ്പിക്കണമെന്നും അവർ ആവശ്യപ്പെട്ടു. പിണറായി സർക്കാരിനെ അഴിമതിയുടെയും പിടിപ്പുകേടിന്റെയും കൊറോണ ബാധിച്ചിരിക്കുന്നുവെന്നും മുഖ്യമന്ത്രി രാജിവയ്ക്കണമെന്നും ആവശ്യമുന്നയിച്ചു.

## നവകേരള പീപ്പിൾസ് പാർട്ടി രൂപവത്കരിച്ചു

**കൊച്ചി:** നവകേരള പീപ്പിൾസ് പാർട്ടി എന്ന പുതിയ രാഷ്ട്രീയ പാർട്ടി നിലവിൽ വന്നു. ജോസ് ഫ്രാൻസിസ് പ്രസിഡന്റും അജീഷ് ബേബി സെക്രട്ടറിയും റൂബിൻ സ്കറിയ ഖജാൻജിയുമായ പാർട്ടിയുടെ ജില്ലാ പ്രാദേശിക ഘടകങ്ങൾ താമസിയാതെ രൂപീകരിക്കും. പത്രസമ്മേളനത്തിൽ പാർട്ടിയുടെ പതാകയും ചിഹ്നവും പ്രകാശനം ചെയ്തു.

തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ എൻകെപിപി മത്സരരംഗത്തുണ്ടാകും. പ്രകടനപത്രികയും പുറത്തിറക്കി. എൻ.കെ.പി.പി പ്രസിഡന്റ് ജോസ് ഫ്രാൻസിസ്, സെക്രട്ടറി അജീഷ് ബേബി, ട്രഷറർ റൂബിൻ സ്കറിയ എന്നിവർ പങ്കെടുത്തു.



■ വെണ്ണല തൈക്കാട്ട് ശ്രീ മഹാദേവ ക്ഷേത്രത്തിൽ നിറപുത്തരി പനക്കാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ മുഖ്യ കാർമികത്വത്തിൽ എഴുന്നള്ളിക്കുന്നു.

# ചെല്ലാനത്തും കിഴക്കമ്പലം മോഡൽ ട്വന്റി - ട്വന്റി പ്രവർത്തനം തുടങ്ങി

**പള്ളുരുത്തി:** കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി കടൽക്ഷോഭം മൂലം ദുരിതമനുഭവിക്കുന്ന ചെല്ലാനം തീരവാസികൾ രാഷ്ട്രീയക്കാരെ ഒഴിവാക്കി ചെല്ലാനം ട്വന്റി ,ട്വന്റി രൂപീകരിച്ച് സ്വാതന്ത്രദിനത്തിൽ പ്രവർത്തനം ആരംഭിച്ചു .

കിഴക്കമ്പലത്ത് വിജയം കണ്ട ട്വന്റി ,ട്വന്റി ജനകീയ കൂട്ടായ്മയുടെ ചുവട് പിടിച്ചാണ് ചെല്ലാനത്തും കൂട്ടായ്മ രൂപീകരിച്ചത്. മാറി വരുന്ന സർക്കാരുകൾ തീരസംരക്ഷണത്തിന് കടൽഭിത്തിയും, പുലിമുട്ടും നിർമ്മിക്കുമെന്ന് തിരഞ്ഞെടുപ്പിന് മുൻപായി വാഗ്ദാനം ചെയ്യാറുണ്ടെങ്കിലും അധികാരത്തിലേറുമ്പോൾ മറക്കുകയാണെന്ന് കോഡിനേറ്റർ പവിഴം ബിജു പറഞ്ഞു .

ജീവ സുരക്ഷ ഒരുക്കാൻ പോലും തയാറാകാത്ത രാഷ്ട്രീയ നേതൃത്വത്തിനെതിരെയാണ് ചെല്ലാനം ട്വന്റി ട്വന്റി കൂട്ടായമ രൂപികൃതമായിരിക്കുന്നത്. ചെല്ലാനം പഞ്ചായത്തിലെ 21 വാർഡുകളിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

സ്വാതന്ത്രദിനത്തിൽ എല്ലാ വാർഡുകളിലും ദേശീയ പതാക ഉയർത്തി കൊണ്ടാണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. വരുന്ന തദ്ദേശ തിരഞ്ഞെടുപ്പിൽ 21 വാർഡുകളിലും സ്ഥാനാർത്ഥികൾ ഉണ്ടാകുമെന്നും ബിജു പറഞ്ഞു .

## പ്രതിഷേധം നടത്തി

**കാഞ്ഞിരമറ്റം:** കാഞ്ഞിരമറ്റം എൽ .പി .സ്കൂളിന് ബി.പി.സി.എൽ ഫണ്ട് ഉപയോഗിച്ച് നിർമ്മാണത്തിലിരിക്കുന്നതും പണി പൂർത്തിയാകാത്തതുമായ കെട്ടിടം ഉദ്ഘാടനം ചെയ്യാനുള്ള പഞ്ചായത്തിന്റെ തീരുമാനത്തിനെതിരെ പ്രതിഷേധം.കോവിഡ് വ്യാപനം നിലനിൽക്കുമ്പോളും പണി പൂർത്തിയാക്കാതെയും ഉദ്ഘാടനം ചെയ്യുന്നത് പി.ടി.എ.കമ്മറ്റിയെ പോലും ഒഴിവാക്കിയും അറിയിക്കാതെയുമാണെന്നും പറയപ്പെട്ടുന്നു.

കാലാവധി അവസാനിക്കുന്ന പഞ്ചായത്ത് സാരഥികളുടെ പേരിൽ ശിലാഫലകം സ്ഥാപിക്കുക എന്നതു മാത്രമാണ് ഉൽഘാടന ലക്ഷ്യം -ഇതിനെതിരെ വകുപ്പുമന്തി, എ ഇ.ഒ. എം.എൽ.എ. എന്നിവർക്ക് രക്ഷകർത്താക്കൾ ചേർന്ന് പരാതി നൽകിയതായും പി.ടി.എ.പ്രസിഡന്റ് ഷാഹുൽ ഹമീദ് അറിയിച്ചു.

## പോലീസ് അതിക്രമം : അനൂപ് ജേക്കബ് എം.എൽ.എ അപലപിച്ചു

**മുളന്തുരുത്തി:** മാർത്തോമൻ കത്തീഡ്രലിൽ വിശ്വാസികൾക്ക് നേരെ പോലീസ് നടത്തിയ ക്രൂരമായ അതിക്രമം അപലപനീയമെന്ന് അനൂപ് ജേക്കബ് എം.എൽ.എ. പറഞ്ഞു. സംഘർഷ സാധ്യത ഉണ്ടായിരുന്നിട്ടും കളക്ടറോ, എസ്.പി-യോ അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർ ആരും തന്നെ സ്ഥലത്തെത്തിയില്ല. സർക്കാർ പോലീസിനെ കയറൂരി വിട്ട കാഴ്ചയാണ് മുളന്തുരുത്തിയിലുണ്ടായത്. വിഷയം ചർച്ച ചെയ്യാനോ പരിഹരിക്കാനോ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും അനൂപ് ജേക്കബ് എം.എൽ.എ കുറ്റപ്പെടുത്തി.

## പ്രതിഷേധിച്ചു

**മുളന്തുരുത്തി:** മാർത്തോമൻ കത്തീഡ്രലിൽ പ്രാർത്ഥിച്ചു കൊണ്ടിരുന്ന വിശ്വാസികളെയും, ബിഷപ്പുമാരേയും വൈദീകരേയും പുലർച്ചെ എത്തി പൊലീസ് വളഞ്ഞ് തല്ലി ചതച്ച കിരാത നടപടിക്കെതിരെ സി.പി.ഐ മുളന്തുരുത്തി ലോക്കൽ കമ്മറ്റി ശക്തമായി പ്രതിഷേധിച്ചു.

## വൃദ്ധസദനങ്ങളിൽ ഇന്ന് ആന്റിജൻ ടെസ്റ്റ്

മൂവാറ്റുപുഴ: ആരോഗ്യ വകുപ്പിന്റെ നിർദേശത്തെ തുടർന്ന് മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ ആന്റിജൻ ടെസ്റ്റിന് ഇന്ന് തുടക്കമാകും. ഒന്നാം ഘട്ടത്തിൽ മഞ്ഞള്ളൂർ, ആയവന, ആരക്കുഴ പഞ്ചായത്തുകളിലെ വൃദ്ധസദനങ്ങളിലാണ് നടക്കുന്നത്. ജില്ലാ മെഡിക്കൽ സംഘത്തിന്റെ മൊബൈൽ ടെസ്റ്റിംങ് ലാബ് പരിശോധനയ്ക്ക് എത്തും. 20 ന് പൈങ്ങോട്ടൂർ പഞ്ചായത്തിലെ വൃദ്ധസദനങ്ങളിലും ടെസ്റ്റ് നടക്കും.

## വിജയികളെ ആദരിച്ചു

മൂവാറ്റുപുഴ: മാനാറി ഭാവന ലൈബ്രറി എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ ഉന്നതവിജയം നേടിയവരെ ആദരിച്ചു. ഇതോടനുബന്ധിച്ച് ബിനുറ്റി. കുന്നപ്പിള്ളി അനുസ്മരണ സമ്മേളനവും ക്യാഷ് അവാർഡ് വിതരണവും നടത്തി.

താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി സി.കെ. ഉണ്ണി ഉദ്ഘാടനം ചെയ്തു. എമിൽ കുര്യൻ എൽദോസിനെ അനുമോദിച്ചു. ലൈബ്രറി പ്രസിഡന്റ് കെ.എൻ. രാജമോഹനൻ അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ പി.എസ്. ഗോപകുമാർ, ഫാ. ഏലിയാസ് മോളേക്കുടിയിൽ, പി.എം. ഷമീർ, കെ.ബി. വിഷ്ണു എന്നിവർ സംസാരിച്ചു.

## പഠനോപകരണ വിതരണം

മൂവാറ്റുപുഴ: എൻ.ജി.ഒ. അസോസിയേഷന്റെ ഡിജിറ്റൽ പഠനോപകരണ വിതരണ പദ്ധതിയുടെ ഭാഗമായി മൂവാറ്റുപുഴ ബ്രാഞ്ച് കമ്മിറ്റി ടെലിവിഷൻ സെറ്റുകൾ വിതരണം ചെയ്തു. കെ.പി.സി.സി. വൈസ് പ്രസിഡന്റ് ജോസഫ് വാഴയ്ക്കൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി തോമസ് ഹെർബിറ്റ്, എ. മുഹമ്മദ് ബഷീർ, ആന്റണി സാലു, പി.എസ്. സലീം ഹാജി, അരുൺ കെ. നായർ, വി.ബി. അജിതൻ, ബേസിൽ വർഗീസ് തുടങ്ങിയവർ സംബന്ധിച്ചു.



■ കോതമംഗലത്ത് ബ്ലോക്ക് തലത്തിൽ ആരംഭിച്ച കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെ ഉദ്ഘാടനം ആന്റണി ജോൺ എം.എൽ.എ. നിർവഹിക്കുന്നു.

## കാർഷിക വിജ്ഞാന കേന്ദ്രം ഉദ്ഘാടനം

കോതമംഗലം: ബ്ലോക്ക് തലത്തിൽ ആരംഭിച്ച കാർഷിക വിജ്ഞാന കേന്ദ്രംആന്റണി ജോൺ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റഷീദ സലീം അധ്യക്ഷയായി. വി.പി. സിന്ധു, പ്രഫ. കെ. തങ്കമണി, എം.എൻ. രാജേന്ദ്രൻ, ജിജി ജോബ്, സീനത്ത് ബീവി എന്നിവർ പ്രസംഗിച്ചു. ബ്ലോക്ക് പരിധിയിലെ കൃഷി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഓൺലൈൻ വഴി പങ്കെടുത്തു. സുഭിക്ഷ കേരളം പദ്ധതികൾ കൂടുതൽ മികവോടെ നടപ്പിലാക്കുക, കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ സമയത്തു ലഭ്യമാക്കുക, തെരഞ്ഞെടുത്ത കൃഷിയിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കുക, നൂതന സാങ്കേതിക വിദ്യകൾ കർഷകരിലേക്കു പകരുന്ന കൃഷി പാഠശാലകൾ നടത്തുക തുടങ്ങിയവയാണ് ലക്ഷ്യം.

## കോൺഗ്രസ് സത്യാഗ്രഹ സമരം നടത്തി




■ ഇടതുപക്ഷ സർക്കാരിന്റെ ദുർഭരണത്തിനെതിരെ മണ്ഡലം കോൺഗ്രസ് കമ്മിറ്റി വാളകത്ത് സംഘടിപ്പിച്ച സത്യാഗ്രഹം ഡി.സി.സി. ജനറൽ സെക്രട്ടറി പി.പി. എൽദോസ് ഉദ്ഘാടനം ചെയ്യുന്നു.

മൂവാറ്റുപുഴ: ഇടതുപക്ഷ സർക്കാരിന്റെ ദുർഭരണത്തിനെതിരെ മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സത്യാഗ്രഹ സമരം നടത്തി. ടൗൺ മണ്ഡലം കമ്മിറ്റി നടത്തിയ സമരം കെ.പി.സി.സി. വൈസ് പ്രസിഡന്റ് ജോസഫ് വാഴയ്ക്കൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പ്രസിഡന്റ് സലിം ഹാജി അധ്യക്ഷത വഹിച്ചു. എ. മുഹമ്മദ് ബഷീർ, വർഗീസ് മാത്യു, കെ.എം. പരീത്, കെ.എം. സലിം, പി.എം. ഏലിയാസ്, കബീർ പൂക്കടശേരി, ഹിപ്സൺ എബ്രഹാം എന്നിവർ പ്രസംഗിച്ചു. വാളകത്ത് ഡി.സി.സി. ജനറൽ സെക്രട്ടറി പി.പി. എൽദോസ് ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് കെ.ഒ. ജോർജ് അധ്യക്ഷത വഹിച്ചു. കെ.എം. സലിം, എ.സി. എൽദോസ്, സാബു പി. വാഴയിൽ, തോമസ് ഡിക്രൂസ്, വി.വി. ജോസ്, ബേസിൽ പൗലോസ് തുടങ്ങിയവർ പങ്കെടുത്തു.

മാറാടിയിൽ കെ.പി.സി.സി. ജനറൽ ജനറൽ സെക്രട്ടറി ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് സാബു ജോൺ അധ്യക്ഷത വഹിച്ചു. പി.പി. എൽദോസ്, പി.പി. ജോളി, ബിജു പുളിക്കൽ, സജി ടി. ജേക്കബ്, രതീഷ് ചങ്ങാലിമറ്റം, ജിക്കു വർഗീസ് എന്നിവർ പ്രസംഗിച്ചു. ആരക്കുഴയിൽ ഡിസിസി ജനറൽ സെക്രട്ടറി പി.പി. എൽദോസ് ഉദ്ഘാടനം ചെയ്തു. പോൾ ലൂയിസ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സാബു പൊതൂർ, മാത്യു ഓരത്തിങ്കൽ, ലസിതാ മോഹൻ, അജിതുള്ളി മാലിൽ, ജോൺസണ് തെന്നാനാ എന്നിവർ പ്രസംഗിച്ചു.

പായിപ്രയിൽ ഡി.സി.സി. വൈസ് പ്രസിഡന്റ് കെ.എം. പരീത് ഉദ്ഘാടനം ചെയ്തു. കെ.കെ. ഉമ്മർ അധ്യക്ഷത വഹിച്ചു. പായിപ്ര കൃഷ്ണൻ, ആലീസ് കെ. ഏലിയാസ്, മാത്യൂസ് വർക്കി തുടങ്ങിയവർ പ്രസംഗിച്ചു.

● വാഴക്കുളം: കല്ലൂർക്കാട് നടന്ന സമരം ദളിത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് കെ.ജി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ബൈജി ആത്രശ്ശേരി, വിജയൻ മരുതൂർ, ബിജു ജോസഫ് പാലക്കോട്ടിൽ, ജിബിൻ ജെ. ജോസ്, നോബി ജോസ് തുടങ്ങിയവർ പങ്കെടുത്തു.




■ ആരക്കുഴയിൽ ആരംഭിച്ച ജനസേവന കേന്ദ്രത്തിന്റെ ഉദ്ഘാടനം സി.പി.എം. ജില്ലാ സെക്രട്ടറി സി.എൻ. മോഹനൻ നിർവഹിക്കുന്നു.

## ജനസേവന കേന്ദ്രം തുറന്നു

വാഴക്കുളം: ആരക്കുഴയിൽ ജനസേവന കേന്ദ്രം ആരംഭിച്ചു. പ്രദേശത്തെ സർക്കാർ ഓഫീസുകളിലെത്തുന്നവർക്ക് ഡി.റ്റി.പി., ഫോട്ടോസ്റ്റാറ്റ്, കളർ പ്രിന്റ് സൗകര്യങ്ങളും വിവിധ അപേക്ഷാഫോമുകളും മറ്റ് സേവനങ്ങളും സൗജന്യ നിരക്കിൽ ഇനി മുതൽ ഇവിടെ ലഭ്യമാകും.

സി.പി.എം. ആരക്കുഴ ലോക്കൽ കമ്മിറ്റിയുടെ പുതിയ ഓഫീസ് കെട്ടിടമായ എ.പി. വർക്കി സ്മാരക മന്ദിരത്തിലാണ് കേന്ദ്രം പ്രവർത്തിക്കുക. ജനസേവന കേന്ദ്രത്തിന്റെ ഉദ്ഘാടനം സി.പി.എം. ജില്ലാ സെക്രട്ടറി സി.എൻ. മോഹനൻ നിർവഹിച്ചു. പി.ആർ. മുരളീധരൻ, പി.എം. ഇസ്മായിൽ, എം.ആർ. പ്രഭാകരൻ, റ്റി.എൻ. മോഹനൻ, കെ.എൻ. ജയപ്രകാശ്, അഡ്വ. സാബു ചാലിൽ, സിബി കുര്യാക്കോ, സജിമോൻ പി.ആർ., ജസ്റ്റിൻ ജോസ്, അഖിൽ പി.എം. തുടങ്ങിയവർ പങ്കെടുത്തു.

# കാലാമ്പൂര് അടച്ചിട്ട് രണ്ടാഴ്ച; ജനങ്ങൾ ദുരിതത്തിൽ



മൂവാറ്റുപുഴ: കോവിഡ് വ്യാപനത്തെ തുടർന്ന് ആയവന പഞ്ചായത്തിലെ നാല്, അഞ്ച് വാർഡുകൾ അടച്ചിട്ട് രണ്ടാഴ്ചയോളമായി. മൂന്നാം വാർഡും ഒരാഴ്ചയിലേറെയായി അടഞ്ഞു കിടക്കുകയാണ്.

ഈ മേഖലയിലെ ജനജീവിതം ദുരിതത്തിലായിരിക്കുന്നു. കാലാമ്പൂര് ടൗണിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലാണ് 55 രോഗികളുള്ളത്.

ഈ പ്രദേത്തെ മാത്രം കണ്ടെയിൻമെന്റ് സോണിൽ ഉൾപ്പെടുത്തി മറ്റു പ്രദേശങ്ങളായ അഞ്ചൽപ്പെട്ടി, സിദ്ധൻപടി, കാവുംപടി, മൈലൂർതടം, പാറത്താഴം, പറപ്പിള്ളിക്കരതുരുത്ത് എന്നീ പ്രദേശങ്ങളെ കടുത്ത നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കണമെന്നും പ്രദേശം മൈക്രോ കണ്ടെയിൻമെന്റ് സോണാക്കണമെന്നുമാണ് ആവശ്യം ഉയരുന്നത്.

സാധാരണക്കാർ തിങ്ങിപാർക്കുന്ന പ്രദേശമാണിത്. കൂലിപ്പണക്ക് പോയി ജീവിക്കുന്നവരാണ് അധികവും. തൊഴിലില്ലാതെയും പുറത്തേക്ക് ഇറങ്ങാൻ കഴിയാതെയും ഇവർ കഷ്ടപ്പെടുകയാണ്.

ഇന്നലെ ജലവിതരണം മുടങ്ങിയതും പ്രയാസം സൃഷ്ടിച്ചു. പൊതുപ്രവർത്തകർ വെള്ളവും അവശ്യസാധനങ്ങളും എത്തിച്ച് കൊടുക്കുകയാണ് ചെയ്യുന്നത്. വിവാഹം ഉൾപ്പെടെയുള്ള ചടങ്ങുകൾ നിശ്ചയിച്ചവരും ഉണ്ട്. പഞ്ചായത്തിലെ സ്ഥിതിഗതികൾ വിലയിരുത്താൻ ഇന്നലെ ആർ.ഡി.ഒയുടെ സാന്നിധ്യത്തിൽ നിശ്ചയിച്ചിരുന്ന യോഗം മാറ്റിവയ്ക്കേണ്ടിവന്നു. കാലാമ്പൂരിന് പുറത്തുള്ള പ്രദേശങ്ങളിൽ കടുത്ത നിയന്ത്രണങ്ങൾ ഒഴിവാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുഭാഷ് കടയ്ക്കോട്ട് ആവശ്യപ്പെട്ടു.

## അടൂപ്പറമ്പ് കണ്ടെയിൻമെന്റ് സോൺ

വാഴക്കുളം: അമ്മയ്ക്കും മകൾക്കും കോവിഡ് ബാധിച്ചതിനെ തുടർന്ന് ആവോലി പഞ്ചായത്തിലെ നാലാം വാർഡിൽ പെട്ട അടൂപ്പറമ്പ് കമ്പനിപ്പടി ഭാഗം കണ്ടെയ്ൻമെന്റ് സോണായി പ്രഖ്യാപിച്ചു. മൂവാറ്റുപുഴ – തൊടുപുഴ റോഡിൽ കട്ടക്കയം കമ്പനി മുതൽ മുഹിയുദ്ദീൻ പള്ളി വരെയുള്ള സ്ഥലങ്ങളും സമീപത്തുള്ള ചില ഇടവഴികളും കണ്ടെയിൻമെന്റ് സോണിൽ ഉൾപ്പെടും. ഇവിടെ കടകൾ തുറക്കാനാവില്ല. സംസ്ഥാന പാതയിൽ ഗതാഗതത്തിന് തടസമില്ല. മൂവാറ്റുപുഴ – പെരുമ്പാവൂർ റൂട്ടിൽ പള്ളിച്ചിറങ്ങരയിലുള്ള സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരിയായ 46 കാരിക്കും 16 കാരിയായ മകൾക്കുമാണ് ഇന്നലെ കോവിഡ് സ്ഥിരീകരിച്ചത്. ഇവരെ കോലഞ്ചേരിയിലെ ഞാറ്റുംകാല ഹിൽടോപ്പിലുള്ള കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് മാറ്റി. അടൂപ്പറമ്പിൽ വാടകയ്ക്ക് താമസിക്കുകയായിരുന്നു ഇരുവരും. പള്ളിച്ചിറങ്ങരയിലെ സ്ഥാപനത്തിൽ നേരത്തെ മൂന്ന് പേർക്ക് കോവിഡ് സ്ഥിരീകരിച്ചിരുന്നു.

## വാളകത്തും കാലാമ്പൂരും പുതിയ രോഗികൾ

മൂവാറ്റുപുഴ: കോവിഡ് വ്യാപകമാകുന്ന ആയവന പഞ്ചായത്തിലെ കാലാമ്പൂര് ഇന്നലെ രണ്ടു പേർക്കു കൂടി രോഗം സ്ഥിരീകരിച്ചു.

ഇതോടെ കാലാമ്പൂര് പ്രദേശത്ത് രോഗികളുടെ എണ്ണം 55 ആയിട്ടുണ്ട്. ഇതിനിടയിൽ ഇന്നലെ വാളകം പഞ്ചായത്ത് രണ്ടാം വാർഡിൽ ഗർഭിണിയായ യുവതിക്കും കോവിഡ് സ്ഥിരീകരിച്ചു. പാലക്കാട് ഭർതൃഗൃഹത്തിൽ നിന്നും കഴിഞ്ഞ 12 നാണ് യുവതി സ്വന്തം വീടായ കരവട്ടെ വാളകത്ത് എത്തിയത്. പ്രസവത്തിനുള്ള തീയതി ആയതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ദിവസം ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. സ്വാഭാവിക നടപടിയുടെ ഭാഗമായി നടത്തിയ പരിശോധനയിലാണ് കോവിഡ് സ്ഥിരീകരിച്ചത്. കഴിഞ്ഞ ദിവസങ്ങളിൽ വാളകം പഞ്ചായത്ത് ഒന്നാം വാർഡിൽ ഒരു കുടുംബത്തിലെ അഞ്ചു പേർക്ക് രോഗം സ്ഥിരീകരിച്ചിരുന്നു.



■ പോത്താനിക്കാട് ഫാർമേഴ്സ് കോ–ഓപ്പറേറ്റീവ് ബാങ്ക് ആരംഭിച്ച അഗ്രി ഫാമിന്റെ ഉദ്ഘാടനം പ്രസിഡന്റ് ബോബൻ ജേക്കബ് നിർവഹിക്കുന്നു.

## അഗ്രി ഫാം പ്രവർത്തനം ആരംഭിച്ചു

പോത്താനിക്കാട്: പോത്താനിക്കാട് ഫാർമേഴ്സ് കോ–ഓപ്പറേറ്റീവ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ മികച്ചയിനം ഫലവൃഷത്തൈകൾ കർഷകർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനായി ആരംഭിച്ച അഗ്രി ഫാമിന്റെ പ്രവർത്തനം ആരംഭിച്ചു. ബാങ്ക് പ്രസിഡന്റ് ബോബൻ ജേക്കബ് ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശാന്തി അബ്രഹാം ആദ്യ വിൽപന നടത്തി. ഡോ. മാത്യു കുഴൽനാടൻ, ജോസ് വർഗീസ്, ജെറീഷ് തോമസ്, അനിൽ അബ്രഹാം തുടങ്ങിയവർ സംബന്ധിച്ചു. ബാങ്കിന്റെ ഹെഡ് ഓഫീസ് കോമ്പൗണ്ടിലാണ് അഗ്രി ഫാം പ്രവർത്തിക്കുന്നത്.

## വായ്ക്കര ഗവ. യു.പി സ്കൂളിന് പുതിയ അക്കാഡമിക്ക് ബ്ലോക്ക്

കുറുപ്പംപടി: വായ്ക്കര ഗവ.യു.പി സ്കൂളിന് പുതിയ അക്കാഡമിക്ക് ബ്ലോക്ക് ഒരുങ്ങുന്നു. എൽദോസ് കുന്നപ്പിള്ളി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നാണ് സ്കൂളിലെ പ്രി–പ്രൈമറി വിഭാഗത്തിനുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. എം.എൽ.എ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഇൻസ്പെയർ പെരുമ്പാവൂർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. 42.17 ലക്ഷം രൂപയാണ് ലീഡ് സ്കൂൾ ആയി ഉയർത്തിയ വായ്ക്കര ഗവ. യു.പി സ്കൂളിന് അനുവദിച്ചത്.

രണ്ട് ക്ലാസ് മുറികളും അതിനൊപ്പം രണ്ട് ശുചിമുറികളും പുതിയ കെട്ടിടത്തിൽ നിർമ്മിക്കും. പ്രി–പ്രൈമറി വിഭാഗത്തിൽ കുട്ടികൾക്കും അധ്യാപകർക്കും ആവശ്യമായ ഫർണ്ണിച്ചറുകളും ഇതോടൊപ്പം നൽകുമെന്ന് എൽദോസ് കുന്നപ്പിള്ളി എം.എൽ.എ പറഞ്ഞു. 110 വർഷങ്ങൾ പിന്നിട്ട ഈ വിദ്യാലയത്തിൽ 188 വിദ്യാർഥികളാണ് പഠിക്കുന്നത്. പ്രി–പ്രൈമറി വിഭാഗത്തിൽ മാത്രം 49 കുട്ടികൾ പഠിക്കുന്നുണ്ട്.

രായമംഗലം പഞ്ചായത്തിലെ അഞ്ചാം വർഡിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. പൊതുമേഖല സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് ലിമിറ്റഡിനാണ് നിർമ്മാണ ചുമതല.

## ചുറ്റുമതിൽ തകർന്നു വീണു



■ ട്രാവൻകൂർ റയോൺസ് കമ്പനിയുടെ ചുറ്റുമതിൽ തകർന്നു വീണ സ്ഥലം എൽദോസ് കുന്നപ്പിള്ളി എം.എൽ.എ. സന്ദർശിക്കുന്നു.

പെരുമ്പാവൂർ: ട്രാവൻകൂർ റയോൺസ് കമ്പനിയുടെ ചുറ്റുമതിൽ തകർന്നു വീണ സ്ഥലം എൽദോസ് കുന്നപ്പിള്ളി എം.എൽ.എ. സന്ദർശിച്ചു. കഴിഞ്ഞ ഒൻപതിന് ഉച്ചയ്ക്കാണ് സൗത്ത് വല്ലം വെള്ളേംവേലി വീട്ടിൽ വി.കെ. ഹംസയുടെ വീട്ടുവളപ്പിലേക് കമ്പനി മതിൽ തകർന്നു വീണത്. വൻ മരങ്ങളുടെ വേരുകൾ ഇറങ്ങിയതാണ് മതിൽ തകരാൻ കാരണം. എം.എൽ.എ. വീട് സന്ദർശിച്ചു സ്ഥിതിഗതികൾ വിലയിരുത്തി.

കൂടാതെ റയോൺസ് വളപ്പിൽ വെള്ളംക്കെട്ടു കാരണം സമീപത്തെ വീടുകൾക്കടിയിലൂടെ വെള്ളം ഒഴുകി റോഡിൽ എത്തുന്ന അവസ്ഥയാണ്. വന്മരങ്ങൾ പടർന്നു പന്തലിച്ചു വീടുകൾക്കും വൈദ്യുതി തൂണുകൾക്കും ഭീക്ഷണി സൃഷ്ടിക്കുകയാണ്. പ്രദേശവാസികളുടെ പരാതികൾ കേട്ട എം.എൽ.എ. ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് ഉറപ്പ് നൽകി. പ്രദേശവാസികളായ എസ്.എ. മുഹമ്മദ്, എം.ഇ. അലിയാർ, എം.ഇ നജീബ്, എം.ബി ഹംസ, എം.എസ് പൂക്കുഞ്ഞികോയ എന്നിവരും എം.എൽ.എ.ക്കൊപ്പം ഉണ്ടായിരുന്നു. സംഭവവുമായി ബന്ധപ്പെട്ടു പ്രദേശവാശിയും പൊതുപ്രവർത്തകനുമായ എം.ബി. ഹംസ മുഖ്യമന്ത്രി ഉൾപ്പെടയുള്ള ബന്ധപ്പെട്ട അധികാരികൾക്ക് പരാതി നൽകിയിരുന്നു.

## ഐരാപുരത്ത് കോൺഗ്രസ് ഉപവാസ സമരം നടത്തി

കോലഞ്ചേരി: അഴിമതി ഭരണം അവസാനിപ്പിക്കുക കേരള മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെക്കുക സ്പീക്ക് അപ് കേരള ഐരാപുരം മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഉപവാസ സമരം കെ.പിസി.സി എക്സിക്യൂട്ടീവ് അംഗം എൻ.പി. വർഗീസ് ഉദ്ഘാടനം ചെയ്തു.

മണ്ഡലം പ്രസിഡന്റ് കെ.വി. എൽദോ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് അമ്മുക്കുട്ടി സുദർശൻ, എ.വി. ജോയി, കെ. ത്യാഗരാജൻ, സി.ആർ. വിജയൻ നായർ, ശശിന്ദ്രൻ നായർ, വി.എൻ. തോമസ്, കെ.സി. വർഗിസ്, ടി.യു. കുര്യാക്കോസ്, എ.കെ. പൗലോസ്, ബേസിൽ കെ. ജോർജ്, എ.വി. ഏലിയാസ് എന്നിവർ പങ്കെടുത്തു.

തിരുവാണിയൂർ മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് വിജു പാലാൽ നേതൃത്വത്തിൽ പഴുക്കാമറ്റം കോൺഗ്രസ്സ് ഭവനിൽ ഉപവാസ സമരം നടത്തി. കെ.പി.സി.സി സെക്രട്ടറി ഐ.കെ. രാജു ഉദ്ഘാടനം ചെയ്തു. കോൺഗ്രസ്സ് ബ്ലോക്ക് പ്രസിഡന്റ് നിബു കെ. കുരിയാക്കോസ്, വൈസ് പ്രസിഡന്റുമാരായ അനി ബെൻകുന്നത്ത്, മർക്കോസ്. പി. ചാക്കോ, ലിസ്സി അലക്സ് എന്നിവർ പ്രസംഗിച്ചു. ഐക്കരനാട് മണ്ഡലം കോൺഗ്രസ് കമ്മിറ്റി നടത്തിയ സത്യഗ്രഹസമരം കെ.പി.സി.സി നിർവാഹക സമിതി അംഗം എൻ.പി. വർഗീസ് ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് കെ.പി. സ്കറിയ അധ്യക്ഷത വഹിച്ചു. സി.ജെ. ജേക്കബ്, സി.പി. ജോയ്, എം.ടി. ജോയ്, ബിനീഷ് പുല്യാട്ടേൽ, വൈസ് പ്രസിഡന്റ് എം.എ. പൗലോസ് എന്നിവർ പങ്കെടുത്തു.



■ കല്ലൂർക്കാട് നടന്ന മൂവാറ്റുപുഴ ബ്ലോക്കുതല കർഷക ദിനാചരണം എൽദോ എബ്രഹാം എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.

## കർഷക ദിനാചരണം

മൂവാറ്റുപുഴ: കാർഷിക സമൃദ്ധിയുടെ ഓർമകളുണർത്തി നാടെങ്ങും കർഷക ദിനാചരണം സംഘടിപ്പിച്ചു. ബ്ലോക്ക്തല ഉദ്ഘാടനം കല്ലൂർക്കാട് കൃഷിഭവനിൽ എൽദോ എബ്രഹാം എം.എൽ.എ. നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീന സണ്ണി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോളി കുര്യാക്കോസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലിസി ജോളി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ടാനി തോമസ്, ബിജി ജെന്റിൽ, ജാൻസി ജോർജ്, റെജി വിൻസന്റ്, ഷൈനി സണ്ണി, അനീസ് ക്ലീറ്റസ്, ജോളി ജോർജ് തുടങ്ങിയവർ സംസാരിച്ചു. വാഴക്കുളം പൈനാപ്പിൾ റിസേർച്ച് സ്റ്റേഷനിലെ അസിസ്റ്റന്റ് പ്രൊഫസർ മായാ റ്റി. സെമിനാർ നയിച്ചു. കൃഷി ഓഫീസർ സജി കെ.എ. സ്വാഗതവും കൃഷി അസിസ്റ്റന്റ് ജീവ എസ്. പിള്ള നന്ദിയും പറഞ്ഞു.

● നേര്യമംഗലം: കവളങ്ങാട് കൃഷിഭവന്റെ നേതൃത്വത്തിൽ നടന്ന കർഷകദിനാചരണം പഞ്ചായത്ത് പ്രസിഡന്റ് ബീന ബെന്നി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ജോബി ജോർജ് അധ്യക്ഷനായി. മെമ്പർമാരായ വർഗീസ് എബ്രഹാം, സൗമ്യ സനൽകുമാർ, കുര്യൻ കുര്യൻ, എം.പി. ബേബി, വി.കെ. ജിൻസ്, വി.കെ. ദീപ എന്നിവർ പ്രസംഗിച്ചു. കൃഷി ഓഫീസർ ഉമാ മഹേശ്വരി എം.ഡി. സ്വാഗതവും അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഓഫീസർ റ്റി.യു. പ്രസാദ് നന്ദിയും പറഞ്ഞു.

● കോലഞ്ചേരി: ഐക്കരനാട് ഗ്രാമ പഞ്ചായത്തിൽ സിന്തൈറ്റ് ഇൻഡസ്ട്രീസ് സി.എസ്.ആർ വിഭാഗമായ സി.വി.ജെ ഫൗണ്ടേഷൻ ക്രിസ് സന്നദ്ധ സംഘടനയുമായി ചേർന്നു നടപ്പിലാക്കി വരുന്ന ഗ്രാമോദയ പദ്ധതി, വൃക്ഷത്തൈ വിതരണം, കർഷകരെ ആദരിക്കൽ എന്നീ പരിപാടികളോടെ കർഷക ദിനം ആചരിച്ചു.

കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചു നടത്തിയ ചടങ്ങിൽ ദിനാചരണത്തിന്റെ ഉദ്ഘാടനം മികച്ച കർഷകരെ ആദരിച്ചുകൊണ്ട് സിന്തൈറ്റ് ഇന്റസ്ട്രീസ് എം.ഡി. ഡോ. വിജു ജേക്കബ് നിർവ്വഹിച്ചു. കടയിരുപ്പിലെ ഓട്ടോ സ്റ്റാൻഡ് പരിസരം ശുചിയാക്കി വൃക്ഷതൈകൾ നടുന്നതിന്റെ തുടക്കവും സിന്തൈറ്റ് എം.ഡി. നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. രാജു അധ്യക്ഷത വഹിച്ചു. ക്റിസ് ഡയറക്ടർ എബ്രാഹം മാത്യു, ഗ്രാമോദയ പ്രൊജക്റ്റ് മാനേജർ ലിസി ജേക്കബ്, ഓട്ടോ ഡ്രൈവേഴ്സ് യൂണിയൻ പ്രസിഡന്റ്എം.കെ. മനോജ്, റെസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് എം.സി. പൗലോസ് എന്നിവർ പ്രസംഗിച്ചു.

● കുറുപ്പംപടി: കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പെരുമ്പാവൂർ നിയോജക മണ്ഡലം കർഷക ദിനം ആചരിച്ചു കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ദിനാചരണം എൽദോസ് കുന്നപ്പിള്ളി എം.എൽ.എ ഉദ്ഘാടനം ചെയ്തു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു.

ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് മനോജ് മൂത്തേടൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സിസിലി ഇയോബ്, എം.പി പ്രകാശ്, ഗായത്രി വിനോദ്, അസിസ്റ്റന്റ് കൃഷി ഡയറക്ടർ പി.എൻ മോളി, നോഡൽ ഓഫീസർ ഡോ: പാർവതി, കൃഷി ഓഫീസർമാർ എന്നിവർ പ്രസംഗിച്ചു. കോവിഡ് മാനദണ്ഡങ്ങളുടെ ഭാഗമായി പഞ്ചായത്ത് തലങ്ങളിൽ ഫേസ് ബുക്കിലൂടെ എം.എൽ.എ ഉദ്ഘാടനം നിർവഹിച്ചു.



■ കവളങ്ങാട് കൃഷിഭവന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കർഷക ദിനാചരണത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ബീന ബെന്നി നിർവഹിക്കുന്നു.




■ സിന്തൈറ്റ് ഇൻഡസ്ട്രീസിന്റെ സി.വി.ജെ. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ കർഷക ദിനാചരണത്തോടനുബന്ധിച്ച് സിന്തൈറ്റ് മാനേജിംഗ് ഡയറക്ടർ ഡോ. വിജു ജേക്കബ് മികച്ച കർഷകരെ ആദരിക്കുന്നു.




■ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ കർഷക ദിനാചരണത്തിന്റെ നിയോജക മണ്ഡലതല ഉദ്ഘാടനം എൽദോസ് കുന്നപ്പിളളി എം.എൽ.എ നിർവഹിക്കുന്നു.



■ കോതമംഗലം മാർ തോമ ചെറിയ പള്ളി കമ്യൂണിറ്റ് സെന്ററിൽ ഇന്ന് പ്രവർത്തനം ആരംഭിക്കുന്ന കോതമംഗലം മുനിസിപ്പാലിറ്റിയുടെ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ. 100 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇവിടെയുണ്ട്.

## സ്വാതന്ത്ര്യ ദിനാഘോഷം

കുട്ടമ്പുഴ: സ്വാതന്ത്ര്യദിനത്തിൽ കുട്ടമ്പുഴ പഞ്ചായത്ത് ഓഫീസിൽ വൈസ് പ്രസിഡന്റ് കെ.ജെ. ജോസ് പതാക ഉയർത്തി. കുറ്റിയാംയാൽചാൽ ഗവ. എൽ.പി. സ്കൂളിൽ സ്വാതന്ത്ര്യദിനത്തിൽ പഞ്ചായത്തംഗം സി.പി. അബ്ദുൾ കരീം പതാക ഉയർത്തി. ശിവൻ ആലുങ്കൽ, പി.ബി. ബിനു, കെ.എ. സിബി, സവിത .എസ്. നായർ, ടി.എം. ആഷ എന്നിവർ പങ്കെടുത്തു.യുവ ക്ലബിൽ പ്രസിഡന്റ് കെ.എ. സിബി പതാക ഉയർത്തി. പഞ്ചായത്ത് മെമ്പർ പി.കെ. തങ്കമ്മ, എ.കെ. ശിവൻ, ജോബി തോമസ്, എം.എം.എൽദോസ്, പി.ബി. ബിനു എന്നിവർ പങ്കെടുത്തു. ഉരുളൻ തണ്ണി ഫ്രണ്ട്സ് ക്ലബിൽ പ്രസിഡന്റ് ജോഷി പൊട്ടയ്ക്കൽ പതാക ഉയർത്തി. പഞ്ചായത്തംഗം നിബി എബി സന്ദേശം നൽകി. പൂയംകുട്ടി അംഗൻവാടിയിൽ പഞ്ചായത്ത് മെമ്പർ ഫ്രാൻസിസ് ആന്റണി പതാക ഉയർത്തി. ഡോ. അഗസ്റ്റ്യൻ ഇമ്മാനുവേൽ, ഷീല ടി. ഏലിയാസ് എന്നിവർ പങ്കെടുത്തു.

മാർത്തോമ്മാ സഭ കോട്ടയം – കൊച്ചി ഭദ്രാസനത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായ ലൈറ്റ് റ്റു ലൈഫ് പ്രോജക്ട് മാമലക്കണ്ടം യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിനാഘോഷം ഓൺലൈൻ നടത്തി. റവ. റോണി നൈനാൻ ഫിലിപ്പ്, എൽ. സജികുമാർ, കെ.ബി. മഹേഷ് കുമാർ, സുരമ്യ അരുൺ, നീതു ജോബി, ദിവ്യ പ്രദീപ് തുടങ്ങിയവർ പ്രസംഗിച്ചു.

മൂവാറ്റുപുഴ: പണ്ടപ്പിള്ളി നാഷണൽ ലൈബ്രറിയിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാബു പൊതൂർ ഉദ്ഘാടനം ചെയ്തു. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടിയ ഐശ്വര്യ എസ്., മിഥുല സതീശൻ എന്നിവർക്ക് വാർഡ് മെമ്പർ സി.എച്ച്. ജോർജ് കാഷ് അവാർഡ് നൽകി ആദരിച്ചു. ലൈബ്രറി സെക്രട്ടറി എം.എം. പ്രഭാകരൻ നന്ദി പറഞ്ഞു.

## കാലിത്തീറ്റ വിതരണം

മൂവാറ്റുപുഴ: കോവിഡ് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന കാലിത്തീറ്റ വിതരണ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം കായനാട് ക്ഷീരോൽപാദക സഹകരണ സംഘത്തിൽ എൽദോ എബ്രഹാം എം.എൽ.എ. നിർവഹിച്ചു. ജില്ലയിൽ 11500 കർഷകർക്ക് ഇതുപ്രകാരം കാലിത്തീറ്റ വിതരണം ചെയ്യും. ചാക്കൊന്നിന് നാനൂറ് രൂപ ധനസഹായമാണ് കർഷകർക്ക് നൽകുക. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോളി കുര്യാക്കോസ് അധ്യക്ഷത വഹിച്ചു. ഡപ്യൂട്ടി ഡയറക്ടർ പി.പി. ബിജു മോൻ, മാറാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലതാ ശിവൻ, ജോൺ തെരുവത്ത്, ഒ.സി. ഏലിയാസ്, ഡോ. വീണ, ഡോ. ഷമീർ, എൻ. ജയചന്ദ്രൻ, മെറീന പോൾ എന്നിവർ പ്രസംഗിച്ചു.

## കർഷക ജ്വാല സംഗമം

കിഴക്കമ്പലം: കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കർഷക ദ്രോഹനയങ്ങളിൽ പ്രതിഷേധിച്ച് കിസാൻ കോൺഗ്രസ് സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനപ്രകാരം കർഷക ദിനത്തിൽ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിക്കുന്ന സമര പരിപാടിയുടെ ഭാഗമായി കിഴക്കമ്പലം കിസാൻ കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കർഷക ജ്വാല സംഗമം നടത്തി. മണ്ഡലം പ്രസിഡന്റ് ചാക്കോ പി.മാണി ഉദ്ഘാടനം ചെയ്തു. ഏലിയാസ് ഉറുമത്ത് അധ്യക്ഷത വഹിച്ചു. സിപി തോമസ്, എൻ.എ പൗലോസ്, എം.ഡി എൽദോ, ടി.ഒ ഏലിയാസ്, ബിനു കരുതെടത്ത് എന്നിവർ പ്രസംഗിച്ചു.

## തൊഴിൽ രഹിത വേതനം

കോലഞ്ചേരി: വടവുകോട്–പുത്തൻകുരിശ് ഗ്രാമ പഞ്ചായത്തിൽ തൊഴിൽ രഹിത വേതനം 20–ന് രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ വേരിഫിക്കേഷൻ നടത്തും. എസ്.എസ്.എൽ.സി ബുക്ക്, ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക്, വിടുതൽ സർട്ടിഫിക്കറ്റ് എന്നിവയുടെ കോപ്പിയും എംപ്ലോയ്മെന്റ് കാർഡും ഹാജരാക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

## ഹോട്ടലുകളിൽ പാഴ്സൽ മാത്രം

കോതമംഗലം: കോവിഡ് വ്യാപിക്കുന്നതിനാൽ നഗരസഭാ പരിധിക്കുള്ളിൽ ഹോട്ടലുകളിൽ നിന്നും ഇന്നു മുതൽ പാഴ്സൽ മാത്രം. ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷനുമായി നഗരസഭാധി കൃ തർ നടത്തിയ ചർച്ചയെ തുടർന്നാണ് തീരുമാനം. ബേക്കറികളിലും ഇത് നടപ്പാക്കുമെന്നും അധികൃതർ അറിയിച്ചു.